# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04** **മാർച്ച്–2012** **ലക്കം 3**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# മാനന്തവാടി രൂപതയുടെ
# പ്രാർത്ഥനാമംഗളങ്ങൾ



**കർദ്ദിനാൾ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട**

**സീറോമലബാർ മേജർ ആർച്ച് ബിഷപ്പ്**

## അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്

**പ്രാർത്ഥനാശംസകൾ**

# ഉള്ളടക്കം


ഇടയലേഖനം ............................................ 03
നോമ്പുകാലസന്ദേശം (പരി.പിതാവിന്റെ) .................. 09
രൂപതാകച്ചേരി വാർത്തകൾ ............................. 16
വൈദീകസമ്മേളനം-റിപ്പോർട്ട് ............................ 25
വിശ്വാസമേഖലയിലെ വ്യതിചലനങ്ങൾ ................... 28
പ്രേഷിതവർഷം ........................................ 42
ദൈവവിളി ക്യാമ്പുകൾ ................................. 47
മതബോധനരംഗം ...................................... 49
ബൈബിൾ അപ്പോസ്തലേറ്റ് ............................. 55
ചെറുപുഷ്പമിഷൻലീഗ് ................................. 59
കെ. സി. വൈ. എം. ..................................... 65
കുടുംബപ്രേഷിതത്വം .................................. 74
സിയോൻ വാർത്തകൾ ................................... 78
ജീസസ് യൂത്ത്, ക്രിസ്റ്റീൻ .............................. 81
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 82
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ...................... 84
സാമൂഹ്യ സേവനരംഗം (WSSS).......................... 86
കേരള ലേബർ മൂവ്മെന്റ് ............................... 87
Mary Matha arts & science college ..................... 90
റേഡിയോ മാറ്റൊലി ..................................... 92
അറിയിപ്പുകൾ ......................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................ 94
ബിഷപ്പ്സ് പ്രോഗ്രാം .................................... 95



# ഇടയലേഖനം



***Pastoral Letter No. 01/2012***
***Prot. No. 11870/2012***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ കരി പൂശിക്കൊണ്ടാണ് നാം നോമ്പാരംഭിച്ചത്. പശ്ചാത്താപത്തിന്റെ അടയാളമായി ചാക്കുടുത്ത് ചാരം പൂശുന്ന പഴയ നിയമ പശ്ചാത്തലമാണ് ഇതിനുള്ളത്. നോമ്പിന്റെ അവസരത്തിൽ ആഡംഭരങ്ങളും അവയുടെ ഭാഗമായ സദ്യകളും ഉപേക്ഷിക്കുന്നതിന്റെ പ്രതീകമായി നോമ്പാരംഭത്തിന്റെ തലേ ദിവസം പേത്തൂർത്തായും നമ്മൾ ആചരിച്ചു. *(തീർക്കുക, അവസാനിപ്പിക്കുക, തിരികെപ്പോകുക, കടന്നുപോകുക തുടങ്ങിയ അർത്ഥം വരുന്ന ഫത്തൂർ എന്ന സുറിയാനി വാക്കിൽനിന്നാണ് പേത്തൂർത്താ ഈ പ്രയോഗം ഉത്ഭവിച്ചതെന്ന് പറയപ്പെടുന്നു)* പാശ്ചാത്യരാജ്യങ്ങളിലും അവയുടെ സ്വാധീനമുള്ള സ്ഥലങ്ങളിലും ഇതേ സ്ഥാനത്ത് കാർണിവൽ ആചരിയ്ക്കുന്നു. വീട്ടിൽ മിച്ചമുള്ള മത്സ്യമാംസാഹാരങ്ങൾ ഭക്ഷിച്ച് തീർത്ത് അവയോട് വിടചൊല്ലുക എന്ന അർത്ഥത്തിലാണ് കാർണിവൽ എന്ന് പറയുന്നത്. നിർഭാഗ്യവശാൽ അർത്ഥം മനസ്സിലാക്കാതെ ഇന്നതിനെ കച്ചവടസാദ്ധ്യതയുള്ള വലിയൊരു ആഘോഷമാക്കി പല സ്ഥലത്തും മാറ്റിയിട്ടുണ്ട്. ആദ്ധ്യാത്മിക രംഗം നാമറിയാതെ ഭൗതികവത്ക്കരിക്കപ്പെടുന്നതിന്റെ ഉദാഹരണം കൂടിയാണത്.

ഭക്ഷണത്തിൽ നിയന്ത്രണം പാലിക്കുന്നതും ഏറെപ്പേർക്കും

പ്രിയപ്പെട്ട മത്സ്യവും മാംസവും ഉപേക്ഷിക്കുന്നതും പരിഹാരം ചെയ്യുന്നതോടൊപ്പം മനസ്സിനേയും ശരീരത്തേയും മെരുക്കിയെടുക്കാൻ കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. നമുക്കിഷ്ടപ്പെട്ട പലതും വേണ്ടെന്ന് വയ്ക്കുന്നതോടൊപ്പം ദൈവത്തോട് കൂടുതൽ അടുക്കുന്നതിന്റെ സൂചകമായി പ്രാർത്ഥനയിലും പരിഹാരപ്രവർത്തികളിലും നാം നോമ്പുകാലത്ത് കൂടുതൽ സമയം ചെലവഴിക്കുകയും ചെയ്യുന്നു. തീർത്ഥാടനങ്ങളും ദാനധർമ്മങ്ങളും എല്ലാം ഇപ്രകാരം ദൈവത്തോട് അടുക്കാനുള്ള ഉപാധികൾ തന്നെ. കുറച്ച് കാലത്തേയ്ക്ക് ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിക്കുക എന്നത് മാത്രമല്ല ഉപവാസത്തിന്റേയും മാംസവർജ്ജനത്തിന്റേയും ഉദ്ദേശ്യം. മറ്റുള്ളവരുമായി നമ്മുക്കുള്ളത് പങ്കുവയ്ക്കാൻ നമുക്ക് കഴിയുമെന്നും അങ്ങനെ കഴിയണമെങ്കിൽ നാം കുറച്ചെങ്കിലും സഹിക്കണം എന്നും കൂടി ഈ പ്രവൃത്തികൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. എത്ര പണവും സമ്പത്തും കിട്ടിയാലും മറ്റുള്ളവരുമായി പങ്കു വയ്ക്കുവാൻ തികഞ്ഞെന്ന് വരില്ല. എന്നാൽ നമ്മൾ അല്പമൊന്ന് സഹിക്കാൻ തയ്യാറായാൽ അതിന് യാതൊരു വിഷമവും ഉണ്ടാവുകയില്ലതാനും. ശരീരത്തിന് ആവശ്യമില്ലാത്തത് എന്ന് മാത്രമല്ല ഹാനികരവും കൂടിയായ മദ്യം വേണ്ട എന്ന് വച്ചാൽ എത്രയോ പേരെ സഹായിക്കാൻ പലർക്കും കഴിയും. അതിന് വേണ്ടത് ഈശോയുടേതുപോലെയുള്ള ഒരു മനസ്സാണ്. ആ മനസ്സ് സ്വായത്തമാക്കുമ്പോഴാണ് നമ്മൾ അവിടുത്തെ പീഢാനുഭവത്തിൽ പങ്കു ചേർന്നു എന്ന് പറയാൻ കഴിയുക. അതിനുള്ള ഒരു ശ്രമമാണ് കുരിശിന്റെ വഴി. ഏറെ ദൂരം നടന്നും വലിയ മരക്കുരിശ് ചുമന്നും തീർത്ഥാടനങ്ങൾക്ക് പോകാൻ നമുക്ക് അത്ര വിഷമം ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ആ നടപ്പിനേയും കുരിശിനേയും നമ്മുടെ അനുദിനജീവിതത്തിലെ പ്രതിസന്ധികളും പരസ്പരബന്ധങ്ങളിലുള്ള വിള്ളലുകളും മറ്റും ആയി കാണുമ്പോൾ നമ്മൾ വീണുപോകുന്ന കാഴ്ചയാണ് കാണുന്നത്.

നമ്മുടെ ആരാധനാക്രമവർഷം തിരിച്ചിരിക്കുന്നത് കർത്താവിന്റെ ജീവിതത്തിലെ വിവിധഘട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് എന്ന് നിങ്ങൾക്കറിയാമല്ലോ. മംഗളവാർത്താകാലത്ത് ആരംഭിച്ച് പള്ളിക്കൂദാശാകാലത്താണ് അത് അവസാനിക്കുന്നത്. കർത്താവിനോടൊപ്പം അവിടുത്തെ ജീവിതത്തിലൂടെ കടന്ന് അവസാനം രണ്ടാമത്തെ വരവിൽ അവിടുത്തോടൊത്ത് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സന്തോഷത്തോടെ നാം എത്തിച്ചേരുന്നതിന്റെ ഓർമ്മയാണ് ആരാധനാക്രമവർഷത്തിലൂടെ നാം ആചരിക്കുന്നത്. അവിടെ എത്തിച്ചേരണമെങ്കിൽ നാം അവിടുത്തോടൊത്ത് അവിടുത്തെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളി

ലൂടെ കടന്നു പോകുക തന്നെ വേണം. എങ്കിലേ നമുക്ക് ഉയിർപ്പിൽ അഥവാ നിത്യജീവനിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. അതാണ് ക്രൈസ്തവ ജീവിതം. എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യാത്തവന് നിത്യജീവനില്ല (യോഹ. 6:53) എന്ന് ഈശോ പറഞ്ഞപ്പോൾ ഈ വചനം കഠിനമാണ് (യോഹ. 6:60) എന്ന് പറഞ്ഞ് കുറേ ശിഷ്യന്മാർ ഈശോയെ വിട്ടു പോയതിന്റെ കാരണം മറ്റൊന്നല്ല. ഈശോയുടെ ശരീരവും രക്തവും ഉൾക്കൊള്ളുന്നവർ ഈശോയേപ്പോലെ ആയിത്തീരാതെ പറ്റില്ല. തന്നെ പ്രഹരിച്ചവരോടും കുരിശിൽ തറച്ചവരോടും തന്നെ അവഹേളിച്ചവരോടും എല്ലാം ഉപാധി കളില്ലാതെ ക്ഷമിച്ച ഈശോയുടെ മനസ്സ് ഉൾക്കൊള്ളാൻ അത്ര എളു പ്പമല്ലല്ലോ. പക്ഷേ ജീവിതത്തിൽ സന്തോഷവും സമാധാനവും കണ്ടെ ത്താൻ നാം കൊടുക്കേണ്ട വിലയാണ് ഇത്. നശ്വരങ്ങളായ ഭൗതിക വസ്തുക്കൾ കുറേ കാലത്തേയ്ക്ക് നമുക്ക് സന്തോഷവും സമാധാനവും തന്നെന്ന് വരും. എന്നാൽ അത് ശാശ്വതമായിരിക്കുകയില്ല.

കർത്താവിന്റെ ജീവിതഘട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് അവിടുത്തെ പീഢാനുഭവവും കുരിശുമരണവും ഉത്ഥാനവും. ഇവ യെല്ലാം കൂടിച്ചേർന്ന് കർത്താവിന്റെ പെസഹാരഹസ്യങ്ങൾ എന്നറിയ പ്പെടുന്നു. ഈ പെസഹാരഹസ്യങ്ങളുടെ ഓർമ്മയാചരണമാണ് നോമ്പു കാലത്തും അതിന്റെ അവസാനം വരുന്ന വലിയ ആഴ്ചയിലും നമ്മൾ നടത്തുന്നത്. മനുഷ്യജീവിതം ഈ ലോകം കൊണ്ട് അവസാനിക്കു ന്നില്ല എന്നും അതിനപ്പുറം മറ്റൊരു ജീവിതമുണ്ട് എന്നും ഈ സംഭവ ങ്ങൾ നമുക്ക് ഉറപ്പ് തരുന്നു. അതുപോലെ തന്നെ കഷ്ടതകളും മരണവും ഒന്നും ജീവിതത്തിന്റെ അന്ത്യമല്ല എന്നും മഹത്വപൂർണ്ണമായ ഒരു ജീവിതം നമ്മെ കാത്തിരിപ്പുണ്ട് എന്നും ഈ ആചരണങ്ങൾ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. ആ പ്രത്യാശയാണ് ഏതു പ്രതിസന്ധി കൾക്ക് നടുവിലൂടെയും സമചിത്തരായി നടന്നുപോകാൻ നമുക്ക് ശക്തി നൽകുന്നത്. ഈ പ്രത്യാശയാണ് നോമ്പിന്റേയും ഉയിർപ്പിന്റേയും സന്ദേശം. അതിൽ നിന്നുളവാകുന്ന സന്തോഷവും സമാധാനവുമാണ് ഉയിർപ്പിന്റെ സന്തോഷവും സമാധാനവും. അത് സ്വന്തമാക്കാൻ ഒരു ങ്ങുന്ന കാലഘട്ടമാണ് നോമ്പുകാലം.

ശരീരത്തിന്റെ ഉയിർപ്പ് മരണശേഷം മാത്രമാണെങ്കിലും ഉയിർപ്പിന്റെ ജീവിതത്തിൽ ലഭ്യമാകുന്ന ദൈവത്തോടൊത്തുള്ള ജീവി തത്തിലെ സന്തോഷവും സംതൃപ്തിയും സുരക്ഷിതത്വവും എല്ലാം നമുക്ക് ഈ ലോകത്തിൽ തന്നെ അനുഭവിക്കാൻ കഴിയും. അതിന് നാം കർത്താവിനേപ്പോലെ കഷ്ടപ്പാടിലൂടെയും കുരിശുമരണത്തിലൂ

ടെയും കടന്നുപോകണം. മറ്റ് വാക്കുകളിൽ ഈ ലോകത്തിലെ കഷ്ട പ്പാടുകൾ സന്തോഷം അനുഭവിക്കാൻ നമുക്ക് വിലങ്ങു തടികൾ അല്ല. അങ്ങനെ ആകുകയും അരുത്. ശാരീരികമായി മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന എത്രയോ പേർ വളരെ സന്തോഷത്തോടെ ജീവിക്കുന്നു! അതിനവരെ പ്രേരിപ്പിക്കുന്നത് ഉത്ഥാനത്തിലുള്ള പ്രത്യാശയാണ്.

നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കഷ്ടപ്പാടുകൾ ഉണ്ടായിക്കൊ ണ്ടേയിരിക്കും. അവയ്ക്കെതിരേ പിറുപിറുത്തതുകൊണ്ടോ അവയ്ക്ക് കാരണമാകുന്നവരെ ശപിച്ചതുകൊണ്ടോ ഒന്നും പ്രയോജനമില്ല. അവയെ എല്ലാം രക്ഷാകരമായി മാറ്റിയെടുക്കുക എന്നതാണ് പ്രധാനം. ഇവയോടുള്ള നമ്മുടെ മനോഭാവമാണ് അവയെ അപ്രകാരമാക്കുന്നത്. നമ്മെ ഉപദ്രവിക്കുന്ന വ്യക്തികളോടും നമുക്ക് അനിഷ്ടം ഉണ്ടാക്കുന്ന കാര്യങ്ങളോടും എപ്രകാരം പ്രതികരിക്കണം എന്ന് തീരുമാനിക്കുന്നത് നമ്മൾ ഓരോരുത്തരുമാണ്. ആ തീരുമാനങ്ങളാണ് അവയെ പ്രയാസ മുള്ളവയോ എളുപ്പമുള്ളവയോ ആക്കുന്നത്. അതുകൊണ്ടാണല്ലോ ഒരേ കാര്യം തന്നെ പലർക്കും പലതരത്തിൽ അനുഭവപ്പെടുന്നത്. ഒരാൾക്ക് വിഷമമുണ്ടാക്കിയ ഒരു പ്രസ്താവന മറ്റൊരാൾക്ക് അങ്ങനെ ആകണ മെന്നില്ല. തനിയ്ക്ക് വിഷമമുണ്ടാകേണ്ട കാര്യമില്ല എന്ന് അയാൾ തന്നെ തീരുമാനിക്കുന്നു.

ഇത്തരുണത്തിൽ ഇന്ത്യയുടെ മുൻ ചീഫ് ഇലക്ഷൻ കമ്മീഷ ണർ ശ്രീ. നവീൻ ചൗളയോട് വാഴ്ത്തപ്പെട്ട മദർ തെരേസാ പറഞ്ഞ ഒരു കാര്യം നമുക്ക് പ്രചോദനം നൽകുന്നതാണ്. കഴിഞ്ഞ ഫെബ്രുവരി ആദ്യവാരം ബാംഗ്ലൂരിൽ വച്ച് നടന്ന അഖിലേന്ത്യാ കത്തോലിക്കാമെ ത്രാൻ സമിതിയുടെ സമ്മേളനത്തിൽ അദ്ദേഹം തന്നെ പറഞ്ഞതാണ് ഇക്കാര്യം. മദറിനെ ഏറെ അടുത്ത് അറിയുകയും അവരുടെ പ്രവർത്ത നങ്ങളിൽ സജീവമായി പങ്കെടുക്കുകയും മദറിന്റെ ജീവചരിത്രം എഴു തുകയും മറ്റും ചെയ്ത മാന്യവ്യക്തിയാണ് അക്രൈസ്തവനായ ശ്രീ. ചൗള. മദർ ചെയ്യുന്ന സേവനങ്ങൾ തനിക്ക് ചെയ്യാൻ കഴിയില്ല എന്ന് പറഞ്ഞ അദ്ദേഹത്തോട് മദർ പ്രത്യുത്തരിച്ചത് ഇപ്രകാരമാണ്. Stop being afraid of getting humiliated and you will be able to understand why I am able to do the services that I am doing. (അവഹേളിക്കപ്പെടും അഥവാ ചെറുതാക്കപ്പെടും എന്ന ഭയത്തെ ഇല്ലായ്മ ചെയ്യുക. അപ്പോൾ ഞാൻ ചെയ്യുന്ന കാര്യങ്ങൾ ചെയ്യാൻ എനിയ്ക്കെങ്ങനെ കഴിയുന്നു എന്ന് താങ്കൾക്ക് മനസ്സിലാകും). അദ്ദേഹം മദറിന്റെ ഉപദേശം സ്വീകരിച്ചു എന്നതിന് അപ്പോൾ തന്നെ അദ്ദേഹം തെളിവ് തരുകയും ചെയ്തു. അത്രയും ഉയർന്ന ഉദ്യോഗത്തിൽ നിന്ന് വിരമിച്ചയാളാണെങ്കിലും അദ്ദേ

ഹത്തിന് കൊടുത്ത ഷാൾ ബാംഗ്ലൂരിൽ തന്നെയുള്ള മിഷണറീസ് ഓഫ് ചാരിറ്റി മഠത്തിന് സംഭാവനയായി കൊണ്ടുപോയി കൊടുക്കും എന്നും മറ്റാർക്കെങ്കിലും അപ്രകാരം ഷാൾ സംഭാവന ചെയ്യാൻ താത്പര്യമുണ്ടെങ്കിൽ അതും താൻ തന്നെ വാങ്ങി കൊണ്ടുപോയി കൊടുക്കാം എന്നും അദ്ദേഹം പറഞ്ഞു. ഉടൻ തന്നെ സ്റ്റേജിൽ ഉണ്ടായിരുന്ന മറ്റൊരു വിശിഷ്ടാതിഥിയും തനിക്ക് കിട്ടിയ ഷാൾ അദ്ദേഹത്തെ ഏൽപ്പിച്ചു. തന്റെ സ്ഥാനത്തിന് കുറച്ചിലാണ് അവിടെയുള്ളവരുടെ സംഭാവനകൾ വാങ്ങി കൊണ്ടുപോയി മദർ തെരേസയുടെ മഠത്തിൽ ജീവിക്കുന്ന അവശർക്കും ആലംബഹീനർക്കും കൊടുക്കുക എന്ന് ശ്രീ. ചൗള ചിന്തിച്ചില്ല. അതുകൊണ്ട് തന്നെ മദർ തെരേസായെപ്പോലെ ആയിത്തീരാൻ അദ്ദേഹത്തിന് പ്രയാസം ഉണ്ടായതുമില്ല. അവഹേളനത്തിന്റെ ഏറ്റവും വലിയ പ്രതീകമായിരുന്ന കുരിശിനെ രക്ഷയുടെ അടയാളമായി ഈശോ മാറ്റിയതുപോലെ തന്നെ.

നോമ്പും ഉപവാസവും പ്രായശ്ചിത്തപ്രവൃത്തികളും പ്രാർത്ഥനകളും തീർത്ഥാടനങ്ങളും എല്ലാം നമ്മെ ഒരു മന:പരിവർത്തനത്തിലേയ്ക്കാണ് നയിക്കേണ്ടത്. മാറ്റം നമ്മിൽ ഓരോരുത്തരിലുമാണ് ഉണ്ടാകേണ്ടത്. നമ്മൾ മാറുമ്പോൾ നമ്മുടെ ചുറ്റുപാടുകൾ തനിയേ മാറിക്കൊള്ളും. അഴിമതിയും അക്രമവും അസമാധനവും പരസ്പര സ്പർദ്ധയും സ്വാർത്ഥതയും അതിലേറെ നിർമ്മതത്വവും ദൈവവിശ്വാസമില്ലായ്മയും എല്ലാം കൊടികുത്തി വാഴുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മളിൽ പലരും ഈ അവസ്ഥയ്ക്ക് ഒരു പരിധി വരെയെങ്കിലും കാരണക്കാരാണ് എന്നതും വസ്തുതയാണ്. ഈ ലോകത്തിന് ഗുണപരമായ ഒരു മാറ്റം ഉണ്ടാക്കാൻ ക്രൈസ്തവർക്ക് കടമയുണ്ട്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ലോകത്തെ, മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കാൻ വന്ന ഈശോമിശിഹായുടെ രക്ഷാകരദൗത്യം ഇന്ന് നടക്കുന്നതും നടക്കേണ്ടതും നമ്മളിലൂടെയാണ്. നമ്മൾ ഈ ലോകത്തിന് അനുരൂപപ്പെടേണ്ടവരല്ല. നമ്മുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടേണ്ടത് ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുമല്ല. വൈദികരുടേയും സമർപ്പിതരുടേയും അത്മായരുടേയും ചുരുക്കത്തിൽ ദൈവജനം മുഴുവന്റേയും കൂട്ടായ പരിശ്രമം ഇവിടെ ആവശ്യമാണ്.

ശ്ലീഹന്മാരുടെ വചനപ്രഘോഷണം ശ്രവിച്ചവരെപ്പറ്റി നാം നടപടി പുസ്തകത്തിൽ ഇപ്രകാരം വായിക്കുന്നു. *ഇത് കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ്*

*പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ.* (നടപടി 2: 37). ഈ പശ്ചാത്താപം തന്നെയാണ് നമുക്കും ആവശ്യം. ഹൃദയം നുറുങ്ങിയ അവസ്ഥയിൽ മാത്രമേ അതുണ്ടാകുകയുള്ളു. നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ അവസ്ഥയിൽ നമ്മുടെ ഹൃദയം നുറുങ്ങണം. ആ അവസ്ഥയിൽ നമുക്കുള്ള പങ്കിനെ ഓർത്ത് നമുക്ക് പശ്ചാത്താപം ഉണ്ടാകണം. അപ്പോൾ നമ്മളിലും നമുക്ക് ചുറ്റുമുള്ളവരിലും മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രേരണയുണ്ടാകും. ഈ നോമ്പുകാലം കേവലം മതാത്മകതയിൽ അവസാനിയ്ക്കാതെ യഥാർത്ഥമായ ആദ്ധ്യാത്മികതയിൽ നമ്മെ എത്തിക്കട്ടെ. അങ്ങനെ കർത്താവ് പൂർത്തീകരിച്ച രക്ഷാകരദൗത്യം നമ്മളിലൂടെ ഇന്നുള്ളവർക്കും അനുഭവവേദ്യമാകട്ടെ. അത് നാം നിർവ്വഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർത്ഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2012 മാർച്ച് മാസം 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# നോമ്പുകാലസന്ദേശം-2012

**"സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം" (ഹെബ്രാ. 10:24)**

പ്രിയ സഹോദരീ സഹോദരന്മാരേ,

ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ പരസ്നേഹത്തെപ്പറ്റി ചിന്തിക്കാൻ വലിയ നോമ്പുകാലം നമുക്ക് ഒരിക്കൽകൂടി അവസരം നൽകുകയാണ്. ദൈവവചനത്തിന്റെയും കൂദാശകളുടെയും സഹായത്തോടെ, വ്യക്തിപരമായും സാമൂഹികമായും നമ്മുടെ വിശ്വാസയാത്ര നവീകരിക്കാൻ സമുചിതമായ സമയമാണിത്. ഉയിർപ്പുതിരുനാളിന്റെ സന്തോഷം മുൻകൂട്ടി ആസ്വദിച്ചുകൊണ്ട് പ്രാർത്ഥന, പങ്കുവയ്ക്കൽ, നിശബ്ദത, ഉപവാസം എന്നിവയിൽ മുദ്രിതമായിരിക്കുന്ന ഒന്നാണ് ഈ യാത്ര.

ഹെബ്രായർക്കുള്ള ലേഖനത്തിലെ ഒരു ചെറിയ വാക്യത്തിന്റെ വെളിച്ചത്തിൽ ചില ചിന്തകൾ ഈ വർഷം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണ് ആ വാക്യം: "സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം" (ഹെബ്രാ 10:24). നമുക്കുവേണ്ടി പാപപ്പൊറുതി നേടുകയും ദൈവത്തിലേക്കുള്ള വഴി തുറക്കുകയും ചെയ്ത പ്രധാന പുരോഹിതനെന്ന നിലയിലുള്ള യേശുക്രിസ്തുവിൽ ആശ്രയിക്കാൻ നമ്മോട് ആഹ്വാനം ചെയ്യുന്ന വിശുദ്ധ ഗ്രന്ഥകാരന്റെ ഒരു പാഠഭാഗത്തുനിന്നുള്ള വാക്കുകളാണിവ. ദൈവശാസ്ത്രപരമായ മൂന്നു പുണ്യങ്ങളിൻമേൽ പടുത്തയർത്തപ്പെട്ട ഒരു ജീവിതത്തിൽ ക്രിസ്തുവിനെ ആശ്ലേഷിക്കൽ ഫലദായകമായിത്തീരും. അതായത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം ഹൃദയപരമാർത്ഥതയോടെ വിശ്വാസത്തോടെ (വാക്യം 22), നാം ഏറ്റുപറയുന്ന പ്രത്യാശയിൽ സ്ഥിരതയുള്ളവരായി (വാക്യം 23) സ്നേഹത്തിന്റെയും സത്പ്രവർത്തികളുടെയും (വാക്യം 24) ജീവിതത്തെക്കുറിച്ച് എപ്പോഴും ഓർമ്മിച്ചുകൊണ്ട് നാം കർത്താവിനെ സമീപിക്കണമെന്നാണ് ഇതിന്റെ അർത്ഥം.

സുവിശേഷത്താൽ രൂപവൽക്കരിക്കപ്പെടുന്ന ഈ ജീവിതത്തെ താങ്ങി നിറുത്തണമെങ്കിൽ ലിറ്റർജിയിലും സാമൂഹിക പ്രാർത്ഥനയിലും പങ്കുചേരുക അത്യാവശ്യമാണെന്നും അങ്ങനെ ചെയ്യുന്നതാകട്ടെ ദൈവവുമായുള്ള സമ്പൂർണ്ണസംസർഗ്ഗത്തിന്റെ യുഗാന്തപരമായ ലക്ഷ്യം ഓർത്തുകൊണ്ടായിരിക്കണമെന്നും ലേഖനകർത്താവു പ്രസ്താവിക്കുന്നു.

ഇവിടെ 24-ാം വാക്യത്തെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ സംബന്ധിച്ച താത്പര്യം, പാരസ്പര്യം, വൈയക്തിക, വിശുദ്ധി എന്നിങ്ങനെ ക്രൈസ്തവജീവിതത്തിനുള്ള മൂന്നു വശങ്ങളെക്കുറിച്ച് സംക്ഷിപ്തവും വിലപ്പെട്ടതും സ്ഥിരം കാലികപ്രസക്തിയുള്ളതുമായ പ്രബോധനം അതിലുണ്ട്.

**1. "നമുക്കു പരസ്പരം താത്പര്യമുള്ളവരാകാം". നമ്മുടെ സഹോദരീ സഹോദരന്മാരോടുള്ള ഉത്തരവാദിത്വം**

"താത്പര്യമുള്ളവരായിരിക്കുക" എന്ന ക്ഷണമാണ് ഒന്നാമത്തെ വശം.

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു ക്രിയ കത്താനേയിൻ (Katanoein) എന്നാണ്. സൂക്ഷ്മപരിശോധന ചെയ്യുക, ശ്രദ്ധിക്കുക, ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും എന്തിന്റെയെങ്കിലും സ്റ്റോക്ക് എടുക്കുകയും ചെയ്യുക എന്നൊക്കെയാണ് ആ ക്രിയാപദത്തിന്റെ അർത്ഥം. സുവിശേഷത്തിൽ ഈ ക്രിയാപദം നാം കാണുന്നുണ്ട്. സ്വന്തം പരിശ്രമമില്ലാത്തവയാണെങ്കിലും, ദൈവിക പരിപാലനയുടെ താത്പര്യപൂർവ്വകമായ ശ്രദ്ധയുടെ കേന്ദ്രത്തിലായിരിക്കുന്ന പക്ഷികളെപ്പറ്റി "ചിന്തിക്കാൻ" യേശു ശിഷ്യന്മാരെ ക്ഷണിക്കുമ്പോൾ ആ വാക്ക് ഉപയോഗിക്കുന്നു (cf. ലൂക്കാ 12:24). സഹോദരന്റെ കണ്ണിലെ കരടു കാണാൻ നോക്കുന്നതിനുമുമ്പ് സ്വന്തം കണ്ണിലെ തടികഷ്ണം "നിരീക്ഷിക്കുക" എന്നുപറയുമ്പോഴും ആ വാക്ക് ഉപയോഗിക്കുന്നു (cf. ലൂക്കാ 6:41).

ഹെബ്രായർക്കുള്ള ലേഖനത്തിലെ മറ്റൊരു വാക്യത്തിൽ വിശ്വാസത്തിന്റെ അപ്പസ്തോലനും പ്രധാന പുരോഹിതനുമായ "യേശുവിലേയ്ക്ക് നിങ്ങളുടെ മനസ്സു തിരിക്കുവിൻ" (3:1) എന്ന പ്രോത്സാഹനം നാം കാണുന്നു. അതുകൊണ്ട് അങ്ങനെ, മറ്റുള്ളവരിലേക്ക് നോക്കാനും ഒന്നാമതായി യേശുവിലേക്കു നോക്കാനും പരസ്പരം താത്പര്യമുള്ളവരായിരിക്കാനും ഒറ്റപ്പെട്ടവരായി കഴിയാതിരിക്കാനും നമ്മുടെ സഹോദരീസഹോദരന്മാരുടെ ഭാഗധേയത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്താതിരിക്കാനും എന്റെ ആഹ്വാനത്തിന്റെ ആമുഖമായിത്തീർന്നിരിക്കുന്ന ക്രിയാപദം നമ്മോടു പറയുന്നു.

എന്നാൽ മിക്കപ്പോഴും നമ്മുടെ മനോഭാവം നേരെ വിപരീതമായിട്ടുള്ളതാണ്. അതു സ്വാർത്ഥതയിൽ നിന്നു ജനിക്കുന്ന നിസ്സംഗതയും താത്പര്യമില്ലായ്മയുമാണ്. അതാകട്ടെ "സ്വകാര്യത" യോടുള്ള ബഹുമാനം എന്ന മൂടുപടം അണിഞ്ഞതുമാണ്. പരസ്പരം താത്പര്യമുള്ളവരായിരിക്കാൻ കർത്താവിന്റെ ശബ്ദം നമ്മെ എല്ലാവരേയും വിളിക്കുന്നു.

നമ്മുടെ സഹോദരീസഹോദന്മാരുടെ "കാവൽക്കാർ" ആയിരിക്കാനും (ഉത്പ. 4:9) പരസ്പര പരിഗണനയിലും മറ്റുള്ളവരുടെ ക്ഷേമത്തിലുള്ള, സമ്പൂർണ്ണക്ഷേമത്തിലുള്ള, ശ്രദ്ധയിലും അടിയുറച്ച ബന്ധങ്ങൾ സ്ഥാപിക്കാനും ദൈവം ഇന്നും നമ്മോട് ആവശ്യപ്പെടുന്നുണ്ട്. നമ്മെപ്പോലെ സൃഷ്ടികളും ദൈവത്തിന്റെ മക്കളും ആയിരിക്കുന്നവരെ സംബന്ധിച്ച് നമുക്കുള്ള ഉത്തരവാദിത്വം നാം അംഗീകരിക്കണം. പരസ്പരം സ്നേഹിക്കാനുള്ള മഹാകല്പന ആവശ്യപ്പെടുന്ന കാര്യമാണത്.

മാനുഷികതയിൽ സഹോദരീസഹോദരന്മാരായിരിക്കുകയും പലരെ സംബന്ധിച്ചും ഒരേ വിശ്വാസത്തിൽ പെട്ടവരായിരിക്കുകയും ചെയ്യുന്നുവെന്ന വസ്തുത മറ്റുള്ളവരിൽ, കർത്താവിനാൽ അനന്തമായി സ്നേഹിക്കപ്പെട്ട "മറ്റേ എന്നേ" കാണാൻ സഹായിക്കുന്നു. മറ്റുള്ളവരെ നമ്മുടെ സഹോദരീസഹോദരന്മാരായി കാണുന്ന രീതി വളർത്തിയാൽ നമ്മുടെ ഹൃദയങ്ങളിൽ ഐക്യദാർഢ്യം, നീതി, കാരുണ്യം, സഹതാപം എന്നിവ സ്വാഭാവികമായി ഉണ്ടാകും.

സാഹോദര്യത്തിന്റെ അഭാവമാണ് ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ സഹനമെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ പ്രസ്താവിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി: "മനുഷ്യസമൂഹം അങ്ങേയറ്റം രോഗാതുരമായിരിക്കുന്നു. അതിന്റെ കാരണം പ്രകൃതിവിഭവങ്ങളുടെ ചൂഷണവും,

അവയുടെ നിയന്ത്രണവും ചുരുക്കംചില കുത്തകക്കാരുടെ കൈയിലായി രിക്കുന്നുവെന്ന വസ്തുതയെക്കാൾ കൂടുതലായി ഏറെ വ്യക്തികളും രാഷ്ട്ര ങ്ങളും തമ്മിലുള്ള സാഹോദര്യബന്ധത്തിന്റെ ദുർബലപ്പെടുത്തലാണ്" (ജനതകളുടെ പുരോഗതി 66).

മറ്റുള്ളവരോടു താത്പര്യം കാണിക്കുന്നതിന് എല്ലാവിധത്തിലും അവർക്ക് നന്മയായിട്ടുള്ളത് ആഗ്രഹിക്കണം. ശാരീരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ നന്മ ആഗ്രഹിക്കണം. സമകാലീന സംസ്കാരത്തിന് നന്മതിന്മകളെ സംബന്ധിച്ച ബോധം നഷ്ടപ്പെട്ടതായി തോന്നുന്നു. എന്നാലും നന്മയുണ്ടെന്നും അതു പ്രബലപ്പെടുമെന്നും വീണ്ടും സ്ഥിരീക രിക്കുക ആവശ്യമാണ്. എന്തെന്നാൽ ദൈവം "ഔദാര്യമുള്ളവനാണ്, അവിടുന്ന് ഉദാരതയോടെ പ്രവർത്തിക്കുന്നു"(സങ്കീ. 119:68). ജീവൻ, സാഹോദര്യം, കൂട്ടായ്മ എന്നിവയെ നൽകുകയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതെന്തും നന്മയാണ്. അങ്ങനെ മറ്റുള്ളവരെ സംബ ന്ധിച്ച ഉത്തരവാദിത്വത്തിന്റെ അർത്ഥം മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കു കയും അതിനായി പ്രവർത്തിക്കുകയും ചെയ്യുകയെന്നതാണ്. നന്മയും അതിന്റെ ആവശ്യങ്ങളും അവരും സ്വീകരിക്കുമെന്ന പ്രതീക്ഷയിലാണ് അങ്ങനെ ചെയ്യുന്നത്. മറ്റുള്ളവരെ സംബന്ധിച്ച താത്പര്യം എന്നതിന്റെ അർത്ഥം അവരുടെ ആവശ്യങ്ങൾ അറിയുകയെന്നതാണ്. ഒരു തരം "ആദ്ധ്യാത്മിക മരവിപ്പു" കൊണ്ട് ഹൃദയത്തെ കഠിനമാക്കുകയെന്ന അപ കടത്തിനെതിരെ വിശുദ്ധ ലിഖിതങ്ങൾ നമുക്കു മുന്നറിയിപ്പു നൽകുന്നുണ്ട്. ആ മരവിപ്പ് മറ്റുള്ളവരുടെ സഹനങ്ങൾ ഗ്രഹിക്കാൻ കഴിവില്ലാതാക്കുന്നു. സുവിശേഷകനായ ലൂക്കാ ഇതിന്റെ മാതൃകയായി ക്രിസ്തു പറഞ്ഞ രണ്ടു ഉപമകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

നല്ല സമറായന്റെ ഉപമയിൽ പുരോഹിതനും ലേവായനും അക്രമി കളാൽ മർദ്ദിക്കപ്പെട്ട് നഗ്നനാക്കപ്പെട്ട മനുഷ്യനെ ശ്രദ്ധിക്കാതെ നിസ്സംഗ യോടെ "കടന്നുപോയി" (cf. ലൂക്കാ 10:3-32). സമ്പന്നന്റെയും ലാസറി ന്റെയും ഉപമയിൽ സമ്പന്നൻ ലാസറിന്റെ ദാരിദ്ര്യത്തെ പരിഗണിക്കുന്നില്ല. തന്റെ വാതിൽപ്പടിക്കൽ പട്ടിണികിടന്നു മരിക്കുന്ന ദരിദ്രനെ അയാൾ വക വച്ചില്ല (cf. ലൂക്കാ 16:19). ഈ രണ്ട് ഉപമകളും താത്പര്യം കാണിക്കുക യെന്നതിനു വിപരീതമായിട്ടുള്ള മനോഭാവത്തിന്റെ മാതൃകകളാണ് അവത രിപ്പിക്കുന്നത്. സ്നേഹത്തോടും സഹതാപത്തോടും കൂടെ മറ്റുള്ളവരെ കാണാതിരിക്കുന്നതിന്റെ മാതൃകകളാണ് കാണിക്കുന്നത്.

നമ്മുടെ സഹോദരീസഹോദരന്മാരെ മാനുഷികതയോടും സ്നേഹ ത്തോടും കൂടെ കാണുന്നതിൽ നിന്നു നമ്മെ തടയുന്നത് എന്താണ്? പല പ്പോഴും ഭൗതികസ്വത്തുക്കൾ ഉള്ളതുകൊണ്ടോ സ്വയം പര്യാപ്തതയു ണ്ടെന്നു കരുതുന്നതുകൊണ്ടോ ആയിരിക്കാം തടസ്സമുണ്ടാകുന്നത്. എന്നാൽ താത്പര്യങ്ങളും പ്രശ്നങ്ങളും മറ്റെല്ലാറ്റിനും മുകളിൽ പ്രതിഷ്ഠിക്കാനുള്ള പ്രവണതയും അതിന്റെ കാരണമാകാം. നാം ഒരിക്കലും സഹിക്കുന്നവരോടു "കരുണ കാണിക്കാൻ" കഴിവില്ലാത്തവരാകരുത്. ദരിദ്രരുടെ വിലാപം കേൾക്കാൻ പാടില്ലാത്തവിധം നമ്മുടെ ഹൃദയങ്ങളെ മൂടിക്കെട്ടരുത്. വിന യമുള്ള ഹൃദയവും സഹനത്തിന്റെ വ്യക്തിപരമായ അനുഭവവും നമ്മിൽ

സഹതാപത്തിന്റെയും സഹനത്തിന്റെയും ബോധം ഉണർത്തും. "നീതിമാൻ ദരിദ്രരുടെ അവകാശങ്ങൾ അംഗീകരിക്കുന്നു. ദുഷ്ടന് അതിലൊന്നും ശ്രദ്ധയില്ല" (സുഭാ.29:7). അപ്പോൾ "കരയുന്നവരുടെ ഭാഗ്യം" (മത്താ 5:5) നമുക്കു മനസ്സിലാകും. ഫലത്തിൽ തങ്ങൾക്ക് അപ്പുറത്തേക്ക് നോക്കാനും മറ്റുള്ളവരുടെ സഹനത്തിൽ സഹതപിക്കാനും കഴിയുന്നവരെ മനസ്സിലാകും. മറ്റുള്ളവരിലേക്ക് എത്തിച്ചേരുന്നതും അവരുടെ ആവശ്യങ്ങൾക്കായി നമ്മുടെ ഹൃദയം തുറക്കുന്നതും രക്ഷയ്ക്കും സൗഭാഗ്യത്തിനുമുള്ള അവസരമാകും.

മറ്റുള്ളവരെ സംബന്ധിച്ചു താത്പര്യമുള്ളവരായിരിക്കുകയെന്നതിന് മറ്റുള്ളവരുടെ ആദ്ധ്യാത്മിക ക്ഷേമത്തിലും താത്പര്യമുണ്ടായിരിക്കുകയെന്ന് അർത്ഥമുണ്ട്. ക്രൈസ്തവജീവിതത്തിന്റെ ഒരു വശത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് തികച്ചും മറന്നു കിടക്കുന്ന ഒന്നായി ഞാൻ കരുതുന്നു. "നിത്യരക്ഷയെ ലക്ഷ്യം വച്ച് സഹോദരപരമായ തെറ്റുതിരുത്തൽ നടത്തുക" എന്നതാണത്. പരസ്നേഹം മറ്റുള്ളവരുടെ ശാരീരികവും ഭൗതികവുമായ ക്ഷേമം എന്നിവയെ സംബന്ധിച്ചു നമുക്കുള്ള ആദ്ധ്യാത്മിക ഉത്തരവാദിത്വത്തെക്കുറിച്ച് തികഞ്ഞ നിശബ്ദത പാലിക്കുകയാണ്. ആദിമസഭയിലോ വിശ്വാസത്തിൽ യഥാർത്ഥ പക്വത പ്രാപിച്ച സമൂഹങ്ങളിലോ അപ്രകാരമായിരുന്നില്ല. ആ സമൂഹങ്ങളിൽ സഹോദരീസഹോദരന്മാരുടെ ശാരീരികാരോഗ്യം മാത്രമല്ല പരിഗണിച്ചിരുന്നത്, അവരുടെ ആദ്ധ്യാത്മിക ക്ഷേമവും ആത്യന്തിക ഭാഗധേയവും പരിഗണിച്ചിരുന്നു.

വിശുദ്ധ ലിഖിതം പറയുന്നു: "വിവേകിയെ കുറ്റപ്പെടുത്തുക, അവൻ നിന്നെ സ്നേഹിക്കും. വിവേകിയെ പ്രബോധിപ്പിക്കുക, അവൻ കൂടുതൽ വിവേകിയായിത്തീരും. നീതിമാനെ പഠിപ്പിക്കുക, അവൻ കൂടുതൽ ജ്ഞാനിയാകും" (സുഭാ.9:8 ff).

പാപം ചെയ്യുന്ന സഹോദരനും താക്കീതു നൽകാൻ ക്രിസ്തുതന്നെ നമ്മോടു കല്പിച്ചിട്ടുണ്ട്. (cf. മത്താ 18:15). സഹോദരപരമായി തെറ്റു തിരുത്തുക എന്നതിന് പ്രയോഗിച്ചിട്ടുള്ള ഗ്രീക്കു ക്രിയാപദം എലെൻഖെയിൻ (Elenchein) എന്നാണ്. തിന്മയിൽ കഴിയുന്ന തലമുറയ്ക്കെതിരെ സംസാരിക്കാൻ ക്രൈസ്തവർക്കുള്ള പ്രവാചകപരമായ ദൗത്യം സൂചിപ്പിക്കാൻ ആ ക്രിയാപദം തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത് (cf. എഫേ 5:11). ആദ്ധ്യാത്മിക ജീവകാരുണ്യപ്രവർത്തനങ്ങളുടെ കൂട്ടത്തിൽ സഭയുടെ പാരമ്പര്യം "പാപികളുടെ തെറ്റുതിരുത്തൽ" കൂട്ടിച്ചേർത്തിട്ടുണ്ട്. ക്രൈസ്തവ പരസ്നേഹത്തിന്റെ ഈ മാനം വീണ്ടും കണ്ടെത്തുക പ്രധാനപ്പെട്ട കാര്യമാണ്.

തിന്മയുടെ മുമ്പിൽ നമ്മൾ നിശബ്ദരായിരിക്കരുത്. സത്യത്തിനെതിരേയുള്ള വഴികളിലൂടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരും നന്മയുടെ മാർഗ്ഗത്തിലൂടെ ചരിക്കാത്തവരുമായ സഹോദരീ സഹോദരന്മാർക്ക് മുന്നറിയിപ്പു നൽകുന്നതിനു പകരം അതിനു വിപരീതമായ ഒരു പ്രത്യേക മനോഭാവം സ്വീകരിക്കുന്ന ക്രിസ്ത്യാനികളെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മാനുഷികമായ പരിഗണനകൊണ്ടോ കേവലം വ്യക്തിപരമായ സൗകര്യം മൂലമോ ആണ് ഇന്നു പ്രബലപ്പെട്ടിരിക്കുന്ന ആ മനോഭാവം അവർ സ്വീകരിക്കുന്നത്.

ക്രൈസ്തവ തെറ്റുതിരുത്തൽ ഒരിക്കലും കുറ്റപ്പെടുത്തലിന്റെ അഥവാ

കുറ്റക്കാരനാക്കുന്നതിന്റെ ചൈതന്യത്താൽ പ്രേരിപ്പിക്കപ്പെടുന്നതല്ല. അത് എപ്പോഴും സ്നേഹത്താലും കാരുണ്യത്താലും പ്രചോദിപ്പിക്കപ്പെടുന്നതാണ്. അന്യന്റെ നന്മയെ സംബന്ധിച്ച യഥാർത്ഥ താത്പര്യത്തിൽ നിന്നു ജനിക്കുന്നതാണ്. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ "...ഒരുവൻ എന്തെങ്കിലും തെറ്റിൽ അകപ്പെട്ടാൽ ആത്മീയരായ നിങ്ങൾ സൗമ്യതയോടെ അവനെ വീണ്ടെടുക്കുവിൻ. നിങ്ങളും പ്രലോഭിതരാകാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ" (ഗലാ 6:1).

വ്യക്തിവാദം (individualism ) കീഴ്പ്പെടുത്തിയിരിക്കുന്ന ഒരു ലോകത്തിൽ സഹോദരപരമായ തെറ്റുതിരുത്തലിന്റെ പ്രാധാന്യം വീണ്ടും കണ്ടെത്തുക സത്താപരമായ കാര്യമാണ്. നമ്മൾ ഒന്നിച്ച് വിശുദ്ധിയിലേക്ക് സഞ്ചരിക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. "നീതിമാൻ പോലും ഏഴു പ്രാവശ്യം പിഴയ്ക്കുന്നു" സുഭാ 24:16) എന്നു വിശുദ്ധ ലിഖിതം പറയുന്നു. നമ്മൾ എല്ലാവരും ദുർബലരും അപൂർണരുമാണ് (cf. 1 യോഹ 1:8). അതുകൊണ്ട് മറ്റുള്ളവരെ സഹായിക്കുക, നമ്മെ സഹായിക്കാൻ മറ്റുള്ളവരെ അനുവദിക്കുക എന്നത് വലിയൊരു സേവനമാണ്. അതുവഴി നമ്മെക്കുറിച്ചുള്ള മുഴുവൻ സത്യവും അറിയാൻ നമുക്കു കഴിയും. നമ്മുടെ ജീവിതത്തെ പരിഷ്കരിക്കുകയും കർത്താവിന്റെ വഴികളിലൂടെ കൂടുതൽ നീതിപൂർവ്വം സഞ്ചരിക്കാൻ സാധിക്കുകയും ചെയ്യും. നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച് ദൈവം ചെയ്തതുപോലെ, ഇപ്പോഴും അവിടുന്ന് ചെയ്തുകൊണ്ടിരിക്കുന്നതുപോലെ, സ്നേഹിക്കുകയും മുന്നറിയിപ്പു നൽകുകയും ചെയ്യുന്ന, അറിയുകയും മനസിലാക്കുകയും ചെയ്യുന്ന, വിവേചിച്ചറിയുകയും ക്ഷമിക്കുകയും ചെയ്യുന്ന (cf. ലൂക്കാ 22:61) ഒരു നോട്ടം ഉണ്ടായിരിക്കുക എപ്പോഴും ആവശ്യമാണ്.

**2. പരസ്പരം താത്പര്യമുള്ളവരായിരിക്കുക; പാരസ്പര്യത്തിന്റെ ദാനം**

ജീവിതത്തെ ഭൗതികം മാത്രമായി കരുതുക, യുഗാന്തവീക്ഷണംപ്രകാരം അതിനെ പരിഗണിക്കുന്നതിൽ പരാജയപ്പെടുക, വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ പേരിൽ ധാർമ്മിക കാര്യങ്ങളിൽ തെറ്റായ തിരഞ്ഞെടുപ്പു നടത്തുക എന്നിവ ഇന്നു സർവസാധാരണമായിരിക്കുന്നു. ഇത്തരം ഒരു മനോഭാവത്തിനു വിരുദ്ധമാണ് മറ്റുള്ളവരുടെ "കാവൽക്കാരാവുക"യെന്നത്. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിന് ശാരീരിക സഹനങ്ങളേയും ആദ്ധ്യാത്മികവും ധാർമ്മികവുമായ ആവശ്യങ്ങളെയും സംബന്ധിച്ച അന്ധത ബാധിക്കാം. ക്രൈസ്തവ സമൂഹത്തിൽ അപ്രകാരമായിരിക്കരുത്. "അയൽക്കാരന്റെ നന്മയ്ക്കായി സമാധാനത്തിലേയ്ക്കു നയിക്കുന്ന വഴികളും പരസ്പരം പിന്താങ്ങാനുള്ള വഴികളും" (റോമ 14:19) അന്വേഷിക്കാൻ പൗലോസ് അപ്പസ്തോലൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. നമ്മൾ പരസ്പരം പിന്താങ്ങാനാണത് (15:2). വ്യക്തിപരമായ ലാഭം നോക്കാതെ "ഓരോ വ്യക്തിയും രക്ഷിക്കപ്പെടുന്നതിനുവേണ്ടി ഓരോ വ്യക്തിയുടെയും നന്മ" (1കോറി 10:33) അന്വേഷിക്കാനാണത്. വിനയത്തിന്റെ ചൈതന്യത്തിലും പരസ്നേഹത്തിലും നടത്തുന്ന പരസ്പരം തെറ്റുതിരുത്തലും പ്രോത്സാഹനവും ക്രൈസ്തവസമൂഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരിക്കണം.

കർത്താവിന്റെ ശിഷ്യന്മാർ ദിവ്യകാരുണ്യം വഴി അവിടുത്തോട്

ഐക്യപ്പെട്ട് ഒറ്റ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ തങ്ങളെ കൂട്ടി ച്ചേർക്കുന്ന കൂട്ടായ്മയിൽ ജീവിക്കുന്നു. "മറ്റേ വ്യക്തി" എന്റെ ഭാഗമാ ണെന്നും ആ വ്യക്തിയുടെ ജീവിതമോ രക്ഷയോ എന്റെ ജീവിതമോ രക്ഷയോ ആണെന്നുമാകുന്നു ഇതിന്റെ അർത്ഥം. നാം ഇവിടെ കൂട്ടായ്മ യുടെ അഗാധമായ ഒരു വശം സ്പർശിക്കുകയാണ്: കൂടുതൽ നന്മയ്ക്കാ യാലും കൂടുതൽ തിന്മയ്ക്കായാലും നമ്മുടെ അസ്തിത്വം മററുള്ളവരുടെ അസ്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ പാപങ്ങൾക്കും സ്നേഹ പ്രവർത്തികൾക്കും ഒരു സാമൂഹിക മാനമുണ്ട്. ഈ പാരസ്പര്യം ക്രിസ്തു വിന്റെ മൗതിക ശരീരമായ സഭയിൽ കാണപ്പെടുന്നു. സമൂഹം നിരന്തരം അംഗങ്ങളുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുകയും മാപ്പ് അപേക്ഷിക്കു കയും ചെയ്യുന്നു. തന്റെ ഇടയിലുള്ള പുണ്യത്തിന്റെയും പരസ്നേഹത്തി ന്റെയും മാതൃകകളിൽ നിരന്തരം സന്തോഷിക്കുകയും ചെയ്യുന്നു.

വിശുദ്ധ പൗലോസ് പറയുന്നതുപോലെ, "ഓരോ അംഗവും മറ്റുള്ള എല്ലാവരോടും തുല്യമായ താത്പര്യം പുലർത്തണം" (1 കോറി 12:25). എന്തെന്നാൽ നമ്മൾ ഒരേ ശരീരമാണ്. സഹോദരീസഹോദരന്മാർക്കായി പരസ്നേഹപ്രവർത്തികൾ ചെയ്യുകയെന്നത് പൊതുവായിരിക്കുകയെന്നതിൽ വേരുറച്ചിരിക്കുന്നു. ധർമ്മദാനം പരസ്നേഹപ്രവർത്തിയുടെ ഒരു ഉദാഹര ണമാണ്. അത് പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടി നടത്തുക നോമ്പു കാലത്തിന്റെ പ്രത്യേകതയാണ്. ദരിദ്രരിൽ ദരിദ്രരായവരോട് വസ്തുനിഷ്ഠ മായ താത്പര്യത്തിലൂടെ സഭയാകുന്ന ഒറ്റ ശരീരത്തിലെ അംഗത്വം ക്രൈസ്തവർക്കു പ്രദർശിപ്പിക്കാനാവും. കർത്താവു മറ്റുള്ളവരിൽ ചെയ്യുന്ന നന്മകൾ അംഗീകരിക്കുക, സർവ്വശക്തനായ അവിടുന്ന് തന്റെ നന്മയിൽ തന്റെ മക്കളിൽ നിരന്തരം ചെയ്യുന്ന കൃപാവരവിസ്മയങ്ങൾക്കു നന്ദി പറ യുക എന്നീ കാര്യങ്ങളും അന്യരോടുള്ള താത്പര്യത്തിൽ ഉൾക്കൊള്ളു ന്നുണ്ട്. പരിശുദ്ധാത്മാവ് മറ്റുള്ളവരിൽ ചെയ്യുന്ന പ്രവർത്തികൾ കാണു മ്പോൾ സന്തോഷിക്കാതിരിക്കാനും സ്വർഗ്ഗീയ പിതാവിനു നന്ദി പറയാതി രിക്കാനും ക്രൈസ്തവർക്കു സാധിക്കുകയില്ല (cf മത്താ 5:16).

### 3. "സ്നേഹത്തിലും സത്കർമ്മങ്ങളിലും പരസ്പരം പ്രോത്സാഹിപ്പി ക്കുക": വിശുദ്ധിയിൽ ഒന്നിച്ചു സഞ്ചരിക്കുക

ഹെബ്രായർക്കുള്ള ലേഖനത്തിലെ ഈ വാക്കുകൾ (10:24) വിശു ദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയെപ്പറ്റി ചിന്തിക്കാൻ നമ്മെ നിർബന്ധി ക്കുന്നു. കൂടുതൽ വലിയ ആദ്ധ്യാത്മിക നന്മകൾ ശ്രേഷ്ഠവും ഫലപൂർണ വുമായ സ്നേഹം ലഭിക്കാൻ ആഗ്രഹിച്ചുകൊണ്ടുള്ള ആദ്ധ്യാത്മിക യാത്ര തുടരുന്നതിനെക്കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു (cf1 കോറി 12:31-13:13). പരസ്പരം താത്പര്യമുണ്ടായിരിക്കുകയെന്നത് വർദ്ധമാനമായ തോതിൽ ഫല പ്രദമായ സ്നേഹത്തിലേക്ക് നമ്മെ ഉദ്ദീപിപ്പിക്കുന്നു. ആ സ്നേഹം "ദിവ സത്തിന്റെ പൂർണ്ണതയിലേക്ക് പ്രഭ വർദ്ധിപ്പിക്കുന്ന പ്രഭാതത്തിലെ പ്രകാശം"

(സുഭാ 4:18) പോലെയാണ്. ദൈവത്തിൽ നമുക്കായി കാത്തിരിക്കുന്ന ശാശ്വതദിനത്തിന്റെ മുന്നാസ്വാദനമെന്ന നിലയിൽ ജീവിക്കാൻ നമ്മെ അതു സഹായിക്കുന്നു. ഈ ജീവിതത്തിൽ നമുക്കു നൽകപ്പെട്ട സമയം ദൈവ സ്നേഹത്തിൽ സത്കൃത്യങ്ങൾ തിരിച്ചറിഞ്ഞു ചെയ്യുന്നതിനെ സംബന്ധി ച്ചിടത്തോളം അമൂല്യമാണ്. ഇങ്ങനെ സഭ തന്നെ ക്രിസ്തുവിന്റെ പൂർണപ ക്വതയിലേക്ക് നിരന്തരം വളരുന്നു (cf എഫേ 4:13). സ്നേഹപൂർണതയും സത്കർമ്മങ്ങളും സിദ്ധിക്കാൻ പരസ്പരം പ്രോത്സാഹിപ്പിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നത് ഈ വളർച്ചയുടെ സ്വയം ചാലകസാഹചര്യ ത്തിലാണ്.

മന്ദോഷ്ണതയുള്ളവരാകാനും പരിശുദ്ധാത്മാവിനെ കെടുത്തിക്കള യാനും നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കായി നാം സ്വീകരിച്ച താല ന്തുകൾ നിക്ഷേപിക്കാതിരിക്കാനും (മത്താ.25:25 ff) എപ്പോഴും പ്രലോഭന മുണ്ടാകുന്നുവെന്നതു ദുഃഖകരമാണ്. ദൈവീകപദ്ധതിയുടെ പൂർത്തീകരണ ത്തിനായി സഭയുടെ നന്മയ്ക്കും നമ്മുടെ വ്യക്തിപരമായ രക്ഷയ്ക്കുമായി ഉപയോഗിക്കാനുള്ള ആദ്ധ്യാത്മികവും ഭൗതികവുമായ സമ്പത്തുകൾ നമ്മൾ സ്വീകരിച്ചിട്ടുണ്ട് (cf ലൂക്ക 12:21;1 തിമോ 6:18).

വിശ്വാസജീവിതത്തിൽ മുന്നേറിക്കൊണ്ടിരിക്കാത്തവർ തീർച്ചയായും പിറകോട്ടു പോകുമെന്ന് ആദ്ധ്യാത്മിക ഗുരുക്കന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രിയ സഹോദരീസഹോദരന്മാരേ, "സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന നിലവാരം" (നവസഹസ്രാബ്ദത്തിൽ, 31) എല്ലാകാലത്തേതുമെന്ന പോലെ ഇന്നും ലക്ഷ്യം വയ്ക്കാനുള്ള ക്ഷണം നമുക്കു സ്വീകരിക്കാം. സഭ യുടെ ജ്ഞാനം വിശിഷ്ടരായ ചില ക്രൈസ്തവരെ വാഴ്ത്തപ്പെട്ടവരും വിശു ദ്ധരുമായി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത് അവരുടെ പുണ്യങ്ങൾ അനുകരിക്കാൻ മറ്റുള്ളവർക്കു മാതൃക നൽകാനാണ്. "പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നിൽക്കുവിൻ" (റോമ 12:10) എന്ന് വിശുദ്ധ പൗലോസ് നമ്മോട് ആഹ്വാനം ചെയ്യുന്നു.

ക്രിസ്ത്യാനികൾ കർത്താവിനോടുള്ള സ്നേഹത്തിന്റെയും വിശ്വസ്ത തയുടെയും നവീകൃതസാക്ഷ്യം നൽകണമെന്ന് ലോകം ആവശ്യപ്പെടുന്നു. അതുകൊണ്ട് പരസ്നേഹം, സേവനം, സത്പ്രവർത്തികൾ എന്നിവയിൽ പര സ്പരം മത്സരിക്കാൻ നാം നിർബന്ധിതരായി കരുതണം (cf ഹെബ്രാ 6:10).

ഈസ്റ്ററിനു തയ്യാറെടുക്കുന്ന ഈ വിശുദ്ധ കാലഘട്ടത്തിൽ ഈ അഭ്യർത്ഥന പ്രത്യേകം നിർബന്ധിക്കുന്ന ഒന്നാണ്. നോമ്പുകാലം അനുഗ്ര ഹീതവും ഫലപൂർണ്ണവുമായിരിക്കട്ടെയെന്ന് പ്രാർത്ഥനാപൂർവ്വം ഞാൻ ആശംസിക്കുന്നു. ഞാൻ നിങ്ങളെ എല്ലാവരേയും നിത്യകന്യകയായ പരി ശുദ്ധ മറിയത്തിനു സമർപ്പിക്കുന്നു. ഹൃദയപൂർവ്വം നിങ്ങൾക്ക് അപ്പസ്തോലി കാശീർവാദം നൽകുകയും ചെയ്യുന്നു.

വത്തിക്കാനിൽ നിന്ന്, 3 നവംബർ 2011

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ**

മാർച്ച് 19-ാം തീയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പ് പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങളും നന്ദി നിറഞ്ഞ പ്രാർത്ഥനകളും രൂപത മുഴുവനുംവേണ്ടി സ്നേഹപൂർവ്വം നമുക്ക് ആശംസിക്കാം. മാനന്തവാടി രൂപതയെ നയിക്കുവാനുള്ള ശക്തിയും കൃപയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവുവഴി വർഷിക്കപ്പെടട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. വി. യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

**മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ പിതാവ് മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി ആണല്ലോ. ഈ വർഷം ആ ദിവസം ദു:ഖവെള്ളിയാഴ്ച ആയതിനാൽ ഏപ്രിൽ 3 ചൊവ്വാഴ്ച കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ 11.00 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ പിതാവിനുവേണ്ടി വി.ബലിയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി**

ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ച അഭിവന്ദ്യ വള്ളോപ്പിള്ളി

പിതാവിന്റെ 6–ാം ചരമവാർഷികമാണ്. അന്നേദിവസം വി.ബലിയിലും പ്രാർത്ഥനയിലും അഭിവന്ദ്യ പിതാവിനെ നമുക്ക് അനുസ്മരിക്കാം.

### സ്നേഹസ്മരണ

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനമായ മാർച്ച് 10–ാം തീയതി സീയോൻ ചാപ്പലിൽ രാവിലെ 7 മണിക്ക് അച്ചനുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

### കൂരിയ അവധി

ഏപ്രിൽ 1 മുതൽ 9 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### മേജർ സെമിനാരിക്കാരുടെ വിവിധ പട്ടങ്ങളും സമ്മേളനവും

മാനന്തവാടി രൂപതയ്ക്കായി വിവിധ സെമിനാരികളിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ കാറോയ, ഹെവ്പദിയാക്കോന, ഡീക്കൻ പട്ടം എന്നിവ ഏപ്രിൽ 2 തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും. ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 17 മുതൽ 19 വരെ തവിഞ്ഞാൽ ഇടവകയിൽ വച്ച് വർക്ക് ക്യാമ്പായിട്ടായിരിക്കും നടത്തപ്പെടുക. മേജർ സെമിനാരിക്കാരെല്ലാവരും ഏപ്രിൽ 16–ന് വൈകുന്നേരം 4 മണിക്ക് മുൻപായി തവിഞ്ഞാൽ പള്ളിയിൽ എത്തിച്ചേരേണ്ടതാണ്.

### രൂപതാദിനം

ഈ വർഷം രൂപതാദിനം മെയ് 3–ാം തീയതി വ്യാഴാഴ്ച ആയിരിക്കും. മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് രൂപതാദിനാഘോഷ പരിപാടികളിൽ സന്നിഹിതനായിരിക്കും. കഴിഞ്ഞ വൈദീക സമ്മേളനത്തിൽ തീരുമാനിച്ചതുപോലെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദീകരുടെയും സമ്മേളനവും അന്നേദിവസം വൈകുന്നേരം മേജർ ആർച്ച്ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ ഉണ്ടായിരിക്കും. അതിനാൽ ബഹു. വൈദികർ എല്ലാ പരിപാടികളും മുൻകൂട്ടി ക്രമീകരിച്ച് രൂപതാദിന ആഘോഷങ്ങളിലും വൈദിക സമ്മേളനത്തിലും പങ്കെടുക്കുവാനുള്ള ക്രമീകരണം ചെയ്യണമെന്ന് അറിയിക്കുന്നു.

### പാസ്റ്ററൽ കൗൺസിൽ

മാർച്ച് 9–ന് പ്രത്യേക സിനഡ് സമ്മേളനവും മാർച്ച് 10–ന് മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് കർദ്ദിനാൾ പദവി

യിലേയ്ക്ക് ഉയർത്തപ്പെട്ടതിനോടനുബന്ധിച്ചുള്ള വി. കുർബാനയും സമ്മേളനവും എറണാകുളത്ത് വച്ച് നടക്കുന്നതിനാൽ മാർച്ച് 10-ന് നടത്തുവാൻ തീരുമാനിച്ചിരുന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനം റദ്ദ് ചെയ്തിരിക്കുന്നു.

## വൈദികരുടെ സ്ഥലം മാറ്റം

ഈ വർഷം വൈദികരുടെ സ്ഥലംമാറ്റം മെയ് മാസം 19 ന് ശനിയാഴ്ചയായിരിക്കും.

## New Address

Rev. Fr. Kuriakose Kumbakeel Abraham
(Pastor , Holy Family Syro-Malabar Catholic Church, Oklahoma)
7501 Northwest Expwy, PO Box 32180
Oklahoma City OK 73123, USA
Cell: 0014055322043, E-mail: frkuku@gmail.com

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം മാർച്ച് 25-ാം തീയതി ഞായറാഴ്ചയെങ്കിലും നടത്തേണ്ടതാണ്. വാർഡ് പ്രതിനിധികളെ രണ്ടു വർഷത്തേയ്ക്കാണല്ലോ തിരഞ്ഞെടുക്കുന്നത്. അതിനാൽ കഴിഞ്ഞ വർഷം തിരഞ്ഞെടുപ്പ് നടത്താത്ത സ്ഥലങ്ങളിൽ രണ്ടു വർഷത്തേയ്ക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot. No. 6414/2008-ൽ പറഞ്ഞിട്ടുണ്ട്. അതിലെ ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

സഭാ ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവർ ആകണം.

- ♦ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ♦ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

- സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1 അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യ മായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗ ത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങ ളിൽ നിയോഗിക്കപ്പെടാനും പാടില്ല.
- കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാന ത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പു സഹിതം കഴിഞ്ഞ വർഷം ചെയ്തതുപോലെ തന്നെ അയച്ചു തരേണ്ടതാണ്.
- പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുമ്പായി മേൽപ്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാ രിയെ ഏൽപ്പിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**ഓഡിറ്റിംഗ് : ആണ്ടുതിരട്ട് പരിശോധന**

കഴിഞ്ഞ വർഷം ചെയ്തതുപോലെ ഈ വർഷവും എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് താഴെ പറയുന്ന തീയതികളിലും സ്ഥലങ്ങളിലും വച്ച് പരിശോധിക്കുന്നതാണ്. ആണ്ടുതിരട്ട്, വാർഷിക ബഡ്ജറ്റ്, വാർഷികപൊതുയോഗ തീരുമാനം എന്നിവ പരിശോധിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിനായി വികാരി ജനറാളച്ചനും സന്നിഹിതനായിരിക്കും. FC Account ഉള്ള വരും രൂപത വഴി വിദേശ സഹായം കിട്ടിയവരും അവയുടെ കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടു വരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്ന താണ്. ഉച്ചയ്ക്കു ശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കു ന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിയ്ക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീ കരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടെയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലൊ. നാൾവഴി (daily), ലഡ്ജർ ബുക്ക്, ബില്ലുകൾ, രശീതുകൾ, ബാങ്ക് പാസ്സ്

ബുക്കുകൾ, FD രശീതുകൾ, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം, വാർഷിക തെരട്ടിന്റെ രണ്ടു കോപ്പി, പൊതുയോഗതീരുമാനത്തിന്റെ റിപ്പോർട്ട് അരമന പത്രത്തിൽ എഴുതിയ ഒരു കോപ്പി എന്നിവയും രൂപതാ വിഹിതമായ 10% വും ഓഡിറ്റിംഗിനു വരുമ്പോൾ കൊണ്ടു വരേണ്ടതാണ്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 10 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 10 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംമ്പറ്റ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 11 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ജൂഡ്സ്മൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 12 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **നീലഗിരി റീജിയൺ** | **ഏപ്രിൽ 13 വെള്ളി** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 13 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 13 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മുള്ളൻകൊല്ലി ഫൊറോന | ഏപ്രിൽ 16 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 16 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 17 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 17 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പന്തിപ്പോയിൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 18 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | രാവിലെ 9 മുതൽ | " |
| ചെറുകാട്ടൂർ | രാവിലെ 9 മുതൽ | " |
| ചുണ്ടക്കര | രാവിലെ 9 മുതൽ | " |
| കല്ലുവയൽ | രാവിലെ 9 മുതൽ | " |
| കണിയാമ്പറ്റ | രാവിലെ 9 മുതൽ | " |
| കേണിച്ചിറ | രാവിലെ 9 മുതൽ | " |
| നടവയൽ | രാവിലെ 9 മുതൽ | " |
| നെയ്ക്കുപ്പ | രാവിലെ 9 മുതൽ | " |
| പറളിക്കുന്ന് | രാവിലെ 9 മുതൽ | " |
| വാളവയൽ | രാവിലെ 9 മുതൽ | " |
| വിളമ്പുകണ്ടം | രാവിലെ 9 മുതൽ | " |
| കുറുമ്പാലക്കോട്ട (Independent station) | രാവിലെ 9 മുതൽ | " |

ഏപ്രിൽ 18 ബുധൻ ഉച്ചകഴിഞ്ഞ് – ഏതെങ്കിലും കാരണവശാൽ തീരാത്ത ഇടവകകൾ.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2012 ജനുവരി 24-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. ബഹു. സെബാസ്റ്റ്യൻ പുന്നയ്ക്കാപ്പടവിൽ അച്ചന്റെ പ്രാർത്ഥനയോടെ രാവിലെ 10.15 ന് യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. നവ വൈദീകരായ റവ.ഫാ. പ്രദീഷ് കിഴക്കൻപുതുപ്പള്ളി, റവ.ഫാ. ജയ്നേഷ് പുതുക്കാട്ടിൽ, റവ. ഫാ. ജോർജ്ജ് മേക്കുളത്തിൽ എസ്.ജെ. എന്നിവർക്ക് പ്രത്യേകമായി സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ പിതാവ് പുഷ്പം നൽകി വൈദിക കൂട്ടായ്മയിലേയ്ക്ക് അവരെ സ്വാഗതം ചെയ്യുകയും സ്വീകരിക്കുകയും ചെയ്തു. ബഹു. കീലത്തച്ചനെ അനുസ്മരിച്ചുകൊണ്ട് ബഹു. ജനറാളച്ചൻ സംസാരിക്കുകയും അച്ചനുവേണ്ടി എല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. മേജർ ആർച്ച് ബിഷപ്പ് 2012 മെയ് മാസം 2 മുതൽ 7 വരെ മാനന്തവാടി രൂപത സന്ദർശിക്കുന്ന കാര്യം യോഗത്തെ അറിയിക്കുകയും മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം സ്വീകരണങ്ങൾ കൊടുക്കുകയല്ലായെന്നും അത് അജപാലനപരമായ സന്ദർശനമാണെന്നും അതിനാൽ മേജർ ആർച്ച്ബിഷപ്പിന്റെ കൂടി താല്പര്യം പരിഗണിച്ച് ഫ്ളക്സുകളും മറ്റും പ്രദർശിപ്പിക്കുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. ബാംഗ്ലൂർ സാൻതോം, മംഗലാപുരം ജോർദ്ദാനിയ എസ്റ്റേറ്റ് എന്നിവയുടെ വില്പനയെപ്പറ്റി പിതാവ് യോഗത്തെ അറിയിച്ചു. 2015 മുതൽ മേജർ സെമിനാരിയിൽ അഡ്മിഷൻ കിട്ടാൻ ഡിഗ്രി നിർബന്ധമാണെന്നും അതിനാൽ അക്കാര്യത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കണമെന്നും പിതാവ് സൂചിപ്പിച്ചു. തിരുനാൾ പ്രദക്ഷിണങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തവിധത്തിൽ നടത്തണമെന്നും ഇടവക പള്ളികൾ തീർത്ഥാടന കേന്ദ്രങ്ങൾ അല്ലായെന്നും തീർത്ഥാടന കേന്ദ്രങ്ങൾ എന്ന് എഴുതി വച്ചതുകൊണ്ട് തീർത്ഥാടന കേന്ദ്രങ്ങൾ ആകുന്നില്ലെന്നും സൂചിപ്പിച്ചു.

ദൈവജനത്തെ കെട്ടിപ്പടുക്കാൻ വചനത്തിന്റെ ശക്തിയാണ്

ഉപയോഗിക്കേണ്ടതെന്നും "I know that you are religious leader but I want you to be spiritual leaders" ഇന്ത്യയുടെ മുൻ പ്രസിഡന്റ് ശ്രീ. അബ്ദുൾ കലാം ഒരിക്കൽ മെത്രാന്മാരോട് സൂചിപ്പിച്ച ഈ വാചകം ഉദ്ധരിച്ചു കൊണ്ട് എല്ലാ വൈദികരും ആത്മീയ നേതാക്കന്മാരാകാൻ പിതാവ് ആഹ്വാനം ചെയ്തു. ഇടവകയിൽ നിന്നും അനുവാദത്തിനായി അപേക്ഷകൾ ബഹു. വികാരിയച്ചന്മാർ കൊടുത്തു വിടുമ്പോൾ ബഹു. വികാരിയച്ചന്റെ അഭിപ്രായം വ്യക്തമായി സൂചിപ്പിക്കണമെന്നും ഇടവകകൾ ധ്യാനകേന്ദ്രങ്ങളെപ്പോലെ പ്രവർത്തിക്കുന്നത് ശരിയല്ലായെന്നും പിതാവ് സൂചിപ്പിച്ചു. കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് സുരക്ഷ ഇൻഷുറൻസ് പദ്ധതികൾക്ക് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

തുടർന്ന് മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനത്തെക്കുറിച്ച് ബഹു. ജനറാളച്ചൻ വിശദമായി യോഗത്തെ അറിയിച്ചു. മണിമൂളി (മെയ് 2), ബത്തേരി (മെയ് 4) ചുങ്കക്കുന്ന് (മെയ് 5), കത്തീഡ്രൽ (മെയ് 6) എന്നിവിടങ്ങളിലും രൂപതാദിനത്തോടനുബന്ധിച്ച് ദ്വാരക പാസ്റ്ററൽ സെന്ററിലും (മെയ് 3) വി. കുർബാനയോടുകൂടിയും, സിയോൻ ധ്യാനകേന്ദ്രം (മെയ് 5), ഗൂഡല്ലൂർ (മെയ് 6), കൽപ്പറ്റ (മെയ് 7) എന്നിവിടങ്ങളിൽ വി. കുർബാന ഇല്ലാതെയുമുള്ള പൊതുപരിപാടികളും, വൈദികർ (മെയ് 3) സെമിനാരിക്കാർ (മെയ് 7), പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ (മെയ് 3) സന്യസ്തസഭകളുടെ മേജർ സുപ്പീരിയേഴ്സ് & ലോക്കൽ സുപ്പീരിയേഴ്സ് എന്നിവരുമായുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കൂടിക്കാഴ്ചകളും (മെയ് 3). ജനറലേറ്റുകൾ, പ്രൊവിൻഷ്യൽ ഹൗസുകൾ തുടങ്ങിയവയുടെ സന്ദർശനങ്ങളും അടങ്ങിയ പ്രോഗ്രാം യോഗം അംഗീകരിച്ചു.

രൂപതയുടെ സ്ഥലങ്ങൾ വിറ്റ കാര്യങ്ങളും വാങ്ങിയ സ്ഥലങ്ങളുടെ കാര്യങ്ങളും രൂപത പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റം അച്ചൻ യോഗത്തെ അറിയിച്ചു.

ക്രിസ്റ്റ്യൻ സിവിക് സൊസൈറ്റി (CCSS) യെക്കുറിച്ച് അതിന്റെ സെക്രട്ടറി ബഹു. ബാബു മാപ്ലശേരി അച്ചൻ സംസാരിച്ചു. പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും അച്ചൻ ആവശ്യപ്പെട്ടു. രൂപത പുറത്തിറക്കുന്ന ചരിത്രഗ്രന്ഥത്തിന്റെ പ്രവർത്തനങ്ങളോട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന്റെ കാര്യം PPF സെക്രട്ടറി ബഹു. ഷാജി മുളകൊടിയാങ്കൽ അച്ചൻ യോഗത്തെ അറിയിക്കുകയും സ്വന്തമായി മെഡിക്കൽ ഇൻഷുറൻസ് ചെയ്തവർക്ക് PPF -ൽ നിന്നും പ്രീമിയം തുക കൊടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

മാസധ്യാനത്തിന്റെ ചെലവുകൾ ഇടവകയിൽ നിന്ന് വഹിക്കുന്ന കാര്യങ്ങളും കഴുന്ന്, മുടി മുതലായവയ്ക്ക് പല ഇടവകകളിലും വ്യത്യസ്തമായ സംഖ്യ വാങ്ങുന്നതിനെക്കുറിച്ചും ബഹു. പ്ലാശനാൽ അച്ചൻ സൂചിപ്പിച്ചു. തുടർന്ന് എല്ലാ ഇടവകകളിലും രൂപതയിൽ നിന്ന് നിശ്ചയിച്ച പടിയിനത്തിൽ ഉള്ള തുക തന്നെ വാങ്ങണമെന്നും (കഴുന്ന്, മുടി 20 രൂപ) പല ഇടവകകളിലും പല തുക ശരിയല്ലെന്നും തീരുമാനിച്ചു.

ഒരു വൈദികന് 5000/ രൂപ ഒരു മാസം അലവൻസ് കിട്ടുന്നതിൽ ഒരു വർഷത്തിൽ ഒരു മാസത്തെ അലവൻസ് PPF ലേയ്ക്കും ഒരു മാസത്തേത് മാസധ്യാനത്തിന്റെ ചെലവിലേയ്ക്കും കൊടുത്താൽ 10 മാസത്തെ അലവൻസ് കൊണ്ട് ജീവിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളതെന്നും അതിനാൽ മാസധ്യാനത്തിന്റെ തുക അത് നടത്തുന്ന ഇടവകയിൽ നിന്ന് എടുക്കുന്നതിൽ തെറ്റില്ലെന്നും പൊതു അഭിപ്രായം ഉണ്ടായി.

മാസ ധ്യാനത്തിന് ഇടവകയിൽ നിന്നും ചെലവഴിക്കുന്ന തുകയ്ക്ക് പരിധി വയ്ക്കണമെന്നും വേണ്ടായെന്നുമുള്ള വ്യത്യസ്തമായ അഭിപ്രായത്തിനുശേഷം ഉചിതവും ന്യായവുമായ തുക ഇടവകയിൽ നിന്ന് എടുക്കാമെന്നും ഭക്ഷണകാര്യത്തിൽ മിതത്വം പാലിച്ച് കൊണ്ട് ചെലവ് ചെയ്യണമെന്നും തീരുമാനിച്ചു. തുടർന്ന് മേരി മാതാ കോളേജിനെക്കുറിച്ച് ചർച്ച നടന്നു.

കുടുംബ പ്രേഷിതത്വ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചൻ വലിയ കുടുംബത്തെ ആദരിക്കുന്ന ചടങ്ങ് മാർച്ച് 3 ന് നടക്കുന്ന കാര്യം യോഗത്തെ അറിയിച്ചു. 1980 ജനുവരി 1–ന് ശേഷം വിവാഹിതരും നാലോ അതിൽ അതിലധികമോ കുട്ടികളുള്ള ദമ്പതിമാരെയാണ് ആദരിക്കുന്നതെന്നും വിവാഹ ജീവിതത്തിൽ 40 വർഷം പിന്നിടുന്നവരിൽ 10 ഉം അതിൽ അധികം മക്കളുള്ളവരെയും ആദരിക്കുമെന്നും അറിയിച്ചു. പ്രസ്തുത കുടുംബങ്ങൾ ഇടവകയിൽ ഉണ്ടെങ്കിൽ എത്രയും വേഗം പേരുകൾ കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു.

ശനിയാഴ്ചകളിൽ വിവാഹം നടക്കുന്നിടത്ത് വെള്ളിയാഴ്ചകളിലെ മാംസവർജ്ജനത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടു.

അഭിവന്ദ്യ പിതാവ് എല്ലാവർക്കും നന്ദി പറഞ്ഞു. രൂപതാ ഗാനത്തോടെ 1.45 ന് വൈദിക സമ്മേളനം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# വിശ്വാസമേഖലയിലെ വ്യതിചലനങ്ങൾ

ഭൗതീകവാദവും (materialism) അതിഭൗതീകവാദവും (hyper materialism) മനുഷ്യന്റെ ചിന്താമണ്ഡലത്തെ സ്വാധീനിക്കുന്നതിന്റെ ഫലമായി മതാത്മകതയ്ക്ക് (Religiocity) ആഗോളീകരണയുഗത്തിൽ വന്നു ഭവിച്ചിരിക്കുന്ന വിശ്വാസാപജയത്തിന്റെ ബിംബങ്ങളാണ് വ്യക്തികേന്ദ്രീകൃതവും (Person-Centred) പ്രത്യേക ഗണമായുള്ളതും (sects) സ്ഥലകേന്ദ്രീകൃതവും (Space centred) ഒക്കെയായി കാണപ്പെട്ട നൂതനമെന്ന വ്യാജേന അന്ധകാരലോകത്തിന്റെ അധീശന്മാർ നിയന്ത്രിക്കുന്ന ശിലായുഗ സമാനമായ യുക്തിരഹിത ആദ്ധ്യാത്മികതയുടെ സാർവ്വത്രികത. കാര്യസാധ്യതയ്ക്കും ഭൗതീകനേട്ടത്തിനുമായി ആദ്ധ്യാത്മികതയെ വാണിജ്യവൽക്കരിക്കുവാൻ സാധിക്കുന്നവിധം മനുഷ്യന്റെ മനസ്സിനും സാരമായ കേടുപാടുകൾ സംഭവിച്ചിരിക്കുന്നു. മലയാളിസമൂഹം ദൈവത്തെപ്പോലും തങ്ങളുടെ വരുതിക്ക് നിർത്താൻ കഴിയണമെന്ന് ചിന്തിക്കുകയും തങ്ങളുടെ സ്വാർത്ഥലക്ഷ്യങ്ങൾക്ക് ഇണങ്ങുന്ന ദൈവത്തെ അതായത് ബിംബങ്ങളെ നിർമ്മിക്കുന്നവരുമായി മാറിക്കൊണ്ടിരിക്കുമെന്ന നീരീക്ഷണത്തിനും പ്രസക്തിയുണ്ട്. നല്ല വിശ്വാസമുള്ളവരും പരമ്പരാഗതമായി കാത്തുപരിപാലിച്ചിരുന്ന മതാധിഷ്ഠിത ജീവിതക്രമമുണ്ടായിരുന്നവരും കേവലം ഉപരിപ്ലവവും യുക്തിരഹിതവും എന്നാൽ നവീനം മാത്രമായ ആശയങ്ങൾക്ക് ചെവികൊടുക്കുന്നത് കാലപ്രവാഹത്തിൽ വന്നിരിക്കുന്ന ദയനീയചിത്രങ്ങളാണ്. വിശുദ്ധ ഗ്രന്ഥത്തിനോ സമ്പന്നമായ മതമൂല്യങ്ങൾക്കോ, ധന്യമായ പാരമ്പര്യങ്ങൾക്കോ പ്രാധാന്യം കല്പിക്കാതെ വിശ്വാസ സമൂഹത്തെ അന്ധവിശ്വാസങ്ങളിലേയ്ക്കും അനാചാരങ്ങളിലേയ്ക്കും നയിക്കുന്ന പ്രബോധനങ്ങളുടെ ആവനാഴിയുമായി ചിലരെല്ലാം കടന്നുവരുന്നു. മനുഷ്യന്റെ ദൗർബല്യങ്ങൾ ആത്മീയതയുമായി ബന്ധിപ്പിച്ച് നേട്ടമുണ്ടാക്കുകയാണ് ഇവരുടെ ലക്ഷ്യം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ കമ്പോളവത്ക്കരണത്തിന്റെ പാർശ്വഫലങ്ങളായി വിശ്വാസമേഖലയിൽ കാണപ്പെടുന്ന ലക്ഷണക്കേടുകളാണവ.

വിശ്വാസജീവിതത്തിൽ അനിവാര്യമായ സൂഷ്മതയും ജാഗ്രതയും വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ വ്യക്തമാണ്. വരും കാലങ്ങളിൽ ചിലർ കപടാത്മാക്കളിലും പിശാചിന്റെ പ്രബോധനങ്ങളിലും ശ്രദ്ധയർപ്പിച്ചുകൊണ്ട് വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുമെന്ന് ആത്മാവ് വ്യക്തമായി പറയുന്നു. മന:സാക്ഷി കത്തികരിഞ്ഞുപോയ നുണയന്മാരുടെ കാപട്യമാണ് ഇതിനുകാരണം. (1 തിമോ. 4:1-12).സഭയുടെ നേതൃത്വശുശ്രൂഷ തിമോത്തിയോസിനെ ഏൽപ്പിക്കുമ്പോൾ വി. പൗലോസ്ശ്ലീഹ നല്കുന്ന പ്രധാനദൗത്യം സത്യവിശ്വാസം സംരക്ഷിക്കണമെന്നാണ്. ഇവിടെ അദ്ദേഹം തിമോത്തിയോസിനെ ഓർമ്മപ്പെടുത്തുന്നു."ഇക്കാര്യങ്ങൾ നമ്മുടെ സഹോദരരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ നീ ഈശോമിശിഹായുടെ നല്ല ശുശ്രൂഷകനായിരിക്കും. വിശ്വാസത്തിന്റെ വചനങ്ങളാലും നീ ഇതുവരെ അനു

വർത്തിച്ച് പോന്ന നല്ല വിശ്വാസസംഗതിയാലും പരിപോഷിപ്പിക്കപ്പെട്ട ശുശ്രൂഷകൻ. ലൗകീകവും അർത്ഥശൂന്യവുമായ കെട്ടുകഥകൾ നീ തീർത്തും അവഗണിക്കുക". (1 തിമോ. 4:6-7) തിമോത്തിയോസിനോട് വി. പൗലോസ് ശ്ലീഹ വ്യക്തിപരമായും ഇക്കാര്യം ഊന്നിപറയുന്നുണ്ട്." എന്റെ മകനായ തിമോത്തിയോസെ, നിന്നെക്കുറിച്ച് നേരത്തെയുണ്ടായിട്ടുള്ള പ്രവചനങ്ങൾക്കനുസരണം വിശ്വാസത്തോടും നല്ല മന:സ്സാക്ഷിയോടും കൂടെ നന്നായി പോരാടുന്നതിനുള്ള ചുമതല നിന്നെ ഞാൻ ഭരമേല്പ്പിക്കുന്നു. ചിലയാളുകൾ മന:സ്സാക്ഷിയെ തിരസ്കരിച്ചുകൊണ്ട് വിശ്വാസം തീർത്തും നശിപ്പിച്ചുകളഞ്ഞു. ഹ്യൂമനേയോസും അലക്സാണ്ടറും അക്കൂട്ടത്തിൽ പെടുന്നു". (1.തിമോ. 1: 18-20) ഭൗതീകതയ്ക്ക് അമിത പ്രാധാന്യം കൈവരുമ്പോൾ ജനസഞ്ചയത്തിന് വന്നു ഭവിക്കാവുന്ന സ്വഭാവരീതിയെക്കുറിച്ചും വി. പൗലോസ് ശ്ലീഹ പറയുന്നു. " ജനങ്ങൾ ഉത്തമമായ പ്രബോധനങ്ങൾക്ക് സഹിഷ്ണത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്ക് ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിനുനേരെ ചെവിയടച്ച് കെട്ടുകഥകളിലേയ്ക്ക് ശ്രദ്ധ തിരിക്കും". (2 തിമോ. 4: 3-4) തീത്തോസിനെ ക്രേത്തായിലെ സഭയുടെ നേതൃത്വം ഏല്പ്പിച്ചുകൊണ്ട് വി. പൗലോസ് ശ്ലീഹ ഉദ്ബോധിപ്പിക്കുന്നതും അബദ്ധ പ്രബോധനങ്ങളിലൂടെയുള്ള അപകടം തന്നെയാണ്. "എന്തെന്നാൽ വിധേയത്വമില്ലാത്തവരും അർത്ഥശൂന്യമായി സംസാരിക്കുന്നവരും വഞ്ചകരുമായ ഒട്ടേറെയാളുകൾ അവിടെയുണ്ട്. അവരെ നിശബ്ദരാക്കേണ്ടിയിരിക്കുന്നു. നീചമായ ലാഭത്തെ ഉന്നം വച്ചുകൊണ്ട് പഠിപ്പിക്കാൻ പാടില്ലാത്ത കാര്യങ്ങൾ പഠിപ്പിക്കുന്നതുമുഖേന കുടുംബങ്ങളെ ഒന്നാകെ അവർ തകിടം മറിക്കും". (തിത്തോ. 1:10-11)

വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും കത്തോലിക്കാ സഭ നൂറ്റാണ്ടുകളായി സത്യവിശ്വാസം അപ്പസ്തോലന്മാരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും അഭംഗുരം കാത്തുസൂക്ഷിക്കുന്നു. വിശ്വാസ വഴിതെറ്റൽ ചരിത്രത്തിൽ എല്ലാകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. എന്നാൽ സഭ ഓരോ ഘട്ടങ്ങളിലും ശക്തമായ ഇടപെടലുകളിലൂടെ സത്യവിശ്വാസം സൂക്ഷിച്ചു. അബദ്ധപ്രബോധനങ്ങൾക്കും വഴിതെറ്റിക്കുന്ന വ്യാഖ്യാനങ്ങളുമായി കാലാകാലങ്ങളിൽ വന്നിട്ടുള്ള വിശ്വാസ ധ്വംസനങ്ങൾക്കെതിരെ ശരിയായ വിശ്വാസസത്യങ്ങളുമായി നിലകൊണ്ട സഭാപിതാക്കന്മാരേയും വേദപാരംഗതന്മാരേയും രക്തസാക്ഷികളേയും ഇത്തരുണത്തിൽ നാം ഓർമ്മിപ്പിക്കണം. പണ്ഡിതന്മാരും വിശുദ്ധരുമായിരുന്ന ക്ലെമൻറ്, ഇരണേവൂസ്, ഒരിജൻ, സിപ്രിയൻ, അത്തനാസിയൂസ്, അംബ്രോസ്, അഗസ്റ്റ്യൻ, നിസ്സായിലെ ഗ്രിഗറിനസ്യായൻസൺ, ബേസിൽ ജറോം, ജോൺ ക്രിസോസ്തോം, എന്നിവർ ഈ ഗണത്തിൽ വരുന്നു. ഗ്നോസ്റ്റിസിസം, അഡോപ്ഷനിസം, ഡൊസറ്റിസിസം, മൊണ്ടനിസം, മാനിക്കേയിസം, ആരിയനിസം, അപ്പോളിനാരിയനിസം, ഡൊണാറ്റിസം, പെലാജിനിയസം, മോണോഫിസിറ്റിസം, മൊണോതെലറ്റിസം, എന്നീ പാഷണ്ഡതകൾക്കെതിരായി സന്ധിയില്ലാതെ പോരാടിയിരുന്ന മഹാരഥന്മാരായിരുന്നു

മുകളിൽ പ്രസ്താവിച്ച വ്യക്തികളെല്ലാം. കാലാകാലങ്ങളിൽ കൂടിയ സഭാ കൗൺസിലുകളും അബദ്ധ സിദ്ധാന്തങ്ങളെ തക്ക സമയത്ത് പ്രതിരോധിച്ചിരുന്നു. നിഖ്യാ, കോൺസ്റ്റാറ്റിനോപ്പിൾ, എഫേസോസ്, കാൽസിദോനിയ കൗൺസിലുകൾ സത്യവിശ്വാസം പഠിപ്പിക്കുന്നതിന്റെ അനിവാര്യത അർത്ഥശങ്കയ്ക്കിടമില്ലാതെ വ്യക്തമാക്കി.

ആദിമസഭയിലെന്നപോലെ ഇക്കാലത്തും വിശ്വാസികളുടെ ഇടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കുവാൻ ഇടയാകുന്ന വിധത്തിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങളും പ്രസ്ഥാനങ്ങളും ഉണ്ട്. മനുഷ്യമനസ്സിലുള്ള ആത്മീയ ചിന്ത മുതലെടുക്കുവാൻ വിദഗ്ദമായ ശ്രമങ്ങൾ ഒറ്റക്കും സംഘാത്മകമായും നടന്നു വരുന്നു. ഇപ്രകാരമുള്ളവയെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കാം.

**1. എംപറർ എമ്മാനുവൽ ട്രസ്റ്റ്**

ഇരിങ്ങാലക്കുട രൂപതയിലുള്ള 'മുരിയാട്' കേന്ദ്രമാക്കി സിയോൻ ധ്യാനകേന്ദ്രം എന്നപേരിൽ ഈ ട്രസ്റ്റ് പ്രവർത്തിക്കുന്നു. പൊന്നാറ ജോസ് എന്ന വ്യക്തിയുടെ നേതൃത്വത്തിലാണ് ഈ ട്രസ്റ്റിന്റെ പ്രവർത്തനം. അബദ്ധവും യുക്തിരഹിതവും വികലവുമായ പ്രബോധനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ച് ഇവർ നടത്തുന്നു. ഇവരുടെ അബദ്ധപ്രബോധനങ്ങളിൽ പ്രധാനമായവ താഴെ പറയുന്നു.

a) എമ്മാനുവേൽ ഇതുവരെ ജനിച്ചിട്ടില്ല. ജനിക്കാനിരിക്കുന്ന എമ്മാനുവേലാണ് ശരിക്കും എംപറർ എമ്മാനുവേൽ.
b) മറിയം പൂർണ്ണഗർഭിണിയായിട്ടിരിക്കുന്നു.
c) മറിയം പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളാണ്.
d) പിതാവായ ദൈവത്തിന് മറിയത്തിൽ ജനിച്ച ആദ്യസന്തതിയാണ് ആദം.
e) ലോകാവസാനം ഉടൻ ഉണ്ടാകും. എംപറർ എമ്മാനുവേലിലെ അംഗങ്ങൾ മാത്രം രക്ഷ പ്രാപിക്കും. സുവിശേഷത്തിൽ പറയുന്ന ചെറിയ ഗണം തങ്ങളാണ്.

ഇവരുടെ പ്രബോധനം വികലവും വിഡ്ഢിത്തവുമാണ്. വിശുദ്ധ ഗ്രന്ഥം ഇവർ ഉപയോഗിക്കുന്നെങ്കിലും യഥാർത്ഥത്തിൽ വിശുദ്ധഗ്രന്ഥം ഉദ്ദേശിക്കുന്ന വ്യാഖ്യാനമല്ല ഇവർ നടത്തുന്നത്. വിശുദ്ധ ഗ്രന്ഥത്തിലെ മൂലകൃതികളോട് (source book) യാതൊരു നീതിയും പുലർത്താത്ത വ്യാഖ്യാനം ജനങ്ങളെ ആകർഷിക്കുവാനും മരണാനന്തര ജീവിതത്തെക്കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള അവ്യക്തത മുതലെടുക്കുവാനുള്ള തന്ത്രം കൂടിയാണിത്. ഇവർ പ്രധാനമായും അടിസ്ഥാനമാക്കുന്ന വെളിപാട് പുസ്തകം 12-ാം അധ്യായത്തിൽ പറയുന്ന സ്ത്രീ സഭയാണ്. ഈ ഒറ്റക്കാരണം കൊണ്ട് തന്നെ അവരുടെ പ്രബോധനങ്ങളുടെ അടിത്തറ നഷ്ടമാക്കുന്നു.

**2. ആത്മവിമോചന മധ്യസ്ഥാലയം (Amma)**

ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻച്ചിറ എന്ന സ്ഥലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു വിഭാഗം. അമ്മ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ വിഭാഗത്തിന്റെ സ്ഥാപകൻ ഇരിഞ്ഞാലക്കുട രൂപതയിൽ നിന്നും

പുറത്താക്കപ്പെട്ട പരേതനായ ഫാ. ജോൺ ആലപ്പാട്ട് ആണ്. സ്വഭാവദൂഷ്യം മൂലമാണ് അദ്ദേഹത്തെ പുറത്താക്കിയത്. 1996 ജൂൺ 8-നാണ് ഈ വിഭാഗം രൂപപ്പെടുന്നത്. ഇവരുടെ അബദ്ധചിന്തകൾ താഴെ പറയുന്നു.

a) ആത്മാക്കൾ ബന്ധനത്തിലാണ്. അവരുടെ മോചനത്തിനായി പ്രത്യേകം പ്രാർത്ഥനാശുശ്രൂഷകൾ വേണം.
b) ആത്മാക്കൾ എപ്പോഴും അലഞ്ഞുനടക്കുന്നു. ദുർമരണം സംഭവിച്ചവരുടെ ആത്മാക്കളാണ് ഇപ്രകാരം അലഞ്ഞുനടക്കുന്നത്. ഇവർക്ക് ശാന്തിയുണ്ടാകുവാൻ പരിഹാരക്രിയകൾ ചെയ്യണം.
c) പൂർവ്വപാപ പൈശാചികബന്ധനത്തിൽപ്പെട്ട മരിച്ചവരുടെ ആത്മാക്കളുടെ മോചനത്തിനായും പ്രത്യേക പ്രാർത്ഥനകളും പരിഹാരങ്ങളും വേണം.
d) മരിച്ചുപോയി പാതാളത്തിൽ കഴിയുന്ന ആത്മാക്കളോട് വചനം പ്രസംഗിച്ച് അവരെ മോചിപ്പിക്കുവാനാകും.

ഇവരുടെ പ്രബോധനം അനുസരിച്ച് മരിച്ചുപോയവരുടെ ആത്മാക്കൾ തടവിലാണെന്നും അലഞ്ഞുനടക്കുമെന്നുമുള്ള പ്രബോധനങ്ങൾ ചില പ്രാചീന മതങ്ങളിലുണ്ടായിരുന്നതാണ്. എന്നാൽ മരണശേഷമുള്ള ആത്മാക്കളുടെ അവസ്ഥ സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം എന്നിവയിലധിഷ്ഠമാണെന്നാണ് കത്തോലിക്കാസഭയുടെ പ്രബോധനം. ഇതിന് വിശുദ്ധ ഗ്രന്ഥവും സഭയുടെ നൂറ്റാണ്ടുകൾ പിന്നിട്ട പാരമ്പര്യവും പിൻബലമേകുന്നു. തന്റെ നിത്യമായ ഭാഗധേയം മുന്നിൽ കണ്ടുകൊണ്ട് സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ മനുഷ്യനുള്ള ഉത്തരവാദിത്വത്തിലേയ്ക്കുള്ള ആഹ്വാനമാണ് നരകത്തെ സംബന്ധിക്കുന്ന വിശുദ്ധ ഗ്രന്ഥപ്രതിപാദ്യങ്ങളും സഭാപ്രബോധനങ്ങളും. നരകശിക്ഷ എന്നത് ദൈവത്തിൽ നിന്ന് എന്നേയ്ക്കുള്ള വേർപാടാണ്. ദൈവത്തിൽ മാത്രമാണ് മനുഷ്യന് ജീവനും സന്തോഷവും ഉണ്ടാകുന്നത്. ജീവിച്ചിരിക്കുന്ന കാലത്ത് മാനസാന്തരത്തിനും തിരിച്ചുവരവിനും ലഭിക്കുന്ന അവസരങ്ങൾ സ്വാതന്ത്ര്യപൂർണ്ണമായ ഉത്തരവാദിത്വത്തോടെ നിറവേറ്റണം എന്ന് സഭ ഉദ്ബോധിപ്പിക്കുന്നു. മരണശേഷം നരകശിക്ഷയിലായിരിക്കുന്നവർക്ക് അവിടെ നിന്നും മോചനമില്ല. ജീവിച്ചിരിക്കുമ്പോൾ നരകശിക്ഷ ലഭിക്കാതിരിക്കുവാൻ മനുഷ്യൻ ബോധപൂർവ്വം ശ്രദ്ധിക്കണം. അതല്ലാതെ മരിച്ചശേഷം ആരേയും നരകാവസ്ഥയിൽനിന്നും മോചിപ്പിച്ച് കൊണ്ടുപോകാനാവില്ല. എന്നാൽ നിത്യരക്ഷ ഉറപ്പ് നേടിയവർ ശുദ്ധീകരണ സ്ഥലത്ത് അവസാനവിധിക്കുമുമ്പ് ശുദ്ധീകരണത്തിന് വിധേയമാക്കപ്പെടുന്നു. അവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകളും സത്കർമ്മങ്ങളും ഫലദായകവും ആണ്. കത്തോലിക്കാ സഭ തനതുവിധിയെയും പൊതുവിധിയേയും കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നു. ഫാ. ആലപ്പാടിന്റെ മരണശേഷം ഈ പ്രസ്ഥാനം ഏതാണ്ട് നിർവീര്യമായിട്ടുണ്ട്.

**3. 'സ്പിരിറ്റ് ഇൻ ജീസസ്'**

ദിവംഗതനായ ജോൺ പോൾ രണ്ടാമനാണ് തങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനെന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാവിശ്വാസികളുടെ ഇടയിൽ കയറിക്കൂടി കഴിയുംവിധം വിശ്വാസികളെ വഴിതെറ്റിക്കുന്ന ടോം സഖറിയ എന്ന വ്യക്തിയുടെ നേതൃത്വത്തിലുള്ള പ്രാർത്ഥനാഗ്രൂപ്പാണ്

സ്പിരിറ്റ് ഇൻ ജീസസ്. വി. കുർബാനയ്ക്കും പരി. കന്യകാമറിയത്തിനും ഇവർ പ്രാധാന്യം കല്പ്പിക്കുന്നതുകൊണ്ട് ശുദ്ധ ഹൃദയരായ വിശ്വാസികൾ ഇവരുടെ കെണിയിൽ വീഴാനുള്ള സാധ്യത കൂടുതലാണ്. ഈ പേര് ഇവർക്ക് വെളിപ്പെട്ട് കിട്ടിയതാണന്ന് അവർ അവകാശപ്പെടുന്നു. ഈശോമിശിഹാ യുടെ ആത്മാവിനെയാണ് തങ്ങൾ സ്വീകരിച്ചിരിക്കുന്നത് എന്ന് ഇവർ വാദി ക്കുന്നു. ഇത് പരിശുദ്ധാത്മാവല്ല. തങ്ങൾക്കായി മാത്രം ലഭിച്ചിരിക്കുന്ന ആത്മാവാണിതെന്നും ഇവർ സ്വയം പ്രഖ്യാപിക്കുന്നു. ഇവരുടെ വഴിതെ റ്റിയ പ്രബോധനങ്ങൾ താഴെ കുറിക്കുന്നു.

a) തനതുവിധിയില്ല. പൊതുവിധി മാത്രമേയുള്ളൂ.
b) അന്ത്യവിധിവരെ മിശിഹാ രക്ഷകനാണ്. വിധിയാളനല്ല.
c) മരണത്തിനും അന്ത്യവിധിക്കുമിടയിൽ രക്ഷ പ്രധാനം ചെയ്യപ്പെടുന്നു.
d) നരകം നിത്യമല്ല. താൽക്കാലിക സംവിധാനമാണ്.
e) മാനസികരോഗങ്ങൾക്കു കാരണം നരകത്തിൽ കഴിയുന്ന ആത്മാക്ക ളുടെ പ്രവർത്തനമാണ്.
f) ആദിപാപം ലൈംഗികപാപമാണ്.
g) നിലവിളക്കുപോലുള്ളവയിൽക്കൂടി പിശാച് കടന്ന് വരും.

1 പത്രോസ് 3:19, 1 പത്രോസ് 4:6, എഫേ. 4:8 എന്നീ വി. ഗ്രന്ഥഭാഗ ങ്ങൾ ഉപയോഗിച്ച് ക്രിസ്തു പാതാളത്തിൽ (നരകം) ചെന്ന് അവിടെ ഉണ്ടാ യിരുന്നവരെ രക്ഷിച്ചുവെന്ന് സ്ഥാപിക്കുന്നു. ബൈബിൾ വ്യാഖ്യാനത്തിലെ അടിസ്ഥാനതത്വങ്ങൾ ബലികഴിച്ചുകൊണ്ട് തങ്ങൾക്കിണങ്ങും വിധം വിശുദ്ധ ഗ്രന്ഥത്തെ ഉപയോഗിക്കുന്ന കൂട്ടരാണിവർ. ഈശോയെ മരുഭൂമിയിൽ പരീ ക്ഷിക്കുവാൻ ചെന്ന സാത്താനും വിശുദ്ധഗ്രന്ഥം ഉച്ചരിച്ചുവെന്നത് ശ്രദ്ധേ യമാണ്. അതേരീതി ഇക്കൂട്ടർ അവലംബിക്കുന്നു. മാനസികരോഗത്തെക്കു റിച്ച് നല്ല വ്യക്തമായ ശാസ്ത്രകാരണങ്ങൾ ഉണ്ട്. അത് പരേതാത്മാക്കൾ ആണെന്ന് മനസ്സിലാക്കേണ്ടതില്ല. നരകത്തിൽ ആയിരിക്കുന്നവരെ രക്ഷിക്കാ നാവില്ലെന്ന വസ്തുതയും വിശുദ്ധ ഗ്രന്ഥപ്രകാരം വ്യക്തമാണ്. നിലവിള ക്കുപോലുള്ള വസ്തുക്കളുടെ ഉപയോഗംമൂലം പിശാചുണ്ടാകുന്നുവെന്ന പ്രബോധനങ്ങളും വളരെ ദയനീയം തന്നെ. സാധാരണവിശ്വാസികളുടെ ഇടയിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അവ്യക്തത മുതലെടുത്തു കൊണ്ടും ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും രോഗങ്ങളേയും പരേതാത്മാക്കളുമായി ബന്ധപ്പെടുത്തിക്കൊണ്ടും പെട്ടെന്ന് ജനസമ്മതി (Popularity) നേടുവാനും ഈ വിഭാഗക്കാർക്ക് കഴിഞ്ഞിട്ടു ണ്ട്. പ്രബോധനങ്ങളിലെ അബദ്ധങ്ങൾ തിരിച്ചറിയാതെ നല്ലവരായ വിശ്വാ സികളും ഈ വിഭാഗങ്ങളിൽ ചെന്ന് ചേരാനിടയാകുന്നു. ഇവിടെ ജാഗ്രത യോടെ വർത്തിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. 'ഇതാ നിന്റെ അമ്മ' എന്ന മാസിക സൗജന്യമായി വിതരണം ചെയ്തുകൊണ്ട് ഈ പ്രസ്ഥാന ത്തിന്റെ ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നു.

**4. ആത്മാഭിഷേക സഭ**

പെന്തക്കോസ്ത് സഭയുടെ പ്രബോധനനാശയങ്ങളുമായി കത്തോ ലിക്കാവിശ്വാസികളുടെ ഇടയിൽ നുഴഞ്ഞ് കയറുന്ന പ്രസ്ഥാനമായി ആത്മാ

ഭിഷേക സഭ നിലകൊള്ളുന്നു. മുല്ലക്കര ദേവസ്യാ സാർ എന്ന സുറിയാനി കത്തോലിക്കാ വിശ്വാസിയായിരുന്ന ഒരു വ്യക്തിയാണ് ഈ ഗ്രൂപ്പിന് നേതൃത്വം നല്കുന്നത്. തലശ്ശേരി രൂപതാംഗമായിരുന്ന ഇദ്ദേഹം അബദ്ധ പ്രബോധനങ്ങൾ തുടങ്ങുന്നതിന് മുമ്പ് കേരളത്തിലെ പല കത്തോലിക്കാ ദൈവാലയങ്ങളിലും വചനപ്രഘോഷണം നടത്തിയിട്ടുള്ള വ്യക്തിയാണ്. കത്തോലിക്കാ സഭ വേദികളിലൂടെ വളർന്ന് ഇപ്പോൾ കത്തോലിക്കാ വിശ്വാസത്തിനെതിരായി തിരിഞ്ഞിരിക്കുന്ന വിഭാഗമാണ് ഇവർ. ഇവരുടെ പ്രബോധനങ്ങൾ അബദ്ധങ്ങളായി മാത്രം കരുതാനാവില്ല. ബോധപൂർവ്വമുള്ള കത്തോലിക്കാവിരുദ്ധ പ്രവർത്തനവുമാണ്. അവയിൽ പ്രധാനമായവ താഴെ പറയുന്നു.

a) കുർബാനയിലും കൂദാശകളിലും ദൈവമില്ല. ഈശോ അപ്പം പ്രതിരൂപമായി മാത്രം ആണ് ഉപയോഗിക്കുന്നത്. ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണെന്ന് ഈശോ പറഞ്ഞുവെങ്കിലും അവിടുന്ന് ഒരിക്കലും അപ്പമായിട്ടില്ല. ഞാൻ നല്ല ഇടയനാണ് എന്ന് ഈശോ പറഞ്ഞിട്ടുണ്ടെങ്കിലും അവിടുന്ന് ഒരിക്കലും ആടുകളെ മേയിക്കാൻ പോയിട്ടില്ല.

b. ഈശോ പാപമോചനത്തിനായുള്ള എന്നേക്കുമുള്ള ബലി അർപ്പിച്ചുകഴിഞ്ഞു. വീണ്ടും പുരോഹിത ബലി ആവശ്യമില്ല.

c) ബൈബിൾ പ്രകാരം വിശ്വസിച്ചുള്ള സ്നാനവും അന്ത്യഅത്താഴവും മാത്രമാണ് കൂദാശകൾ. മറ്റുള്ളവ മനുഷ്യനിർമ്മിതമാണ്.

d) പരി. കന്യകാമറിയത്തേയും വിശുദ്ധരേയും വണങ്ങുവാൻ പാടില്ല. പരി. കന്യകാമറിയത്തിന്റെ കന്യകാത്വം നിഷേധിക്കുന്നു.

e) രക്ഷയ്ക്കടിസ്ഥാനം വി. ഗ്രന്ഥം മാത്രം. പാരമ്പര്യം അനാവശ്യമാണ്.

വി. ഗ്രന്ഥം മാത്രം മതി രക്ഷയ്ക്ക് എന്നുള്ള പെന്തക്കോസ്ത് ആശയം വിശുദ്ധഗ്രന്ഥത്തിന്റെ ഉറവിടം തന്നെ എവിടെയെന്ന് പഠിക്കേണ്ടതാണ്. വി. ഗ്രന്ഥം എഴുതപ്പെട്ട വചനമാണെങ്കിൽ വിശുദ്ധപാരമ്പര്യം ലിഖിതരൂപമല്ലാത്ത ദൈവവചനം തന്നെയാണ്. അത് ഈശോയിൽ നിന്ന് നേരിട്ട് കണ്ട്, കേട്ട്, അനുഭവിച്ച് അപ്പസ്തോലന്മാരിലൂടെ കൈമാറ്റം ചെയ്ത് കിട്ടിയ സഭയുടെ വലിയ കൃപാവരത്തിന്റെ അക്ഷയമായ നിക്ഷേപമാണ്. സഭ രക്ഷയുടെ കൂദാശയാണ്. ദൃശ്യവും അദൃശ്യവുമായ അടയാളമാണ്. ഈശോയിൽ രക്ഷിക്കപ്പെട്ടവരുടെ സ്നേഹകൂട്ടായ്മയാണ് സഭ. ഈശോയുടെ ജീവിതശൈലിതന്നെ സ്വയം ദാനമാണ്. ഈശോയുടെ ഈ സ്വയം ദാനത്തിന്റെ ആചരണമാണ് പരിശുദ്ധ കുർബാന. കത്തോലിക്കാ സഭ ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമാണ്. മിശിഹായിൽ സ്ഥാപിതമാണ് സഭ. ഈശോയാണ് അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തതും തന്റെ ദൗത്യം അവിടുത്തെ പുനരാഗമനം വരെ തുടരാൻ നിയോഗിച്ചതും. മിശിഹായിൽ നിന്നും അധികാരം സ്വീകരിച്ച അപ്പസ്തോലന്മാരിലൂടെ കൈമാറ്റം ലഭിച്ച അധികാരമാണ് ഇന്ന് സഭയിലൂടെ നിർവ്വഹിക്കപ്പെടുന്നത്. രണ്ടായിരത്തിലധികം വർഷങ്ങളായി സഭയിലൂടെ ദൈവം തന്റെ സാന്നിദ്ധ്യം ലോകത്തെ അറിയിക്കുന്നു.

## 5. നവയുഗ പ്രസ്ഥാനം (New Age Movement)

കാലാകാലങ്ങളിൽ സംഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ സംഭവവികാസങ്ങളും മനുഷ്യന്റെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്ന രോഗങ്ങളും അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും അപകടങ്ങളുമെല്ലാം ശരിയായി മനസ്സിലാക്കുവാൻതക്ക വിശ്വാസ ബോധ്യം ജനങ്ങൾക്ക് നല്കുന്നതിൽ പരമ്പരാഗതമതങ്ങൾക്ക് പരാജയം സംഭവിച്ചിടത്തുനിന്നുമാണ് നവയുഗ പ്രസ്ഥാനങ്ങളുടെ ഉത്ഭവം. മന്ത്രവാദം, ജ്യോതിഷം, ജ്ഞാനവാദം, ആത്മവാദം, ചാനലിംഗ് എന്നിവയിലെല്ലാം അധിഷ്ഠിതമാണ് നവയുഗ പ്രസ്ഥാനങ്ങൾ. കൂണുപോലെ മുളച്ച് വളരുന്ന ഈ പ്രസ്ഥാനങ്ങൾ വ്യക്തികൾക്ക് സർവ്വസ്വാതന്ത്ര്യവും നല്കുന്നു. അതുകൊണ്ട് തന്നെ പരമ്പരാഗതമായ വിലക്കുകളുമായി നിൽക്കുന്ന മതങ്ങൾക്കിടയിലേയ്ക്ക് ഇവ കടന്നു കയറുന്നു. ഏതെങ്കിലും കാരണത്താൽ മതനേതൃത്വവുമായി പിണങ്ങികഴിയുന്നവർ ഒരു ആശ്വാസമെന്ന നിലയിലും പ്രതികാരമെന്നവണ്ണവും ഇതിൽചെന്നുപെടുന്നു. ചേർന്നുകഴിഞ്ഞാൽ അവരുടെ അബദ്ധസിദ്ധാന്തങ്ങൾക്ക് അവരെ അടിമകളാക്കി നിർവീര്യമാക്കും. എന്നാൽ ചില വൈകാരിക അനുഭവങ്ങളും അനുഭൂതികളും പ്രദാനം ചെയ്തുകൊണ്ട് ഇവർ സാധാരണ ജനത്തിന്റെ ചിന്താശേഷി തന്നെ ഇല്ലാതാക്കുകയും സ്വാതന്ത്ര്യത്തെ ശരിയായി മനസ്സിലാക്കുന്നതിൽ അവരെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. ഇവരുടെ പ്രധാന ആശയങ്ങൾ താഴെ പറയുന്നു.

a) മരിച്ചവരുടെ ആത്മാക്കളെ വിളിച്ചുവരുത്തി ഭാവികാര്യങ്ങൾ അറിയുവാനാകും.
b) മനുഷ്യന് സ്വയം ദൈവത്വം കല്പ്പിക്കുന്നു. (വിശ്വദൈവവാദം -Pantheism)
c) പുനർജന്മവിശ്വാസം, പരകായപ്രവേശം എന്നിവ ഇവർ പഠിപ്പിക്കുന്നു. മരണശേഷം വീണ്ടും ജനിക്കുകയും വീണ്ടും മനുഷ്യരേപ്പോലെ ജീവിക്കുകയും ചെയ്യുന്നു. ഈ ക്രമം പല പ്രാവശ്യം ആവർത്തിക്കപ്പെടുന്നു.
d) ജ്യോതിശാസ്ത്രം ഭാവിപ്രവചന രീതിയായി വിശ്വസിക്കുന്നു.
e) ക്രിസ്റ്റലുകൾ (വജ്രം) ഊർജ്ജ ഉറവിടമായും സൗഖ്യശക്തിയുള്ളതായും കരുതുന്നു. ഉപ്പ്, പഞ്ചസാര, എന്നിവയ്ക്കും ഇതേ പ്രാധാന്യമുണ്ട്.
f) ഒരു വ്യക്തിക്ക് തന്റെ ചിന്തയും ഭാവനയും ഹിപ്നോട്ടിക് നിദ്ര, മയക്കുമരുന്നുകൾ, ധ്യാനം എന്നിവ വഴി തനിക്ക് അതീതമായ അനുഭവങ്ങളുടെ മേഖലയിലേക്ക് പ്രവേശിക്കാം.
g) ഗവൺമെന്റ് ഇല്ലാത്ത ഒരുപുതിയ ലോകക്രമം ഉണ്ടാകും.
h) ഹോളിസ്റ്റിക് (holystic) ചികിൽസാരീതി ഇവർ അവലംബിക്കുന്നു.

ഭാരതത്തിലെ 'ആർട്ട് ഓഫ് ലീവിംഗ്' ധ്യാനരീതിയും ഓഷേ ആശ്രമങ്ങളും ആൾദൈവ പ്രസ്ഥാനങ്ങളുമെല്ലാം നവയുഗ പ്രസ്ഥാനത്തിന്റെ പരിധിയിൽ വരുന്നു.

ഈ പ്രസ്ഥാനത്തെ ഒക്കെ കാലാകാലങ്ങളിൽ മാറിവരുന്ന 'ഫാഷൻ' പോലെ മാത്രമേ കരുതാനാവൂ. ജനങ്ങൾ തുടക്കത്തിൽ പുതുമതേടി ആകൃഷ്ടരാകുമെങ്കിലും ഇവയ്ക്ക് മനുഷ്യമനസ്സിൽ സ്ഥായീഭാവമാർജ്ജിക്കുവാനാവില്ല. ഇവരുടെ പല ആശയങ്ങളും ആധുനിക മനുഷ്യ ജീവിതത്തിനോ, സാധാരണ യുക്തിക്കോ നിരക്കുന്നതല്ല.

**6. കവനന്റ് പീപ്പിൾ**

കത്തോലിക്കാ ദൈവാലയങ്ങളിൽ വചനം പ്രസംഗിച്ച്, പിന്നീട് സഭയിൽ നിന്നകന്ന് സ്വയം ഒരു പ്രസ്ഥാനമായി 'കവനന്റ് പീപ്പിൾ' അല്ലങ്കിൽ 'ഉടമ്പടിയുടെ ജനത' എന്ന പേരിൽ ശ്രീ. ജോസ് ആനത്താനം എന്ന കാഞ്ഞിരപ്പള്ളി സ്വദേശിയായ വ്യക്തിയിൽ കേന്ദ്രീകൃതമായി നില്ക്കുന്ന പ്രസ്ഥാനം. തികഞ്ഞ പെന്തക്കോസ്ത് പ്രബോധനങ്ങളാണ് ഇവർ പഠിപ്പിക്കുന്നത്. മധ്യതിരുവിതാംകൂറിലുള്ള പല പുരാതന കുടുംബങ്ങളിൽ നിന്നും പലരേയും ആകർഷിക്കുവാൻ സാധിച്ചുവെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ നേട്ടം. കത്തോലിക്കാസഭയുടെകീഴിൽ വളരെക്കാലം വചനം പ്രസംഗിച്ച് നേടിയ അംഗീകാരം മുതലെടുത്തുകൊണ്ട് ഇദ്ദേഹം പെന്തക്കോസ്ത് സമൂഹത്തിലേയ്ക്ക് നല്ല കത്തോലിക്കാ കുടുംബങ്ങളെ നയിക്കുന്നു. ഇദ്ദേഹത്തിന്റെ പുരാതനവും സാമ്പത്തിക സുസ്ഥിതിയുള്ളതുമായ കുടുംബപശ്ചാത്തലം പല കുടുംബങ്ങളേയും സ്വാധീനിക്കാൻ കാരണമായിട്ടുണ്ട്. പലരും അപകടം തിരിച്ചറിയാതെയും അനുഭൂതികളും വൈകാരികാനുഭങ്ങളും കൂടുതൽ സ്വാതന്ത്ര്യവുംഎല്ലാം കാംക്ഷിച്ചും ഈ പ്രസ്ഥാനത്തിലെത്തുവാനിടയായി. അപ്പർ റൂം, കോർണ്ണർ സ്റ്റോൺ, ജീസസ് ക്രിസ്ത്യൻ കമ്മ്യൂണിറ്റി, പവർ ഫെല്ലോഷിപ്പ്, ബഥേൽ കമ്മ്യൂണിറ്റി എന്നീ പേരുകളിലായി വിവിധ സ്ഥലങ്ങളിൽ ഈ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നു. വെറും പെന്തക്കോസ്ത് വിഭാഗചിന്താഗതി മാത്രം പുലർത്തുന്ന ഗ്രൂപ്പാണിത്. വളരെ ജാഗ്രതയോടെ മാത്രം കാണേണ്ട ഒരുവിഭാഗമാണിത്. കത്തോലിക്കാ വിശ്വാസത്തിൽ നിന്നും വിശ്വാസികളെ അടർത്തിയെടുക്കാൻ ഇവർ നന്നായി അധ്വാനിക്കുന്നു. അതുകൊണ്ട് ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശ്വാസികൾ നല്ല ജാഗ്രത പുലർത്തണം. ഇവരുടെ ആശയങ്ങളിൽ ചിലത് താഴെ പ്രതിപാദിക്കാം.

a) പ്രൊട്ടസ്റ്റന്റ് സഭയുടെ മലയാളം ബൈബിൾ ആയ 'സത്യവേദപുസ്തകം' ആണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. ഇവരുടെ ബൈബിൾ ആകെ 66 പുസ്തകങ്ങൾ മാത്രമേ ഉള്ളൂ.
b) മരിയഭക്തിയും വിശുദ്ധരോടുള്ള വണക്കവും നിഷേധിക്കുന്നു.
c) ജലത്തിൽ പൂർണ്ണമായും മുങ്ങി സ്നാനം ചെയ്താൽ മാത്രമേ മാമ്മോദീസാ ആകുന്നുള്ളൂ.
d) പരി. കുർബാനയിൽ ദൈവസാന്നിധ്യം ഇല്ല.
e) കുമ്പസാരം അനാവശ്യം. പാപങ്ങൾ ദൈവത്തോട് നേരിട്ട് പറഞ്ഞ് ക്ഷമ ചോദിച്ചാൽ മതി.
f) പരി. മറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോഹണവും നിരാകരിക്കുന്നു.

ദൈവശാസ്ത്ര പരമായോ ബൈബിൾ വിജ്ഞാനീയ പരമായോ യാതൊരു യുക്തിഭദ്രതയും ഇല്ലാത്ത പ്രബോധനങ്ങളുമായി തനി പെന്ത ക്കോസ്ത് രൂപത്തിൽ എന്നാൽ കത്തോലിക്കർക്കിടയിൽ കത്തോലിക്കർക്കു വേണ്ടി എന്ന മട്ടിൽ പ്രവർത്തിച്ചുകൊണ്ട് വിശ്വാസികളെ സഭയിൽ നിന്നക റ്റുവാൻ കെണിയൊരുക്കുന്ന പ്രസ്ഥാനമായി ഇത് നിലകൊള്ളുന്നു.

**7. സ്വർഗ്ഗീയ വിരുന്ന്**

തങ്കു ബ്രദർ എന്നറിയപ്പെടുന്ന മാത്യു കുരുവിള എന്ന വ്യക്തിയു മായി ബന്ധപ്പെട്ട ഒരു വിഘടിത പ്രസ്ഥാനമാണിത്. കോട്ടയത്ത് 1997 –ൽ സ്വർഗ്ഗീയ വിരുന്ന് എന്ന പേരിൽ ആരംഭിച്ച പ്രാർത്ഥനാ കൂട്ടായ്മയാണ് ഇന്ന് വളർന്ന് അനേകം കത്തോലിക്കരെ വഴി തെറ്റിക്കുന്ന പ്രസ്ഥാനമായി തീർന്നിരിക്കുന്നത്. സാധാരണ പെന്തക്കോസ്ത് വിഭാഗങ്ങളുടെ പ്രത്യക്ഷ മായ ലക്ഷണങ്ങളൊന്നും ഇവർക്കില്ലങ്കിലും പെന്തക്കോസ്ത് ആശയങ്ങൾത ന്നെയാണ് ഇവരുടേതും. കത്തോലിക്കരെ ആകർഷിക്കുവാൻ ഇവർ പുതിയ നിയമഭാഗങ്ങൾ കൂടുതലായി പ്രസംഗിക്കുന്നു. സമ്പത്തും ജീവിതഭദ്രതയും ഇവർ തങ്ങളുടെ സഭാംഗങ്ങൾക്ക് ഉറപ്പ് നല്കുന്നു. സാമ്പത്തിക പ്രശ്ന ങ്ങളിൽപ്പെട്ടവരേയും ജീവിതക്ലേശങ്ങളിലകപ്പെട്ടവരേയും ആകർഷിക്കു വാനുള്ള വിദ്യകൾ എല്ലാം ഇവർ നന്നായി ഉപയോഗപ്പെടുത്തുന്നു. ഇവ രുടെ വഴിതെറ്റിയ പ്രബോധനങ്ങളിൽ പ്രധാനമായവ താഴെ പറയുന്നു.

a) കുർബാനയും കൂദാശകളും തിരസ്കരിക്കപ്പെടുന്നു.
b) കർതൃമേശ എന്ന് പറഞ്ഞ് അപ്പവും വീഞ്ഞും ഉപയോഗിച്ച് ഒരു വിരുന്ന് ശുശ്രൂഷ ഇവർ നടത്തുന്നു.
c) ശിശുമാമ്മോദീസാ അർത്ഥരഹിതം.
d) യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നതുകൊണ്ട് മാത്രം പാപമോചനം ലഭിക്കുന്നു.
e) ലോകാവസാനം ഉടൻ ഉണ്ടാകും. ലോകത്തിൽ 6 മേഖലകളിൽ മാറ്റം സംഭവിക്കുമ്പോഴാണ് ലോകം അവസാനിക്കുന്നത്. പ്രപഞ്ചം, മനുഷ്യ സ്വഭാവം, ശാസ്ത്രം, ആത്മീയരംഗം, ലോകരാഷ്ട്രക്രമം, യഹൂദജന ത, ഇവയാണ് 6 മേഖലകൾ.
f) ലോകാവസാനത്തിൽ അവസാന ഏഴ് വർഷം വലിയ ഉപദ്രവകാലമാ ണെന്നും തങ്കുവിന്റെയും കൂട്ടരുടേയും രക്ഷാസംഖ്യയായ 666 കൈയിലോ നെറ്റിയിലോ ഇല്ലാത്തവർക്ക് വലിയ ദുരിതം ഉണ്ടാവുകയും ചെയ്യും.
g) ദാരിദ്ര്യം, രോഗം, ഇവയൊന്നും സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കു ന്നവർക്ക് ഉണ്ടാവുകയില്ല. ലോകത്തിലെ സൗഭാഗ്യങ്ങൾ ഇവരെ തേടി യെത്തും.

ജനങ്ങളെ സുഖസുഷുപ്തിയുടെ മാന്ത്രിക പ്രപഞ്ചം പ്രസംഗിച്ച് ഇവർ കബളിപ്പിക്കുന്നു. രോഗവും ദാരിദ്ര്യവും ഉണ്ടാവില്ല എന്ന പ്രബോധനം കേട്ട് പാവപ്പെട്ട ധാരാളം വിശ്വാസികൾ ഇവരുടെ കൂട്ടത്തിലേയ്ക്ക് ഓടിക്കയറു ന്നു. ഈ ലോകജീവിതത്തിൽ സ്ഥലത്തിന്റെയും ശരീരത്തിന്റെയും സമയ ത്തിന്റെയും പരിമിധികൾക്കുള്ളിലായിരിക്കുന്ന മനുഷ്യന് രോഗവും ജീവിത

പ്രശ്നങ്ങളും ഉണ്ടാവുക സ്വഭാവികമെന്ന യാഥാർത്ഥ്യം മറച്ച് വച്ച് സ്വർഗ്ഗീയ വിരുന്ന് എന്ന മാസ്മരികലോകത്തിൽ ഏതാനും മണിക്കൂറുകൾ ജനങ്ങളെ തളച്ചിട്ട് തങ്ങളുടെ സഭയിലാക്കുകയാണ് ഇവരുടെ ലക്ഷ്യം. സാമ്പത്തിക മായി വലിയ പ്രതിസന്ധിനേരിട്ടിരുന്ന ഈ സഭയുടെ നേതാക്കൾ ഇന്ന് കോടിക്കണക്കിന് തുക സമ്പാദിച്ചിരിക്കുന്നുവെന്ന സാമ്പത്തിക മെച്ചം ഈ മാസ്മര വിദ്യയിലൂടെ ഇതിന്റെ സംഘാടകർക്കുണ്ടായിട്ടുണ്ട്. ഇവരുടെ പ്രസംഗങ്ങൾ കേട്ട് സത്യവിശ്വാസം ഉപേക്ഷിക്കുവാൻ തക്ക അബദ്ധം കത്തോലിക്കർക്ക് ഉണ്ടാകാതിരിക്കുവാൻ തികഞ്ഞ ജാഗ്രത വേണം.

**8. യഹോവസാക്ഷികൾ**

1931 മുതലാണ് യഹോവസാക്ഷികൾ അറിയപ്പെടുവാൻ തുടങ്ങിയത്. ഇവരുടെ മറ്റൊരുപേര് റസ്സൽ മതക്കാർ എന്നാണ്. ചടാസെ റസൽ എന്ന വസ്ത്രവ്യാപാരി പ്രിസ്ബിറ്റേറിയൻ സഭാംഗമായിരുന്നുവെങ്കിലും അഡ്വെന്റിസ്റ്റ് സഭകളുടെ പ്രബോധനത്തിൽ ആകൃഷ്ടനാവുകയും അതിൽ ചേരുകയും ചെയ്തു. എന്നാൽ 1879-ൽ അദ്ദേഹം അവരുമായി തെറ്റിപ്പിരിഞ്ഞ് സ്വയം ഒരു പ്രസ്ഥാനം ആരംഭിച്ചു. അതാണ് റസ്സലിന്റെ പിൻഗാമിയായ റൂഥർഫോർഡിന്റെ കാലംമുതൽ യഹോവസാക്ഷികൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഇവരുടെ ജീവിതകാലത്തുതന്നെ ഇവരുടെ പ്രവചനങ്ങൾ  പാഴാണെന്ന് തെളിയിക്കപ്പെട്ടതാണ്. 1844,1874 എന്നീ വർഷങ്ങളിൽ ലോകാവസാനവും മിശിഹായുടെ  രണ്ടാമത്തെ ആഗമനവും അവർ പ്രവചിച്ചിരുന്നു. 1914 -ൽ സമാധാനകാലം തുടങ്ങുമെന്ന് അവർ പ്രവചിച്ചതിന് തൊട്ട് പുറകെ ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുകയും ചെയ്തു. തികച്ചും വികലവും അടിസ്ഥാനരഹിതവും  വിശ്വാസത്തിനോ യുക്തിക്കോ ചേരാത്തതുമായ ആശയങ്ങളാണ് ഇവർ പുലർത്തുന്നത്. അവയിൽ പ്രധാനമായവ താഴെ പറയുന്നവയാണ്.

a) കത്തോലിക്കാ സഭയിലെ കുർബാനയും കൂദാശകളും നിരാകരിക്കുന്നു. കുർബാന ഒരു അനുസ്മരണം മാത്രം.
b) ജലത്തിൽ മുങ്ങിയുള്ള സ്നാനം വഴി ഒരാൾ യഹോവസാക്ഷിയാണെന്ന് പരസ്യമായി പ്രകടിപ്പിക്കുന്നു.
c) 1444000 പേർ രണ്ടാം മാമ്മോദീസ സ്വീകരിക്കും. അത് അരൂപിയിലുള്ള മാമ്മോദീസ. യഹോവസാക്ഷികൾ മാത്രം അതിന് യോഗ്യരാകും.
d) വിവാഹം ഒരു കൂദാശയല്ല. ഒരു കരാർ മാത്രം.
e) പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവം നിഷേധിക്കുന്നു. മറിയം കന്യകയല്ല. മറിയത്തിന് ഈശോയെക്കൂടാതെ വേറെ മക്കളുണ്ട്.
f) ഈശോ-സാത്താൻ യുദ്ധത്തിൽ യഹോവസാക്ഷ്യകളല്ലാത്ത എല്ലാ മനുഷ്യരും ചത്തൊടുങ്ങും. അർമാഗെദ്ദോൻ യുദ്ധത്തിന്റെ അവസാനം ഭൗമീകപറുദീസ സ്ഥാപിക്കപ്പെടും. അത് യഹോവസാക്ഷികൾക്ക് മാത്രമുള്ളതാണ്.
g) സിനിമ, റ്റി. വി., ഡാൻസ് എന്നിവയൊന്നും പാടില്ല.
h) സ്വരാജ്യസ്നേഹം ദൈവരാജ്യ സ്നേഹത്തിന് തടസ്സമാണ്. അതുകൊണ്ട് ദേശീയഗാനം പാടാൻ ഇവർ വിസമ്മതിക്കും.

i) പഴയനിയമത്തിൽ നിഷിദ്ധമെന്ന് പറയുന്ന ആഹാരസാധനങ്ങൾ ഇവർ നിരസിക്കുന്നു.
j) രക്തം വാങ്ങുകയോ കൊടുക്കുകയോ ചെയ്യാൻപാടില്ല. കാരണം പഴയ നിയമ സങ്കല്പം അനുസരിച്ച് രക്തം ജീവന്റെ പ്രവാഹമാണ്.
k) അന്ത്യവിധിയോ നിത്യമായ നരകമോ ഇല്ല. എല്ലാം ഇവിടെ മിശിഹാ സ്ഥാപിക്കുന്ന ഭൗമീക പറുദീസ മാത്രം. അതാകട്ടെ യഹോവ സാക്ഷികൾക്ക് മാത്രമുള്ളതാണ്.

ഈ ആശയങ്ങളെല്ലാം തന്നെ അബദ്ധവും യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതുമാണ്. തീവ്രമത സ്വഭാവരീതി ആശയത്തിലുള്ളതുമൂലം ചിലരെ സ്വാധീനിക്കുവാനും ഈ വിഭാഗത്തിൽ ചേർന്നാൽ അന്ധമായ ആശയങ്ങളെ അനുകരിക്കാനും പ്രേരിപ്പിക്കപ്പെടുന്നു. ഇവർ പറയുന്ന ലോകവസാന കഥകൾ തന്നെ ഇവരുടെ ആശയങ്ങളുടെ ദയനീയസ്ഥിതി വെളിപ്പെടുത്തുന്നു.

**9 പെന്തക്കോസ്ത് പ്രസ്ഥാനം**

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിലൂടെ മാർട്ടിൻ ലൂഥറും കൂട്ടരും കത്തോലിക്കാസഭയിൽനിന്നും മറുതലിച്ച് വിഘടിതഗ്രൂപ്പായി പ്രൊട്ടസ്റ്റന്റ് സഭയ്ക്ക് ജന്മമേകി. വിശ്വാസത്താൽ മാത്രം രക്ഷ, വി. ഗ്രന്ഥം മാത്രമേ രക്ഷയ്ക്കാധാരമായുള്ളു, വിശുദ്ധരുടേയും മാലാഖമാരുടേയും മാധ്യസ്ഥം ആവശ്യമില്ല തുടങ്ങിയ പ്രബോധനങ്ങളിലുറച്ച് നിന്ന് അവർ പുതിയ പ്രബോധനങ്ങളേകി. കത്തോലിക്കാ സഭയേയും സഭാധികാരത്തേയും അടിസ്ഥാന വിശ്വാസ സംഹിതകളേയും ചോദ്യം ചെയ്തുകൊണ്ട് തുടങ്ങിയതാകാം പ്രൊട്ടസ്റ്റന്റ് സഭ വിഘടിതസഭയായി മാറുവാൻ കാരണം. പ്രൊട്ടസ്റ്റന്റ് സഭയിൽ നിന്നും ധാരാളം സഭാവിഭാഗങ്ങൾ പിളർപ്പിലൂടെയുണ്ടായി. ഇങ്ങനെ ആയിരക്കണക്കിന് ക്രിസ്ത്യൻ സമൂഹങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടായി. ഇവയ്ക്ക് വ്യക്തമായ തത്വസംഹിതകളോ അടിസ്ഥാന സ്വഭാവ വിശേഷങ്ങളോ ഇല്ലാത്തതും വ്യക്തമായ നേതൃത്വമില്ല എന്നതും ഈ വിഭാഗങ്ങളുടെ പ്രത്യേകതയാണ്. പ്രൊട്ടസ്റ്റന്റ് സഭകളിൽനിന്നും ആത്മീയ ഉണർവ്വ് സംഘങ്ങൾ എന്ന ലേബലിൽ ധാരാളം പെന്തക്കോസ്ത് ഗ്രൂപ്പുകൾ ഉണ്ടായിട്ടുണ്ട്. ഓരോ പെന്തക്കോസ്ത് ഗ്രൂപ്പും പൂർണ്ണമായും സ്വതന്ത്രഗ്രൂപ്പാണ്. ഏതെങ്കിലും നിയന്ത്രണമോ ഭരണ സംവിധാനമോ ഇവർക്കില്ല. പരിശുദ്ധാരൂപിയാൽ നേരിട്ട് നയിക്കപ്പെടുന്നവർ എന്ന നിലയിൽ ഇവർ പ്രവർത്തിക്കുന്നു. ഇവർ തങ്ങളുടെ ഇന്ദ്രീയ വൈകാരികാനുഭവങ്ങൾക്ക് കൂടുതൽ പ്രാധാന്യം കല്പ്പിക്കുന്നു. അതുകൊണ്ട് കൈകൊട്ട്, ഉച്ചത്തിലുള്ള പ്രസംഗം, സംഗീതോപകരങ്ങളോടു കൂടിയുള്ള പാട്ടുകൾ, ഇളകിമറിഞ്ഞുള്ള പ്രാർത്ഥനാരീതി, ഭാഷാവരത്തിനും സ്വയം പ്രേരിതപ്രാർത്ഥനകൾക്കും അമിതപ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ആരാധനാശൈലി ഇവയെല്ലാം ഇവരുടെ പ്രത്യേകതകളാണ്. ഇവർ പരിശുദ്ധാത്മാവിന്റെ അഭിഷേകം അഥവാ പെന്തക്കോസ്ത് അനുഭവംലഭിച്ചതായി അവകാശപ്പെടാറുണ്ട്. പെന്തക്കോസ്ത് വിഭാഗങ്ങളുടെ പ്രധാന ആശയങ്ങൾ താഴെ പറയുന്നു.

a) മിശിഹായുമായി നേരിട്ട് ബന്ധം പുലർത്തുന്നവരാകയാൽ കൂദാശക ളുടെ ആവശ്യമില്ല.
b) പള്ളിയും പുരോഹിതനും ആവശ്യമില്ല.
c) വി.ഗ്രന്ഥം മാത്രമേ ആവശ്യമുള്ളൂ. വിശുദ്ധ ഗ്രന്ഥത്തെ അക്ഷരാർത്ഥ ത്തിൽ വ്യാഖ്യാനിക്കുന്നു.
d) ഭാഷാവരം, രോഗശാന്തിവരം എന്നിവയെ ദൈവവിശ്വാസത്തിന് ആധാ രമായി കാണുന്നു. (സിദ്ധികൾക്ക് അമിതപ്രാധാന്യം)
e) ലോകാവസാനത്തെക്കുറിച്ച് മുൻകൂട്ടി പ്രവചിക്കുകയും അതിനായി അനുയായികളെ ഒരുക്കുകയും ചെയ്യുന്നു.
f) വ്യവസ്ഥാപിത മതങ്ങളെ തരംതാഴ്ത്തി കാണിച്ച് തങ്ങൾക്ക് ദൈവ ത്തിൽനിന്നും നേരിട്ട് ദർശനങ്ങളും വെളിപാടുകളും ഉണ്ടാകുന്നുവെന്ന് അവകാശപ്പെടുന്നു.
g) വിശുദ്ധന്മാരോടുള്ള കത്തോലിക്കാസഭയിലെ വണക്കം 'പ്രതിമാവന്ദനം' ആണ്.
h) മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ഫലശൂന്യം.
i) മിശിഹായുടെ പുനരാഗമനം ഉടനെ ഉണ്ടാകുമെന്നും അതിനുമുമ്പ് അവി ടുന്ന് ആത്മാവിനെ വർഷിക്കുമെന്നും ഇവർ വിശ്വസിക്കുന്നു.
j) ഓരോ പെന്തക്കോസ്തുഗ്രൂപ്പും ഗ്രൂപ്പുനേതാവിന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നു. നേതാവിന്റെ കാലശേഷം അവ ഇല്ലാതാവുകയോ പിളരുകയോ ചെയ്യുന്ന പതിവു കാണാം.
k) രോഗത്തിന് ചികിത്സ ആവശ്യമില്ല. പ്രാർത്ഥന മാത്രം മതി.
l) സ്വർണ്ണാഭരണങ്ങൾ ഇവർ നിരാകരിക്കുന്നു.

കേരളത്തിൽ പെന്തക്കോസ്ത് ഗ്രൂപ്പുകൾ വർദ്ധിക്കുന്നുണ്ട്. കത്തോ ലിക്കരുടെ ഇടയിൽ ഇവർ കൂടുതൽ സ്വാധീനമുണ്ടാക്കുവാൻ ശ്രമിക്കുന്നു. വീടുവീടാന്തരം കയറി ഇവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കു ന്നു. രോഗികളുള്ള വീടുകളിൽ അവർക്കുവേണ്ടി പ്രാർത്ഥനാ ശുശ്രൂഷകൾ ചെയ്യുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ വചനഭാഗങ്ങൾ കൂടുതലായി എടുത്തു പയോഗിക്കുന്നു. ഇവയിലൂടെയെല്ലാം ഇവർ ജനങ്ങളെ സ്വാധീനിക്കാൻ ശ്രമി ക്കുന്നു. കേരള കത്തോലിക്കാസഭയിൽ കരിസ്മാറ്റിക് നവീകരണം ഉണ്ടാ യശേഷം പെന്തക്കുസ്താപ്രാർത്ഥനാരീതികൾ സഭയിലെ പ്രാർത്ഥനാവേ ദികളിലേയ്ക്കും കടന്നുവന്നതിന്റെ ഫലമായി സാധാരണജനങ്ങൾക്ക് പെന്ത ക്കുസ്താവിഭാഗം എന്താണെന്ന് ശരിയായി മനസ്സിലാക്കുവാൻ സാധിക്കാതെ ഒരു കരിസ്മാറ്റിക് ഗ്രൂപ്പായി അവരെ കണ്ട് അതിൽ ചേരുന്ന അപകടവും ഉണ്ടായിട്ടുണ്ട്. കൂടാതെ ഞായറാഴ്ച ആചരണവും കൂദാശാജീവിതവും നയിക്കാത്ത വിശ്വാസികളെ ഇവർ ആകർഷിക്കുവാൻ ശ്രമിക്കുന്നു. ഇവ രുടെ കുടെക്കൂടിയാൽ കൂടുതൽ സ്വാതന്ത്ര്യമുണ്ട് എന്ന് അവർ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുകയാണ് ചെയ്യു ന്നത്. പെന്തക്കുസ്താവിഭാഗത്തിൽ ചേരുന്നവർ അവരുടെ അടിമകളായി

തീരുന്നതാണ് കണ്ടുവരുന്നത്. കത്തോലിക്കാസഭയിൽ പുരോഹിത ആധിപത്യമാണെന്നും അല്മായർക്ക് യാതൊരു വിലയുമില്ലെന്ന് ഇവർ തെറ്റിദ്ധരിപ്പിച്ച് വിശ്വാസികളെ തങ്ങളുടെ ഗ്രൂപ്പിൽ കൂട്ടാറുണ്ട്. ഏതെങ്കിലുമൊക്കെ കാരണത്താൽ സഭാധികാരികളോട് അഭിപ്രായവ്യത്യാസമുള്ളവരെ പ്രീണിപ്പിച്ച് തങ്ങളുടെ കൂടെ കൂട്ടാനും അതുവഴി സഭാധികാരികളോട് പകരം വീട്ടാനും ഇവർ പ്രേരണ നൽകുന്നു. പഠനത്തിനും ജോലിക്കുമായി കുടുംബത്തിൽനിന്ന് അകന്നുകഴിയുന്ന കത്തോലിക്കാവിശ്വാസികളുടെ ഇടയിൽ കൂടുതൽ സിദ്ധികളുടെപേരിൽ നുഴഞ്ഞുകയറാനും ഇവർ പരിശ്രമിക്കുന്നു. പരീക്ഷയിൽ ജയിക്കാൻ, ജോലി ലഭിക്കാൻ, വിദേശത്ത് പോകുവാൻ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥനാസഹായവുമായി ഇവർ വ്യക്തിപരമായി കത്തോലിക്കരെ സമീപിച്ച് അവരെ തങ്ങളുടെ സ്വാധീനത്തിലാക്കാറുമുണ്ട്. കൂടാതെ പെന്തക്കുസ്താവിഭാഗങ്ങൾക്ക് വിദേശങ്ങളിൽനിന്നും ധാരാളം പണം അവരുടെ സഭാ പ്രവർത്തനങ്ങൾക്കു ലഭിക്കുന്നതുകൊണ്ട് സാമ്പത്തിക ആനുകൂല്യങ്ങളും ദരിദ്രരായ വിശ്വാസികൾക്ക് വാഗ്ദാനം നൽകുന്ന ഗ്രൂപ്പുകളുമുണ്ട്. ഇവിടെ ഇടവക കേന്ദ്രീകൃതമായ സത്വരശ്രദ്ധ നമ്മുടെ വിശ്വാസികൾക്കിടയിൽ രൂപപ്പെടുത്തുവാൻ വൈദികർ ശ്രദ്ധിക്കുകയും പെന്തക്കോസ്ത് വിഭാഗങ്ങൾ നമ്മുടെ വിശ്വാസികളെ സ്വാധീനിക്കാതിരിക്കുവാൻ ജാഗ്രത പുലർത്തുകയും വേണം.

**10. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും**

വികലവും കത്തോലിക്കാവിരുദ്ധവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും പോലെ മറ്റൊരു വിശ്വാസവിരുദ്ധമായ പാപപ്രവൃത്തികളാണ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വഴി ഉണ്ടാകുന്നത്. വി.ഗ്രന്ഥം ഇതേക്കുറിച്ച് വ്യക്തമായ മുന്നറിയിപ്പ് നൽകുന്നുണ്ട്: “നിന്റെ ദൈവമായ കർത്താവ് തരുന്ന ദേശത്ത് നീ വരുമ്പോൾ ആ ദേശത്തെ ദുരാചാരങ്ങൾ അനുകരിക്കരുത്. മകനെയോ മകളെയോ ഹോമിക്കുന്നവർ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശവിദ്യക്കാരൻ എന്നിവരാരും നിങ്ങളുടെയിടയിൽ ഉണ്ടായിരിക്കരുത്” (നിയമ. 18:9-11). ശത്രുസംഹാരം, ശാപമുക്തി, രോഗനിവാരണം, ജീവിതനേട്ടം, കച്ചവടവിജയം എന്നിവയ്ക്കും മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗങ്ങളുടെ പിന്നാലെ പോകുന്നവർ താല്ക്കാലിക നേട്ടത്തിനുവേണ്ടി ജീവിതംതന്നെ പണയപ്പെടുത്തുന്നവരായിത്തീരും. ദുഷ്പ്രവൃത്തികളിലൂടെ പിശാചിന്റെ ശക്തികൊണ്ട് നേടുന്ന വിജയങ്ങൾ ഒടുവിൽ പിശാചിന്റെയും ദുർപ്രവർത്തനത്തിന്റെയും അടിമയായി തീരുംവിധം ഒരുവന്റെ ആത്മാവും ജീവിതവും താറുമാറാകുന്നു. ആഭിചാരപ്രവൃത്തികളും ദുർമന്ത്രവാദവും നടത്തുന്നവരും ഒടുവിൽ ദയനീയമായി തകരുന്നതാണ് കാണുന്നത്.

പിശാചിന്റെ ശക്തിയിലാശ്രയിച്ചുകൊണ്ട് ദൈവനിന്ദ നടത്തി പിശാചിനെ പൂജിച്ച് ഉദ്ദിഷ്ടകാര്യം സാധിക്കുന്നവരും ഗുരുതരമായ പാപത്തിനടിമപ്പെട്ട് ഒടുവിൽ ആത്മീയമായും മാനസികമായും തകരുന്നത് കാണാം. ചാത്തൻസേവ എന്നപേരിൽ നടത്തുന്ന ക്രിയകളിലൂടെ താല്ക്കാലിക നേട്ടം

മാത്രമേ ലഭിക്കൂ. 'കറുത്ത കുർബാന' (Black Mass) അർപ്പിച്ച് കാര്യം സാധിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. സാത്താൻ ഒരുവനെ തന്റെ അടിമയാക്കുവാൻ കാര്യം സാധിച്ചുകൊടുക്കും. ചൂണ്ടയിട്ട് മീൻ പിടിക്കുന്നതുപോലെ പിശാച് താല്ക്കാലികലാഭം, നേട്ടം, വിജയം, സുഖം എന്നിവ നൽകി നല്ല വിശ്വാസികളെ ആകർഷിക്കുകയും ഒടുവിൽ ഒരുവന്റെ ആത്മാവും ശരീരവും തകർക്കുകയും ചെയ്യും. സാത്താന്റെ ലക്ഷ്യം ഒരുവനെ ആത്യന്തികമായി നശിപ്പിച്ച് നരകത്തിന് അർഹനാക്കുക എന്നതാണ്. ജോലി ലഭിക്കുവാൻ, കൂടുതൽ ശമ്പളം ലഭിക്കുവാൻ, വിദേശത്ത് പോകുവാൻ ഒക്കെ സാത്താനെ കൂട്ടുപിടിക്കുന്നവർ വരാനിരിക്കുന്ന അന്ത്യം മുൻകൂട്ടി കാണുന്നതിൽ പരാജയപ്പെടുന്ന വിഡ്ഢികളാണ്. പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിൽ പരീക്ഷയിലെ ചോദ്യങ്ങൾ അറിയാൻ, കൗതുകകരമായ വിശേഷങ്ങളും ഭാവികാര്യങ്ങളും മനസ്സിലാക്കുവാൻ എന്ന വ്യാജേന 'ഓജോ ബോർഡ് പ്ലേ' കളും നടക്കുന്നു. ഇതിലൂടെ ലഭിക്കുന്ന അറിവുകൾ കുട്ടികളെ നശിപ്പിക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ. തിന്മയുടെ ശക്തിയിൽ ഏതെങ്കിലും വിധത്തിൽ ആശ്രയിക്കുന്നവർ ഒടുവിൽ ആത്മഹത്യ, മയക്കുമരുന്ന്, മദ്യപാനം, സെക്സ്റാക്കറ്റ് എന്നിവയുടെയെല്ലാം പിടിയിൽ ജീവിതം ഹോമിക്കുവാനിടയാകുമെന്നതും ഗൗരവമായി മനസ്സിലാക്കണം.

ദൈവം നമുക്ക് നൽകിയ വലിയ ദാനമായ വിശ്വാസം കലർപ്പില്ലാതെ നമുക്ക് കാത്തുസൂക്ഷിക്കാം. നമ്മുടെ മാതാപിതാക്കൾ പകർന്നുനൽകിയ കത്തോലിക്കാവിശ്വാസം അവസാന ശ്വാസംവരെ കാത്തുസൂക്ഷിച്ചുകൊണ്ട് സഭയുടെ വിശ്വസ്തരായ മക്കളായി നമുക്ക് ജീവിക്കാം. 2000-ലധികം വർഷങ്ങളായി ലോകചരിത്രത്തിൽ എല്ലാ കോളിളക്കങ്ങളെയും അതിജീവിച്ചുകൊണ്ട് കർത്താവിന്റെ സഭ ദൈവത്തിന്റെ അടയാളമായി ലോകത്തിൽ നിലകൊള്ളുന്നു. കർത്താവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവ് വരെ അവിടുത്തെ മക്കൾക്ക് അഭയവും ആലയവുമായി സഭ നിലകൊള്ളുന്നു. അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും ശ്ലൈഹിക പിൻതുടർച്ചയുള്ളതും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടതുമായ സഭ അനേകം വിശുദ്ധാത്മാക്കളുടെ പുണ്യജീവിതത്താൽ ധന്യയാണ്. മാർപാപ്പയുടെയും മറ്റ് സഭാധികാരികളുടെയും പ്രബോധനങ്ങൾക്കനുസരിച്ച് പരിശുദ്ധാത്മാവ് നയിക്കുന്ന കത്തോലിക്കാസഭയിൽ അംഗങ്ങളായി മഹത്വപൂർണ്ണമായ സ്വർഗ്ഗഭാഗ്യത്തിന് നമുക്ക് അർഹരാകാം. അതിനായി പ്രാർത്ഥിച്ച് പരിശ്രമിക്കാം. കർത്താവായ ഈശോ, സാത്താന്റെ എല്ലാ കെണികളിൽനിന്നും നമ്മെ കാത്തുരക്ഷിക്കട്ടെ.

**തയ്യാറാക്കിയത്: ഫാ. ജേക്കബ് കരിയൻ**

***കടപ്പാട്:*** *"സ്വാന്ത്വന പ്രകാശം" പാലാ രൂപതാബുള്ളറ്റിൻ, ജനുവരി 2012*

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

1957 ഏപ്രിൽ 21–ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ എഴുതിയ ഫീയേദി ദോണും (Fidei Donum) എന്ന ചാക്രികലേഖനം പ്രേഷിത പ്രവർത്തനത്തെ പ്രതിപാദിക്കുന്നതാണ്. ആറുവർഷം മുമ്പ് പരി. പിതാവ് തന്നെ എഴുതിയ ചാക്രികലേഖനത്തിന്റെ തുടർച്ചയാണിത്. ഒരേ വ്യക്തി തന്നെ എഴുതിയ ലേഖനമാണെങ്കിലും ദർശനത്തിലും ഉള്ളടക്കത്തിലും ഏറെ വ്യത്യാസങ്ങൾ ഇതിനുണ്ട്.

മുമ്പുള്ള ചാക്രിക ലേഖനങ്ങളിലെല്ലാം ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും അറിയാത്തവരെ; "അന്ധകാരത്തിൽ ജീവിക്കുന്നവരെ" രക്ഷയുടെ മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുവരുവാനുള്ള കടപ്പാടിനെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഈ ചാക്രികലേഖനത്തിൽ ക്രൈസ്തവർ തങ്ങൾ സ്വീകരിച്ച വിശ്വാസത്താൽ കടപ്പെട്ടവരായി സുവിശേഷ പ്രഘോഷണം നടത്തണമെന്ന് നിർദ്ദേശിക്കുന്നു. വിശ്വാസം ഒരു ദൈവീക ദാനമാണെന്നും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ കടപ്പെട്ടവരാണെന്നും എല്ലാ ക്രൈസ്തവരേയും പരി. പിതാവ് അനുസ്മരിപ്പിക്കുന്നു. സുവിശേഷ പ്രഘോഷണം ഓരോ ക്രൈസ്തവന്റേയും അടിസ്ഥാന ചുമതലയാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ആദ്യത്തെ ചാക്രികലേഖനമാണിത്.

മറ്റൊരു പ്രത്യേകത ഈ പ്രബോധനത്തിന്റെ ലക്ഷ്യത്തിലാണ് ആഗോള സഭയിലെ എല്ലാ പ്രേഷിതപ്രദേശങ്ങളെയും സ്പർശിക്കുന്നതാണ് മറ്റ് പ്രബോധനങ്ങൾ. എന്നാൽ ഇത് പ്രധാനമായും ആഫ്രിക്കൻ ഭൂഖണ്ഡത്തെ മാത്രം ലക്ഷ്യമാക്കി എഴുതിയിരിക്കുന്നതാണ്. വിശാലവും പല രാജ്യങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ സുവിശേഷദീപ്തി എത്തിക്കേണ്ടതിന്റെ ആവശ്യകതയെ ഇതിൽ ഊന്നിപ്പറയുന്നു (No.7)

ഈ ലേഖനത്തിൽ ഒന്നു മുതൽ ആറു വരെയുള്ള നമ്പറുകൾ വിശ്വാ

സത്തിന്റെ സവിശേഷതയേയും വിശ്വാസികളുടെ കടമയെയും സൂചിപ്പി ക്കുന്നതാണ്. വിശ്വാസം പരസ്നേഹത്തെ പോഷിപ്പിക്കുന്നതും ദൈവത്തോട് നന്ദി പ്രകടിപ്പിക്കുന്നതും ആവണം. പങ്കുവയ്ക്കുമ്പോഴാണ് വിശ്വാസം വള രുന്നതും ഫലമണിയുന്നതും. ദൈവം തന്ന ദാനത്തെ മറ്റുള്ളവരുമായി പങ്കു വയ്ക്കുമ്പോഴാണ് ദാതാവിനോട് നാം കൃതജ്ഞത കാണിക്കുന്നത്. ലോക ത്തിന്റെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളാകണം എന്ന ദൗത്യം ഈശോ ശിഷ്യന്മാർക്ക് നൽകിയതാണ്. ശ്ലീഹന്മാരുടെ പിൻ ഗാമികളും കൂദാശകളിലൂടെ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അംഗ ങ്ങളുമായിത്തീർന്ന ഓരോ ക്രൈസ്തവനും ഈ ദൗത്യത്തിന് പ്രത്യുത്തരം കൊടുക്കുവാൻ കടപ്പെട്ടവരുമാണെന്ന് ഈ ചാക്രികലേഖനം അനുസ്മരി പ്പിക്കുന്നു. ചുരുക്കത്തിൽ, ദൈവദാന (Fidei Donum) മായ വിശ്വാസ ത്തിൽ നിന്നുത്ഭവിക്കുന്ന പരസ്നേഹം നമ്മെ പ്രേഷിതപ്രവർത്തനത്തിന് കടപ്പെടുത്തുന്നു.

ആഫ്രിക്കയിൽ സഭ തുടങ്ങിവച്ച പ്രേഷിതപ്രവർത്തനങ്ങളെയും അവി ടുത്തെ ജനങ്ങളിലെ അത്ഭുതാവഹമായ വിശ്വാസവളർച്ചയേയും പരി. പിതാവ് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. സമീപകാലത്തുണ്ടായ ആഫ്രിക്കയിലെ സഭാപ്രവിശ്യകളുടെ വർദ്ധനയും സഭാതനയരുടെയും സമർപ്പിതരുടെയും എണ്ണത്തിലുണ്ടായ വളർച്ചയും പ്രേഷിതപ്രവർത്തന ത്തിന്റെ സത്ഫലങ്ങളായി ഈ ലേഖനം സാക്ഷ്യപ്പെടുത്തുന്നു. വൈദി കരുടെയും സന്യസ്തരുടെയും അത്മായ പ്രേഷിതരുടെയും അശ്രാന്തപരി ശ്രമത്തിന്റെയും പ്രേഷിതതീക്ഷ്ണതയുടെയും സാക്ഷ്യം അത്ഭുതപൂർവ്വ മായ വിശ്വാസസമൂഹത്തിന്റെ വളർച്ചയിൽ കാണാനാകും. പക്ഷേ പൂർണ്ണ സംതൃപ്തിയിൽ നാം എത്തിച്ചേർന്നിട്ടില്ല. ഇനിയും ചെയ്തുതീർക്കുവാൻ ധാരാളം ജോലിയുണ്ട്; അതിനായി ധാരാളം "വേലക്കാരെയും" ആവശ്യ മുണ്ട്.

ത്വരിതഗതിയിൽ നടക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീ യവുമായ വ്യതിയാനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രേഷിതപ്രവർത്തനം അഭിമുഖീകരിക്കേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളുണ്ട് (No.13) രാഷ്ട്രീയ അടിമത്വം രാജ്യങ്ങളുടെ സ്വതന്ത്രമായ വളർച്ചയ്ക്ക് വിഘാതമാണ്. സാംസ്കാരികമായി വളർന്ന മറ്റു രാജ്യങ്ങളുടെ നിലയിലേയ്ക്കുയരാൻ വ്യക്തികൾക്കും സമൂഹങ്ങൾക്കും സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ഭരണാധികാരികൾ പരാജയപ്പെടുന്നു.

പല രാജ്യങ്ങളുടെയും സമഗ്രവളർച്ചയിൽ പങ്കാളിയാകുകയും സാക്ഷ്യം വഹിക്കുകയും ചെയ്ത സഭയ്ക്ക് ഈ സാഹചര്യത്തെ നിഷ്പ ക്ഷതയോടെ നോക്കിനിൽക്കാനാവില്ല. രാജ്യത്തെ സ്നേഹിക്കുകയും അതിന്റെ നാനാവിധ വളർച്ചയ്ക്കായി അദ്ധ്വാനിക്കുകയും ചെയ്യുന്ന

ക്രിസ്തീയ സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ഭരണാധികാരികൾ സന്തുലിതാവസ്ഥ പാലിക്കുവാൻ ഇങ്ങനെയുള്ള രാജ്യങ്ങളോട് സഭ ആവർത്തിച്ചാവശ്യപ്പെട്ടിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളെ അനുകരിച്ച് വ്യക്തികളുടേയും പ്രസ്ഥാനങ്ങളുടെയും സ്വാതന്ത്ര്യത്തെ ഹനിക്കാതെ രാജ്യസ്നേഹവും ദൈവവിശ്വാസവും വളർത്തുന്ന ഒരു ശൈലി ഈ രാജ്യങ്ങളിൽ നിലവിൽ വരുവാൻ തിരുസഭ ശ്രമിക്കുന്നു.

കുലപകയും രാജ്യാന്തരശത്രുതയും വളർത്തുന്ന പല നാരകീയശക്തികളും പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ യഥാർത്ഥ സാഹോദര്യവും ഉദാത്തമായ സംസ്കാരവും വളർത്തുന്ന ക്രൈസ്തവാചാര്യം പ്രബലപ്പെടുത്തുവാൻ ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഒന്നുചേർന്ന് പരിശ്രമിക്കണം. വിശ്വാസം സ്വീകരിക്കുകയും എന്നാൽ ആകർഷകമായ മറ്റു ശക്തികൾക്ക് അടിമപ്പെട്ട് അത് വേഗം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ രക്ഷാകരസാന്നിധ്യമായി ഈ ലോകത്തിൽ പ്രവർത്തനനിരതരാകുവാൻ ക്രൈസ്തവർക്ക് കടമയുണ്ട്.

വിഗ്രഹാരാധനയിലും അന്ധവിശ്വാസത്തിലും കഴിയുന്ന ഏതാണ്ട് എട്ടുകോടി അൻപതുലക്ഷം ജനങ്ങൾ ആഫ്രിക്കയിലുണ്ട്. സഭയുടെ അനുഗ്രഹീതമായ ജീവിതശൈലിയേയും പ്രബോധനത്തെയും ഈ ജനങ്ങളുമായി പങ്കുവച്ച് ഇവരെ രക്ഷയുടെ മാർഗ്ഗത്തിലേയ്ക്ക് നയിക്കുവാൻ ആഗോള സഭയ്ക്ക് വളരെ പ്രധാനപ്പെട്ട കടമയുണ്ട്. (No.21) ഈ കടമ നിർവ്വഹിക്കുന്നതിൽ തടസ്സമോ താമസമോ നേരിടുന്നത് വളരെ അപകടകരമാണ്. ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രേഷിതരെ നിയോഗിക്കാനാവാതെ വരുന്നതും തദ്ദേശീയ പ്രേഷിതർക്ക് അവശ്യസഹായവും പരിശീലനവും ലഭിക്കാതെ പോകുന്നതും ആഫ്രിക്കയിലെ ക്രൈസ്തവ ജീവിതത്തെ വളരെ ഹാനികരമായി ബാധിക്കുന്നുണ്ട്. വെറും പ്രഘോഷണം മാത്രമല്ല അവിടുത്തെ രാഷ്ട്രീയ സാമൂഹ്യസാഹചര്യത്തിൽ മാനസാന്തരം വന്നവരുടെ ഒരു മാതൃകാസമൂഹത്തെ രേഖപ്പെടുത്തി എടുക്കുക എന്നതാണ് പരമ പ്രധാനം. വളരെ തീക്ഷ്ണതയോടും അർപ്പണമനോഭാവത്തോടും കൂടി ആഫ്രിക്കയിൽ പ്രവർത്തിക്കുന്ന നിരവധി പ്രേഷിതർക്ക് പല സ്ഥലങ്ങളിലും വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കാതെ കഷ്ടപ്പെടുന്നുണ്ട്. ഇവർക്ക് സഹായഹസ്തം കൊടുക്കേണ്ടത് ആഗോളസഭയുടെ കടമയാണ്.

ക്രിസ്തുനാഥൻ ശിഷ്യന്മാരിലൂടെ നൽകിയ പ്രേഷിതദൗത്യം ആഗോള സഭയ്ക്കുള്ള ദൗത്യമാണ്. ശിഷ്യന്മാരുടെ തലവനായി വി. പത്രോസിനെ നിയോഗിച്ചെങ്കിലും അപ്പസ്തോല സമൂഹത്തിൽപ്പെട്ട എല്ലാവരും ആ ഉത്തരവാദിത്വത്തിലും അധികാരത്തിലും പങ്കുചേരുന്നവരാണ്. അതുകൊണ്ട് ലോകത്തിലുള്ള എല്ലാ മെത്രാന്മാരും മാർപാപ്പയോട് ചേർന്ന്

പ്രേഷിതപ്രവർത്തികൾ നിർവ്വഹിക്കുവാൻ കടപ്പെട്ടവരാണ്. കത്തോലിക്കാ സഭ അതിന്റെ സ്വഭാവത്താൽ തന്നെ സാർവ്വലൗകീകമാണ്. ലോകത്തെ മ്പാടുമുള്ള ജനങ്ങളുടെ മാതാവാണ്. പ്രേഷിതശുശ്രൂഷ ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും ഈ അമ്മയുടെ സ്നേഹവും സേവനവും എത്തിച്ചേർക്കേണ്ടത് ആവശ്യമാണ്.

മാതാവായ തിരുസഭ മൂന്നുവിധത്തിൽ ഈ പ്രേഷിതശുശ്രൂഷയിൽ പങ്കുചേരണമെന്ന് മാർപാപ്പ ആവശ്യപ്പെടുന്നു (No.48) പ്രാർത്ഥന, സാമ്പത്തികസഹായം, വ്യക്തിപരമായ ശുശ്രൂഷ തീക്ഷ്ണവും നിരന്തരവുമായ പ്രാർത്ഥന ആഫ്രിക്കപോലെയുള്ള രാജ്യങ്ങളിൽ പ്രേഷിതപ്രവർത്തനത്തെ ത്വരിതപ്പെടുത്തും. ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകരസംഭവങ്ങളെ അനുസ്മരിക്കുന്ന ആരാധനക്രമത്തിലെ വിവിധ ഘട്ടങ്ങളിലെ പ്രാർത്ഥനകൾ ഇതിന് ഏറെ സഹായകരമാണ്. മഹാപുരോഹിതനായ ക്രിസ്തു പരമപിതാവിന് അർപ്പിച്ച രക്ഷാകരബലി അൾത്താരയിൽ ആവർത്തിച്ചർപ്പിക്കുന്നതാണ് ഏറ്റവും മഹോന്നതമായ പ്രേഷിത പ്രാർത്ഥന. "ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കായി" അർപ്പിക്കപ്പെടുന്ന ബലി ലോകം മുഴുവനിലുമുള്ള പ്രേഷിതപ്രവർത്തനങ്ങൾക്ക് ശക്തിയായിത്തീരും. "നിന്റെ രാജ്യം വരണം" എന്ന് പ്രാർത്ഥിക്കുവാൻ ശിഷ്യരെ ഈശോ പഠിപ്പിച്ച ആ പ്രാർത്ഥന വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടി ക്രൈസ്തവവിശ്വാസികൾ ഒരുമിച്ച് ആവർത്തിക്കുമ്പോൾ മിഷനറിമാരുടെ പ്രേഷിതയജ്ഞങ്ങൾ വിജയം വരിക്കുക തന്നെ ചെയ്യും.

ആത്മാർത്ഥമായ പ്രാർത്ഥന പരസ്നേഹ പ്രവർത്തികളിലേയ്ക്ക് ജനങ്ങളെ നയിക്കണം. കാലാകാലങ്ങളിൽ ഉദാരമനസ്കരുടെ സാമ്പത്തിക സഹായങ്ങളാണ് പ്രേഷിതപ്രവർത്തനങ്ങൾക്ക് ഏറെ കരുത്തേകിയ Pontifical Mission Society യുടെ പ്രവർത്തനങ്ങൾ ഇതിന് ഏറെ സഹായകമായിട്ടുണ്ട്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന Propaganda Fide ഈ രംഗങ്ങളിൽ വളരെ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. സമ്പത്തിന്റെ അഭാവംമൂലം പല പ്രേഷിതരംഗങ്ങളും നിർജ്ജീവമാകാനും വൈദീകപരിശീലനംപോലും പൂർത്തിയാക്കാൻ കഴിയാതെയും പോയിട്ടുണ്ട്. പരസ്നേഹത്തിൽ അധിഷ്ഠിതമായ സഭാസമൂഹത്തിൽ ഇവയൊക്കെ സംഭവിക്കാൻ പാടില്ലാത്തതാണ്. സുഭിക്ഷതയും ലൗകീകാഡംബരങ്ങൾക്കുമായി അനാവശ്യമായി ചിലവിടുന്ന സ്വത്ത് പ്രേഷിത പ്രവർത്തനത്തിന്റെ വളർച്ചയ്ക്കായി വിനിയോഗിക്കണം.

ഇതിലെല്ലാം ഉപരിയായി ആഫ്രിക്കയും അതുപോലുള്ള രാജ്യങ്ങളും ഇന്ന് ആവശ്യപ്പെടുന്നത് നല്ല പ്രേഷിതരെയാണ്. അബ്രാഹത്തെ സ്വന്തം നാട്ടിൽ നിന്നും സ്വന്തക്കാരിൽ നിന്നും പുറത്തിറക്കി പുതിയ നാട് കാണിച്ചു കൊടുത്തതുപോലെ ദൈവം ഇന്ന് ഓരോ ക്രൈസ്തവരെയും ക്ഷണിക്കു

കയാണ്. പ്രാർത്ഥനയിൽ നിന്ന് ഉരുത്തിരിയുന്ന പരസ്നേഹം നിസ്വാർത്ഥമായ പരസ്നേഹത്തിലൂടെയും സ്വയം സമർപ്പണത്തിലൂടെയും പ്രത്യക്ഷപ്പെടുമ്പോൾ ആഗോളസഭയുടെ പ്രേഷിതപ്രവർത്തനം അതിവേഗം വളരെ സത്ഫലങ്ങൾ പുറപ്പെടുവിക്കും.

വ്യക്തിപരമായും സാമൂഹ്യമായും രൂപതാടിസ്ഥാനത്തിലുമെല്ലാം ഈ സഹായം തുടരുവാൻ സാധിക്കും. ആഫ്രിക്കയുടെ പ്രത്യേക സാഹചര്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് എഴുതിയ ചാക്രകലേഖനമാണെങ്കിലും ആഗോളസഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക്ദുരിതം" (1cor 9:16) എന്ന് പ്രസ്താവിച്ച വി. പൗലോസിന്റെ മനോഭാവം നമുക്കുണ്ടെങ്കിൽ ആഗോളസഭയുടെ പ്രേഷിതപ്രവർത്തന യജ്ഞങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഭാഗഭാക്കുകളാകാൻ ഓരോ ക്രൈസ്തവനും സാധിക്കും എന്ന ശക്തമായ ബോധ്യമാണ് ഈ ചാക്രിക ലേഖനത്തിലൂടെ പന്ത്രണ്ടാം പീയൂസ് മാർപാപ്പ നമുക്ക് നൽകുന്നത്.

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**

### മിഷൻ ഇയർ സെമിനാർ വാർധ

പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി ഛാന്ദാ രൂപതയിലെ ദർശന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി, വാർധയിൽ വച്ച് നടത്തിയ നോർത്ത് ഇൻഡ്യൻ മിഷൻ സെമിനാറിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് മിഷൻ ഇയർ രൂപതാ കോഡിനേറ്റർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, മിഷൻലീഗ് രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ എന്നിവർ പങ്കെടുത്തു.

### മിഷൻലീഗ് ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

മാനന്തവാടി രൂപതയ്ക്ക് പുറത്ത് സേവനം ചെയ്യുന്ന സമർപ്പിതരുടെ ഒരു ഡയറക്ടറി പുറത്തിറക്കുന്നതിനുള്ള ഒരു അന്വേഷണ ഫോറം എല്ലാ ഇടവകകളിലേയ്ക്കും തന്നുവിട്ടിരുന്നല്ലോ. വിവരങ്ങൾ ശേഖരിച്ച് കഴിയുന്നതും വേഗം ഫോട്ടോ സഹിതം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ഏതെങ്കിലും കാരണവശാൽ അന്വേഷണ ഫോറം കിട്ടാത്തവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**ജോൺസൺ ചിറായിൽ**
കൺവീനർ

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം കോർഡിനേറ്റർ

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടി രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹ നിർഭരമായ ആശംസകൾ...

ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും കൂടുതലായി ചിന്തിക്കുകയും, ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും, കണ്ടെത്തുകയും ചെയ്യുന്നതിന് സഹായകമായി നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന ദൈവവിളി ക്യാമ്പുകളെക്കുറിച്ച് കഴിഞ്ഞ മാസത്തെ രൂപതാ ബുള്ളറ്റിനിൽ അറിയിച്ചിരുന്നല്ലോ? ഒരിക്കൽകൂടി ക്യാമ്പിന്റെ വിശദ വിവരങ്ങളും വരുത്തിയിട്ടുള്ള ചില മാറ്റങ്ങളും അറിയിക്കട്ടെ.

**ക്യാമ്പ് I :- ആൺകുട്ടികൾക്കുള്ള ക്യാമ്പ്**

**പങ്കെടുക്കേണ്ട ഫൊറോനകൾ :** ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്.

**ക്യാമ്പ് നടക്കുന്ന സ്ഥലം :** മൗണ്ട് മേരി കോളേജ് (മൈനർ സെമിനാരി, മാനന്തവാടി)

**തീയതി :** 2012 മാർച്ച് 27-ാം തീയതി വൈകുന്നേരം 4 മണിമുതൽ 29-ാം തീയതി ഉച്ചയ്ക്ക് 12. 30 വരെ.

**ക്യാമ്പ് II :- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ക്യാമ്പ്**

**പങ്കെടുക്കേണ്ട ഫൊറോനകൾ :** നീലഗിരി റീജിയൺ, നിലമ്പൂർ, മണിമൂളി.

**ക്യാമ്പ് നടക്കുന്ന സ്ഥലം :** റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി :** 2012 മാർച്ച് 27-ാം തീയതി വൈകുന്നേരം 4 മണിമുതൽ 29-ാം തീയതി ഉച്ചയ്ക്ക് 12.30 വരെ.

**ക്യാമ്പ് III :- ആൺകുട്ടികൾക്കുള്ള ക്യാമ്പ്**

**പങ്കെടുക്കേണ്ട ഫൊറോനകൾ :** കല്പ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി.

**ക്യാമ്പ് നടക്കുന്ന സ്ഥലം :** മൗണ്ട് മേരി കോളേജ്, മാനന്തവാടി.

**തീയതി :** 2012 മാർച്ച് 29-ാം തീയതി വൈകുന്നേരം 4 മണിമുതൽ 31-ാം തീയതി ഉച്ചക്ക് 12.30 വരെ.

**ക്യാമ്പ് IV :- പെൺകുട്ടികൾക്കുള്ള ക്യാമ്പ്**

**പങ്കെടുക്കേണ്ട ഫൊറോനകൾ :** മാനന്തവാടി രൂപതയിലെ എല്ലാ ഫൊറോനകളും.

**ക്യാമ്പ് നടക്കുന്ന സ്ഥലം :** മൗണ്ട് മേരി കോളേജ്, മാനന്തവാടി (മൈനർ സെമിനാരി).

**തീയതി :** 2012 ഏപ്രിൽ 9-ാം തീയതി വൈകുന്നേരം 4 മണിമുതൽ 11-ാം തീയതി രാവിലെ 10 മണി വരെ.

(മുൻപറിയിച്ചിരുന്ന തീയതിയിലെ മാറ്റങ്ങൾ ശ്രദ്ധിക്കുമല്ലോ)

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. അവരുടെ സന്ദർശന സമയം ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം ഉച്ച കഴിഞ്ഞ് 2.00 മുതൽ 2.30 വരെയാണ്.
3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് 150/- രൂപയായിരിക്കും.
4. തമിഴ്നാട്ടിലെ പരീക്ഷകൾ താമസിച്ച് നടക്കുന്നതിനാൽ നീലഗിരി റീജിയനിലെ വിദ്യാർത്ഥികൾക്ക് രൂപതയിലെ മറ്റ് ഏത് ദൈവവിളി ക്യാമ്പിലും (മൈനർ സെമിനാരിയിൽ വച്ച് നടക്കുന്ന) പങ്കെടുക്കാവുന്നതാണ്.

ദൈവവിളി ക്യാമ്പുകളിലേക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ? സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**വൊക്കേഷൻ പ്രൊമോട്ടേഴ്സ്**

**അഡ്രസ്സ്:** മൗണ്ട്മേരി കോളേജ്
P.B.No.1 മാനന്തവാടി, വയനാട് - 670645
ഫാ. തോമസ് കച്ചിറയിൽ, Mob: 9446892434
ഫാ. സെബിൻ ഐക്കരത്താഴത്ത്, Mob: 9744801625

## Come and See

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേരുവാൻ താൽപര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം ഏപ്രിൽ മാസം 11 -ാം തീയതി വൈകുന്നേരം 4 മണി മുതൽ 13 -ാം തീയതി ഉച്ചക്ക് 12.30 വരെ നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്. നമ്മുടെ സെമിനാരിയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ! സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ**
റെക്ടർ

# മതബോധനരംഗം

2011–2012 അധ്യയനവർഷത്തിന്റെ അവസാനത്തിലേക്ക് പ്രവേശിക്കുകയാണ്. ഇതിനോടകം 11, 12 ക്ലാസ്സുകാരുടെ പരീക്ഷകളും കഴിഞ്ഞു. HDC ചെയ്യുന്നവരുടെ പരീക്ഷകളും യഥാവിധി നടന്നുകഴിഞ്ഞു. ദൈവത്തിന് നന്ദി പറയാം. പ്രത്യേകിച്ചും ഈ പ്രവർത്തന വർഷത്തിൽ നിരവധിയായ അനുഗ്രഹങ്ങൾ നൽകിയതിന്. വിശ്വാസപരിശീലന ക്ലാസിൽ കുറവുകളും വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുവാൻ ഇനിയും സമയമുണ്ട്. വിശ്വാസജീവിത വളർച്ചയിൽ നമ്മുടെ പരിശ്രമം വളരെ പ്രധാനപ്പെട്ടതാണല്ലോ.

### Plus One, Plus Two മൂല്യനിർണ്ണയ ക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന Plus One, Plus Two പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് ക്രിസ്റ്റ്യൻ ചെയറിന്റെ നേതൃത്വത്തിൽ മാർച്ച് 10, 11 തീയതികളിൽ നടത്തുന്നു. ക്യാമ്പിന് തെരഞ്ഞെടുക്കപ്പെട്ടവർ മാർച്ച് 10–ന് രാവിലെ 9.00 മണിക്ക് മുമ്പായി എത്തിച്ചേരണം. 11–ന് വൈകുന്നേരം 4.00 മണിവരെയായിരിക്കും ക്യാമ്പ്.

### HDC Contact Class

HDC ആദ്യബാച്ചുകാരുടെ അടുത്ത Contact Class മാർച്ച് 17, 24 തീയതികളിൽ ദ്വാരക പാസ്റ്റൽ സെന്ററിലും, മാർച്ച് 3 ന് മണിമൂളി പാസ്റ്ററൽ സെന്ററിലും നടത്തുന്നു. പങ്കെടുക്കുന്നവർ ശ്രദ്ധിക്കുമല്ലോ.

### പരീക്ഷാ പഠനശില്പശാല

മതബോധന കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മാർച്ച് 31, ഏപ്രിൽ 2 ദിവസങ്ങളിൽ കുട്ടികൾക്ക് പരീക്ഷാ പഠനശില്പശാല നടത്തേണ്ടതാണ്. (സ്കൂൾ പരീക്ഷകൾക്ക്ശേഷം സൗകര്യപ്രദമായ മറ്റ് ദിവസങ്ങൾ കിട്ടുകയാണെങ്കിൽ ഉപയോഗിക്കാവുന്നതാണ്.)

ഓരോ ക്ലാസ്സിലേക്കും അധ്യാപകർക്കാവശ്യമായ 'സഹായി' രൂപതാ ഓഫീസിൽ നിന്നും തരുന്നതാണ്. അധ്യാപകർ, ഈ ഒരു വർഷം പഠിപ്പിച്ചതിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സഹായി നന്നായി വിശകലനം ചെയ്ത് പഠനങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ പരിശീലിപ്പിക്കുമല്ലോ. എല്ലാ ക്ലാസിലും പരീക്ഷയ്ക്ക് അതിലെ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**ഫൊറോന നേതൃത്വത്തിന് നന്ദി**

+1, +2 പരീക്ഷകൾ ഫൊറോനതലങ്ങളിൽ ഭംഗിയായി ക്രമീകരിച്ച് കൃത്യതയോടെ നടത്തിയതിന് ഫൊറോന ഡയറക്ടർ അച്ചന്മാർക്കും ഫൊറോന ടീമിനും, പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റർമാർ, അധ്യാപകർ.... എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**HDC പരീക്ഷകൾ**

HDC എഴുത്ത് പരീക്ഷയ്ക്കും, വാചാപരീക്ഷയ്ക്കും നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾക്കും, മണിമൂളി ഫൊറോന സെക്രട്ടറി ശ്രീ. പോൾ മുട്ടംതോട്ടിൽ സാറിനും, ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. പരീക്ഷയിൽ പങ്കെടുത്ത് കോഴ്സ് പൂർത്തിയാക്കിയ എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**DCC, Contact Class, Exam**

DCC ചെയ്യുന്ന പഠിതാക്കളുടെ അടുത്ത Contact Class, Exam മെയ് മാസം 6-ന് ഞായറാഴ്ച എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അവരുടെ അസ്സൈൻമെന്റ് പേപ്പറുകൾ ഏപ്രിൽ 30-ന് മുമ്പ് ഓഫീസിൽ എത്തിക്കണം.

**ജൂബിലേറിയൻസ്**

2011-2012 വർഷത്തിൽ മതാധ്യാപനരംഗത്ത് 25 വർഷം പൂർത്തിയാകുന്ന അധ്യാപകരുടെ പേര് വിവരങ്ങൾ ഏപ്രിൽ 15-ന് മുമ്പായി ബഹു. വികാരിയച്ചന്മാരുടെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. ജൂബിലേറിയൻസിന്റെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഉണ്ടായിരിക്കണം.

**വാർഷിക പരീക്ഷകൾ**

ഈ വർഷത്തെ വാർഷിക പരീക്ഷകൾ മതബോധന കലണ്ടറിൽ രേഖപ്പെടുത്തിയപോലെ ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ചയാണ്. I മുതൽ IX വരെ ക്ലാസ്സുകാർക്ക് അന്നേദിവസം രാവിലെ 10.00 മണിമുതൽ 12.00 മണിവരെയായിരിക്കും പരീക്ഷ.

X -ാം ക്ലാസ് ഡിപ്ലോമ പരീക്ഷയും IV, VII സ്കോളർഷിപ്പ് പരീക്ഷയും അന്നേദിവസം (ഏപ്രിൽ - 3) ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെയായിരിക്കും. നീലഗിരി റീജണിലെ പരീക്ഷയുടെ വിവരങ്ങൾ ഫൊറോന ഡയറക്ടർ മുഖേന അറിയിക്കുന്നതാണ്.

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ നടത്തുവാൻ ഓരോ ഇടവകയിൽ നിന്നും ഇൻവിജിലേറ്റർമാരെ നിയമിക്കുവാൻ ഫൊറോന നേതൃത്വം ശ്രദ്ധിക്കുമല്ലോ.

**ഇന്റേണൽ അസ്സസ്സ്മെന്റ്**

X -ാം ക്ലാസ് (ഡിപ്ലോമ) കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക്, തന്നിരിക്കുന്ന നിശ്ചിതഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി ഉത്തരക്കടലാസ് പായ്ക്ക് ചെയ്യുന്നതിനോടൊപ്പം ഒരു പ്രത്യേക കവറിലാക്കി ഒട്ടിച്ച് വയ്ക്കുമല്ലോ.

**ചോദ്യപേപ്പറുകൾ**

മാർച്ച് 31-ാം തീയതി രാവിലെ 10.00 മണി മുതൽ 5.00 മണിവരെ രൂപതാ ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും ഉത്തരവാദിത്വപ്പെട്ടവർക്ക് ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി ഫൊറോനയിലുള്ളവർ മാനന്തവാടി ബുക്കുസ്റ്റാളിൽ നിന്നും മറ്റ് ഫൊറോനയിലുള്ളവർ രൂപതാ മതബോധന ഓഫീസിൽ നിന്നുമാണ് ചോദ്യപേപ്പർ എടുക്കേണ്ടത്.

**Plus One, Plus Two Result**

ഫെബ്രുവരിയിൽ നടത്തിയ +1, +2 പരീക്ഷയുടെ റിസൾട്ട് മാർച്ച് 25-ന് ശേഷം നമ്മുടെ രൂപതയുടെ Website ൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നുണ്ട്. Website: www.diocesemdy.org ഈ Site തുറന്ന് Catechism എന്ന വിഭാഗത്തിൽ Result 2012 ശ്രദ്ധിക്കുക.

**SMCC സ്കോളർഷിപ്പ് പരീക്ഷ**

X, VII ക്ലാസുകളിലേയ്ക്കുള്ള SMCC ( Syro Malabar Catechetical Committee) സ്കോളർഷിപ്പ് പരീക്ഷകൾ ഏപ്രിൽ 14-ന് 2.00 മണി മുതൽ 4.00 മണിവരെ ദ്വാരക യു.പി. സ്കൂളിൽ നടക്കും. പരീക്ഷയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർ കൃത്യസമയത്ത് എത്തിച്ചേരണം. അധ്യാപകർ സിലബസ് അനുസരിച്ച് കുട്ടികളെ ഒരുക്കുമല്ലോ.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ**

ഓരോ ഇടവകയിലെയും പരീക്ഷാനടത്തിപ്പിന്റെ പൂർണ്ണഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാ

സ്റ്റർമാർക്കുമാണ്. ഓരോ ഇടവകകളിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോനാ ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷത്തിൽ കുറയാതെ പരിചയമുള്ളവരെയോ ആണ് പരീക്ഷാ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ പേരുവിവരങ്ങൾ മാർച്ച് 20 ന് മുമ്പായി രൂപതാ മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്. സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ അതാത് ഫൊറോന കേന്ദ്രങ്ങളിൽ നിന്നും നൽകുന്നതാണ്.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടിയുള്ള സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**1. പരീക്ഷയ്ക്ക് മുമ്പ്**

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.
5) രൂപതാമതബോധനകേന്ദ്രം നിശ്ചയിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**2. പരീക്ഷാഹാളിൽ**

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടില ധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറി യിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.

5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)
7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിയ്ക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയ സാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരിക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

### 3. പരീക്ഷ കഴിഞ്ഞാൽ

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.
2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട് പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

4) പരീക്ഷാ നടത്തിപ്പുസംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ/വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖയാണ്.
5) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
6) കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).
7) നിങ്ങളുടെ യാത്രാചെലവ്, പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.
8) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
9) മേഖലാസെക്രട്ടറി അടുത്തദിവസം തന്നെ മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
10) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽപറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## Logos 2012

പാഠഭാഗങ്ങൾ: പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം.

## Logos 2012

1) 'സ്വമനസ്സാ തരുന്നവരിൽ നിന്നെല്ലാം എനിക്കുള്ള കാണിക്ക സ്വീകരിക്കുക, ആരാണ് സ്വീകരിക്കേണ്ടത്? (25.02)
   കർത്താവ്, മോശ, അഹറോൻ, ജോഷ്വ
2) സാക്ഷ്യപേടകത്തിന്റെ അകവും പുറവും എന്തു കൊണ്ട് പൊതിയണം? (25:11)
   മരം, വെള്ളി, സ്വർണ്ണം, ശുദ്ധി ചെയ്ത സ്വർണ്ണം
3) തിരുസാന്നിദ്ധ്യഅപ്പത്തിന്റെ സ്ഥാനം എവിടെയായിരിക്കണം? (25:30)
   മേശപ്പുറത്ത്, മേശയുടെ ഉള്ളിൽ, മേശപ്പുറത്ത് താലങ്ങളിൽ, മേശയുടെ രണ്ടറ്റത്തും
4) തിരുസാന്നിദ്ധ്യ അപ്പത്തിന്റെ മേശയെക്കുറിച്ച് പ്രതിപാദിക്കുന്ന പുറപ്പാടിലെ മറ്റൊരു അദ്ധ്യായവും വാക്യവും ഏതാണ്? (25:23-30)
   പുറ. 37:10-16, പുറ. 30:10-15, പുറ. 27:5-6, പുറ. 40:10-15
5) വിളക്കുകാലും ഉപകരണങ്ങളും എന്തുമാത്രം സ്വർണ്ണംകൊണ്ട് വേണം നിർമ്മിക്കാൻ? (25:39)
   5 താലന്ത്, 1 താലന്ത്, 4 താലന്ത്, 2 താലന്ത്,
6) എന്തുകൊണ്ട് വിദഗ്ദ്ധമായി അലങ്കരിച്ചിരിക്കണം സാക്ഷ്യകൂടാരം? (26:01)
   കെരൂബുകളെകൊണ്ട്, നേർത്തചണവസ്ത്രം കൊണ്ട്, നെയ്തെടുത്ത വസ്ത്രം കൊണ്ട്, നീലനൂലുകൊണ്ട്

7) കൂടാരത്തിന്റെ മുകൾഭാഗം മൂടുന്നതിനായി ആട്ടിൻരോമം കൊണ്ട് എത്ര വിരികൾ ഉണ്ടാകണം (26:07)

പത്ത്, എട്ട്, ആറ്, പതിനൊന്ന്

8) കൂടാരത്തിന്റെ മൂടി എന്തുകൊണ്ട് ഉണ്ടാകണം? (26:14)

മുട്ടാടിന്റെതോലുകൊണ്ട്, കോലാടിന്റെ തോലുകൊണ്ട്, ചെമ്മരിയാടിന്റെ തോലുകൊണ്ട്, ഊറയ്ക്കിട്ടമുട്ടാടിന്റെ തോലുകൊണ്ട്

9) കൂടാരത്തിന്റെചട്ട പലകകളുടെ പാദകുടങ്ങൾ എന്തുകൊണ്ട് ഉണ്ടാകണം ? (26:19)

ഇരുമ്പ്, വെള്ളി, സ്വർണ്ണം, രത്നം

10) ശ്രീകോവിലിൽ സാക്ഷ്യപേടകത്തിനുമുകളിൽ എന്താണ് സ്ഥാപിക്കേണ്ടത്? (26:34)

കൃപാസനം, കൂടാരം, മേശ, തിരശ്ശീല

11) കരുവേലമരം കൊണ്ട് ബലിപീഠത്തിനു തണ്ടുകൾ നിർമ്മിച്ച് എന്തുകൊണ്ട് പൊതിയണം ? (27.06)

വെള്ളി, സ്വർണ്ണം, ഓട്, പിച്ചള

12) കിഴക്കുഭാഗത്തെ മുറ്റത്തിന്റെ വീതി എത്ര മുഴമായിരിക്കണം? (27:13)

പത്ത്, അമ്പത്, ഇരുപത്, പതിനഞ്ച്

13) അങ്കണത്തിനു ചുറ്റുമുള്ള തൂണുകൾക്കെല്ലാം എന്തുകൊണ്ടുള്ള പട്ടകളും, കൊളുത്തുകളും ഉണ്ടായിരിക്കണം? (27:17)

വെള്ളി, സ്വർണ്ണം, ഓട്, ചെമ്പ്

14) വിളക്ക് കത്തിനില്ക്കുന്നതിന് എന്ത് എണ്ണയാണ് ആവശ്യം? (27.20)

ആട്ടിയെടുത്ത ഒലിവെണ്ണ, ഒലിവെണ്ണ, ആട്ടിയെടുത്ത ശുദ്ധമായ ഒലിവെണ്ണ, ശുദ്ധമായ ഒലിവെണ്ണ,

15) അങ്കണത്തിന്റെ തെക്കുഭാഗത്ത് നൂറുമുഴം നീളത്തിൽ മറ ഉണ്ടാക്കേണ്ടത് എന്തുകൊണ്ട് ? (27:09)

തിരശ്ശീല കൊണ്ട്, നേർമ്മയായി നെയ്തെടുത്ത ചണത്തുണി കൊണ്ട്, കടുംചെമപ്പ് നിറമുള്ള ചിത്രത്തുന്നലാൽ അലംകൃതമായ ചണവസത്രം കൊണ്ട്, നീലനൂലുകൊണ്ട് നെയ്തെടുത്ത തുണി കൊണ്ട്

16) ഇസ്രായേൽക്കാരുടെയിടയിൽ നിന്നു എത്ര പേരെയാണ് പുരോഹിത സ്ഥാനത്തേയ്ക്ക് വിളിച്ചത്? (28:01)

അഞ്ച്, നാല്, മൂന്ന്, പത്ത്

17) ആർക്ക് വേണ്ടിയാണ് മഹിമയും അഴകും നല്കുന്ന വിശുദ്ധവസ്ത്രങ്ങൾ നിർമ്മിച്ചത്? (28:02)

അഹറോൻ, ഇത്താമർ, നാദാബ്, അബിഹു

18) ആരുടെ മാറിൽ ആണ് ഇസ്രായേലിന്റെ ന്യായവിധി നിരന്തരം വഹിച്ചു നിൽക്കേണ്ടത് ? (28:30)

അഹറോൻ, മോശ, നാദാബ്, അബിഹു

19) എഫോദിന്റെ നീലയങ്കി ഏത് നിറമായിരിക്കണം. (28:31)

ചുമപ്പ്, ധൂമ്രം, നീല, കടുംചുമപ്പ്

20) തലപ്പാവിന്റെ മുൻവശത്ത് ബന്ധിക്കുന്ന തകിടിൽ കൊത്തേണ്ടത് എന്താണ്? (28:36-37)

കർത്താവിന്റെ അഭിഷിക്തൻ, യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ടവൻ, യഹോവയുടെ സമർപ്പിതൻ, കർത്താവിന് സമർപ്പിതൻ

21) സമാഗമകൂടാരത്തിന്റെ വാതിൽക്കൽ വെള്ളം കൊണ്ടുവന്ന് കഴുകുന്നതാരെയൊക്കെയാണ്? (29:04)

ജോഷയും പുത്രൻമാരും, ഹൂറും പുത്രൻമാരും, അഹറോനും പുത്രൻമാരും, മോശയും പുത്രൻമാരും.

22) ശാശ്വതമായ നിയമമനുസരിച്ച് പൗരോഹിത്യം ആരുടെതാണ്? (29:09)

ജോഷയുടേയും, പുത്രന്മാരുടേയും, മോശ, അഹറോൻ ഹൂർ

23) ദൈവഹിതം അറിയുന്നതിനു പുരോഹിതൻ ഉപയോഗിച്ചിരുന്ന രണ്ടു ചെറിയ ഉപകരണങ്ങൾ ഏതെല്ലാം? (28:30)

അങ്കി എഫോദ്, അരപ്പട്ടയും തൊപ്പിയും, ഉറീം തുമ്മിം, തൈലം ഉരസ്ത്രാണം.

24) അഹറോന്റെ സ്ഥാനത്ത് പുരോഹിതനാകുന്ന വ്യക്തി വിശുദ്ധ സ്ഥലത്ത് ശുശ്രൂഷ ചെയ്യുന്നതിന് സമാഗമകൂടാരത്തിൽ വരുമ്പോൾ വിശുദ്ധ വസ്ത്രം എത്ര ദിവസം ധരിക്കണം? (29:30)

പത്ത്, രണ്ട്, ഏഴ്, ആറ്

25) ഇസ്രായേൽ ജനത്തിന്റെ മദ്ധ്യേ വസിക്കുന്നതാരാണ്? (29:45)

അഹറോൻ, മോശ, കർത്താവ്, ജോഷ

26) ധൂപാർപ്പണത്തിനായി ബലിപീഠം പണിയേണ്ടത് എന്തുകൊണ്ട്? (30:01)

സ്വർണ്ണം, വെള്ളി, ഓട്, കരുവേലമരം

27) ഓരോ വ്യക്തിയും കർത്താവിനു കാണിക്കയായി എത്ര ഷെക്കൽ വീതം കൊടുക്കണം (30:13)

ഒന്ന്, രണ്ട്, അര, നാല്

28) കർത്താവിന് അതി വിശുദ്ധമായ കാര്യമെന്താണ്? (30:10)

പ്രാർത്ഥന, പരിഹാരകർമ്മം, പുരോഹിതൻ, ധൂപാർപ്പണം

29) ക്ഷാളന പാത്രം എന്തുകൊണ്ട് നിർമ്മിക്കണം? (30:17)

സ്വർണ്ണം, വെള്ളി, മരം, ഓട്

30) ഒരു ഷെക്കൽ എത്ര ഗേരായാണ്? (30:13)

അഞ്ച്ഗേരാ, പത്ത്ഗേരാ, ഇരുപത് ഗേരാ, ഇരുപത്തഞ്ച് ഗേരാ

31) ദാൻ ഗോത്രത്തിൽപ്പെട്ട അഹിസാമാക്കിന്റെ പുത്രന്റെ പേര്? (31:06)

ഹൂർ, ഊറി, ബസാലേൽ, ഓഹോലിയാബ്

32) ഇസ്രായേൽജനം ശാശ്വതമായ ഒരുടമ്പടിയായി തലമുറതോറും ആചരിക്കേണ്ടത് എന്ത്? (31:16)

തൈലാഭിഷേകം, പെസഹാ, സാബത്ത്, ധൂപാർപ്പണം

33) കർത്താവ് ദൈവീകചൈതന്യം നിറച്ചിരിക്കുന്നത് ആരിൽ? (31:1–3)

ഊറിയുടെ മകൻ ബസാലേലിൽ, അഹറോന്റെ പുത്രൻ നാദാബിൽ, മോശയുടെ പുത്രൻ ഗർഷോമിൽ, ഹൂറിന്റെ പുത്രൻ ഊറിയിൽ

34) കർത്താവ് മോശയോട് അരുൾ ചെയ്തതനുസരിച്ച് ഇസ്രായേൽ എങ്ങനെയുള്ള ജനമാണ്? (32:9)

വിഗ്രഹാരാധകരായ ജനം, നന്ദിഹീനരായ ജനം, കർത്താവിന്റെ പ്രവൃത്തികൾ ഓർക്കാത്ത ജനം, ദുശ്ശാഠ്യക്കാരായ ജനം

35) സ്വർണ്ണംകൊണ്ട് ദേവന്മാരെ നിർമ്മിച്ച ജനത്തിന്റെ ചെയ്തിയെ മോശ വിശേഷിപ്പിച്ചതെങ്ങനെ? (32:30)

കല്പനകൾ ലംഘിച്ചിരിക്കുന്നു, ദൈവത്തെ നിന്ദിച്ചിരിക്കുന്നു, കർത്താവിനെതിരെ തെറ്റ് ചെയ്തിരിക്കുന്നു. കഠിന പാപം ചെയ്തിരിക്കുന്നു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പരീക്ഷകളുടെ കാലമായി. ദൈവത്തിൽ ആശ്രയം വെച്ചുകൊണ്ട് ഉന്നതവിജയം ലക്ഷ്യമാക്കി ഒരുങ്ങുക. വിജയം തീർച്ചയാണ്. ജീവിതത്തിൽ വിജയം നേടാനാഗ്രഹിക്കുന്നവരാണ് നാമെല്ലാം. എത്രയും എളുപ്പത്തിൽ വിജയങ്ങൾ നേടിയെടുക്കണമെന്നതാണ് നമ്മിൽ പലരുടെയും ആഗ്രഹം. എന്നാൽ ജീവിതത്തിൽ യഥാർത്ഥ വിജയം നേടുന്നതിന് കുറുക്കുവഴികളൊന്നുമില്ല എന്ന കാര്യം നാം അംഗീകരിക്കണം. നന്നായി ജീവിക്കുന്ന വ്യക്തിക്ക് മാത്രമെ ജീവിതത്തിൽ യഥാർത്ഥ വിജയം നേടാനാവൂ. നന്നായി ജീവിക്കുക എന്നു പറയുമ്പോൾ ലക്ഷ്യബോധത്തോടെയുള്ള കർമ്മനിരതമായ ജീവിതവും, ജീവിതകടമകളുടെ പൂർത്തീകരണവും, കഠിനാധ്വാനവുമെല്ലാം അതിൽ ഉൾപ്പെടും. ജീവിതത്തിൽ യഥാർത്ഥവിജയം നേടാൻ നമുക്ക് കഴിയട്ടെ. പരീക്ഷകൾ നന്നായി എഴുതുവാൻ ദൈവാനുഗ്രഹം ആവശ്യമാണ്. സാധിക്കുന്നത്ര ദിനങ്ങളിൽ ദേവാലയത്തിൽ വി.കുർബാനയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുക. പരി.അമ്മയുടെയും വി.കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥം യാചിച്ച് പരീക്ഷ എഴുതാൻ ആരംഭിക്കുക. നല്ലൊരു പരീക്ഷാകാലം സ്നേഹപൂർവ്വം ആശംസിക്കുന്നു.

**സോണിയച്ചൻ**

### രൂപത സിമ്പോസിയവും, വാർഷികവും, പ്രേഷിത റാലിയും

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 36-ാം വാർഷികവും സിമ്പോസിയവും ജനുവരി 26-ന് സെന്റ് പാട്രിക് സ്കൂളിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ആയിരത്തി അഞ്ഞൂറോളം മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത വാർഷികം രാവിലെ 9 മണിയോടുകൂടി മാർട്ടിൻ നഗർ പള്ളിയിൽ നിന്നും ആരംഭിച്ച റാലിയോടു കൂടി തുടക്കമായി. മാർട്ടിൻ

നഗർ പള്ളി വികാരി റവ.ഫാ. സിബി ചേലക്കാപ്പിള്ളിൽ റാലി ഉദ്ഘാടനം ചെയ്തു. വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി നടന്ന റാലിയിൽ പ്രേഷിത തീഷ്ണത നിറഞ്ഞു നിൽക്കുന്ന മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

9.45 ഓടുകൂടി റാലി സെന്റ് പാട്രിക് സ്കൂളിൽ എത്തിച്ചേർന്നു. തുടർന്ന് രൂപതാ പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ പതാക ഉയർത്തി. പിന്നീട് നടന്ന വാർഷിക സമ്മേളനം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ദീപ്തിഗിരി ശാഖാംഗങ്ങൾ പ്രയർഡാൻസ് അവതരിപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിന് രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട്, അന്തർദേശീയ വൈ. ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ, ദേശീയ വൈ. ഡയറക്ടർ റവ. ഫാ. ജിമ്മി ഓലിക്കൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് പുതിയാപറമ്പിൽ, സി.എം.എൽ. പ്രഥമ രൂപതാ പ്രസിഡന്റ് ശ്രീ. പൗലോസ് കുരിശിങ്കൽ, പയ്യമ്പിള്ളി മേഖലാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ, മാർട്ടിൻ നഗർ വികാരി ഫാ. സിബി ചേലക്കാപ്പിള്ളിൽ, മാർട്ടിൻ നഗർ വൈസ് പ്രസിഡന്റ് ജിലിൻ എന്നിവർ ആശംസകളർപ്പിച്ചു. പ്രശസ്ത ഭക്തിഗാന രചയിതാവും ഗായകനുമായ ശ്രീ. ബേബി ജോൺ കലയന്താനി മുഖ്യപ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ നന്ദി പറഞ്ഞു. വാർഷികം വൻ വിജയമാക്കിയ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾക്കും രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾക്കും സി. എം. എൽ. മാനന്തവാടി രൂപതയുടെ നന്ദി.

**മുൻകാല രൂപതാ ഭാരവാഹികളുടെ സംഗമം**

ജനുവരി 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സി.എം.എൽ. മാനന്തവാടി രൂപതയുടെ മുൻകാല ഭാരവാഹികളുടെ സംഗമം സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് പുതിയാപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. മുൻകാല ഭാരവാഹികൾ എല്ലാവരും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും രൂപതാ സമിതിക്ക് എല്ലാവിധ പിന്തുണ അറിയിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷം വഹിച്ചു. ശ്രീ. തോമസ് ഏറണാട്ട് ശ്രീ. പൗലോസ് കുരിശിങ്കൽ എന്നിവർ ആശംസകളർപ്പിച്ചു.

**കരുണയുടെ തീരം**

കരുണയുടെ തീരം ഇതുവരെ നടത്താത്ത ശാഖകളും മേഖല കളും കരുണയുടെ തീരം നടത്തി റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാഥേയം 2012 മേഖലാക്യാമ്പുകൾ**

മേഖലാ ക്യാമ്പുകൾ മാർഗ്ഗരേഖയിൽ തന്നിരിക്കുന്ന തീയതിക ളിൽ തന്നെ കൃത്യമായി നടത്തേണ്ടതാണ്. ക്യാമ്പിൽ 8,9,10,11,12 ക്ലാസ്സു കളിലെ കുട്ടികളാണ് പങ്കെടുക്കേണ്ടത്. മേഖലാക്യാമ്പുകളുടെ തീയ തികൾ താഴെപ്പറയുന്നു.

| | | |
|---|---|---|
| ഏപ്രിൽ 9–11 | – | കല്ലോടി, പയ്യമ്പിള്ളി മേഖലകൾ |
| 12–14 | – | കൊട്ടിയൂർ, മാനന്തവാടി |
| 15–17 | – | മണിമൂളി, നിലമ്പൂർ |
| 19–21 | – | ഗൂഡല്ലൂർ, ബത്തേരി |
| 22–24 | – | കൽപ്പറ്റ, പുൽപ്പള്ളി |
| 27–29 | – | നടവയൽ, തരിയോട് |

ക്യാമ്പ് നടക്കുന്ന ശാഖകൾ ഏതാണെന്ന് മേഖലാ ഭാരവാഹികൾ രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**രൂപതാ ടീം ട്രെയിനിംഗ്**

ജനുവരി 26–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ടീം ട്രെയിനിംഗ് സംഘടിപ്പിച്ചു. ശ്രീ. ബേബി ജോൺ കലയന്താനി ക്ലാസ് നയിച്ചു.

**രൂപതാ സമിതി അഭിവന്ദ്യ പിതാവിനോടൊത്ത്**

ഗോഹാട്ടി ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോൺ മൂലേച്ചിറ പിതാ വുമൊത്ത് രൂപതാസമിതിയുടെ ഒരു മീറ്റിംഗ് ജനുവരി 29–ാം തീയതി നടന്നു. പിതാവിനോടൊത്തുള്ള സമയം രൂപതാ സമിതിയ്ക്ക് വളരെ നല്ല ഒരു അനുഭവമായിരുന്നു. പിതാവിന്റെ അനുഭവങ്ങളും അവിടുത്തെ പ്രവർത്തനങ്ങളും ഞങ്ങളോട് പങ്കുവെച്ചു. ഞങ്ങളോടൊപ്പം ചിലവഴി ക്കാൻ പിതാവ് കാണിച്ച സുമനസ്സിനു മുമ്പിൽ നന്ദി നിറഞ്ഞ ഹൃദയ ത്തോടുകൂടി ശിരസുനമിക്കട്ടെ. ഈ പ്രോഗ്രാമിന് വേണ്ട ക്രമീകരണ ങ്ങൾ നടത്തിയ രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോയി മേപ്പാട ത്തിനും നന്ദി.

**കൈയ്യെഴുത്ത് മാസിക**

2011–2012 വർഷത്തെ കൈയ്യെഴുത്ത് മാസിക തയ്യാറാക്കിയ എല്ലാ ശാഖകൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു. ഇതിൽ ഒന്നാം സ്ഥാനം മുള്ളൻകൊല്ലി ശാഖയും രണ്ടാം സ്ഥാനത്തിന്

അരിഞ്ചേർമലയും പടമലയും അർഹരായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശാഖാ ഡയറക്ടേഴ്സിനും ജോ. ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും സഹകരിച്ച എല്ലാവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**മിഷൻമാസം**

ഈ വർഷത്തെ മിഷൻമാസാചരണത്തിൽ തവിഞ്ഞാൽ, കല്ലോടി, മീനങ്ങാടി, തെനേരി, വാഴവറ്റ എന്നീ ശാഖകൾ യഥാക്രമം 1, 2, 3, 4, 5 സ്ഥാനങ്ങൾ കരസ്ഥമാക്കി. നല്ല പ്രവർത്തനങ്ങൾ കാഴ്ച വെച്ച ശാഖകൾക്കും അതിന്റെ ചുക്കാൻപിടിച്ച ബഹു. ഡയറക്ടേഴ്സ് അച്ചൻമാർക്കും ജോ.ഡയറക്ടേഴ്സിനും ശാഖാ ഭാരവാഹികൾക്കും എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2012-13 വർഷത്തെ അംഗത്വലിസ്റ്റിന്റെ 3 കോപ്പി മാർച്ച് 30-ന് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

വിഹിതങ്ങൾ ഇനിയും രൂപതയിൽ ഏൽപ്പിക്കാത്ത ശാഖകൾ (മിഷൻഞായർ, സംസ്ഥാനവിഹിതം, കലണ്ടർ, കാണിക്ക, പലതുള്ളി) മാർച്ച് 30-ന് മുൻപായി രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

മണിമൂളി മേഖലാ ജോ.ഡയറക്ടർ സി. ലീമയുടെ ചാച്ചന്റെ നിര്യാണത്തിൽ രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

**ധർണ**

അന്ത്യത്താഴം വികലമായി ചിത്രീകരിച്ചതിനെതിരെ കൽപ്പറ്റയിൽ വച്ച് CCF ന്റെ നേതൃത്വത്തിൽ നടത്തിയ ധർണ്ണയിലും ഉപവാസ പ്രാർത്ഥനയിലും സി.എം.എൽ. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

പഴൂർ-300, ഇടിവണ്ണ-1500, ഇരുളം - 250, യവനാർകുളം - 200, തരിയോട്-300, മുള്ളൻകൊല്ലി-1000, കമ്മന-500, ദ്വാരക-500, മൂലങ്കാവ്-750, ചിത്രഗിരി-300, വാളവയൽ-200, തേൾപ്പാറ-500, നിലമ്പൂർ-1500, കുറുമ്പാലക്കോട്ട - 300, കണിയാമ്പറ്റ - 150, തോണിച്ചാൽ - 500, കടൽമാട് - 300, തലപ്പുഴ-1000, പനവല്ലി-150.

**കാണിക്കതന്ന ശാഖകൾ**

ഇടിവണ്ണ-400, കുറുമ്പാലക്കോട്ട-200, തോണിച്ചാൽ-250, കടൽമാട്-100.

**പലതുള്ളി തന്ന ശാഖകൾ**

മുള്ളൻകൊല്ലി - 250, വഞ്ഞോട് - 225, ചൂരൽമല - 29, തോണിച്ചാൽ - 150.

**മേഖലാ വാർത്തകൾ**

*ബത്തേരി* – മേഖലാ ഭാരവാഹികൾക്കായി ഉപന്യാസമത്സരവും ശാഖകൾക്ക് കൊളാഷ് മത്സരവും നടത്തി. ഒപ്പം ഏകദിന പ്രാർത്ഥനയും നടത്തി.

**ശാഖാവാർത്തകൾ**

*ചൂരൽമല* – വൈത്തിരി ശാഖയെ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം കൈമാറി.

*കണിയാരം* – ആരാധനയും ഭവനസന്ദർശനവും നടത്തി.

*വൈത്തിരി* – ഏയ്ഞ്ചൽ മീറ്റിലും ചിൽഡ്രസ് മീറ്റിലും പങ്കെടുത്തു.

*മരക്കടവ്* – രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

*കല്ലോടി* – മഴവില്ല് follow up camp ൽ പങ്കെടുത്തു.

*പനവല്ലി* – പുതുവത്സരത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി. സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

*നെല്ലിയോടി* – പള്ളിയും പരിസരവും വൃത്തിയാക്കി.

*കടൽമാട്* – സി. വൽസാ ജോൺ അനുസ്മരണ സമ്മേളനം നടത്തി. ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

*ചുള്ളിയോട്* – പുൽക്കൂട് നിർമ്മാണത്തിൽ കെ.സി.വൈ.എം. നെ സഹായിച്ചു.

*കുന്നലാടി*–രോഗീസന്ദർശനം നടത്തി. പള്ളിയുടെപൂന്തോട്ടം വൃത്തിയാക്കി.

*ചുങ്കക്കുന്ന്* – ബൈബിൾവാക്യ പഠന മത്സരത്തിലും കരോൾഗാന മത്സരത്തിലും പങ്കെടുത്തു.

*നടവയൽ* – ഏകദിന സെമിനാർ നടത്തി. ചിൽഡ്രസ് മീറ്റിൽ പങ്കെടുത്തു. പനമരം Oldage home സന്ദർശിച്ചു 1000 രൂപ നൽകി.

*പഴൂർ* – ധ്യാനം നടത്തി.

*ശാന്തിഗിരി* – സി. ശാലിനിയുടെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.

*ഒലിവുമല* – ക്രിസ്തുമസ് സന്ദേശം വീടുകളിൽ എത്തിച്ചു. അർദ്ധദിന സെമിനാർ നടത്തി. ബൈബിൾവാക്യ പഠനമത്സരം നടത്തി.

*ഒഴുക്കൻമൂല* – ധ്യാനം നടത്തി.

*മീനങ്ങാടി* – മാഹിയിലേയ്ക്ക് തീർത്ഥാടന യാത്ര നടത്തി.

*കൊട്ടിയൂർ* – ക്രിസ്തുമസ് ട്രീ മത്സരം നടത്തി. ദൈവവിളി സെമിനാറിൽ പങ്കെടുത്തു.

*മുണ്ടേരി* – രൂപതാ ബൈബിൾവാക്യ പഠന മത്സരത്തിൽ പങ്കെടുത്ത അനു അബ്രാഹത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

*പൂളപ്പാടം* – ഇടവകാംഗവും അമേരിക്കയിൽ സേവനം ചെയ്യുകയും ചെയ്യുന്ന റവ.ഫാ. ജോയി കൊന്നയ്ക്കൽ റ്റി.ഒ.ആർ. കുഞ്ഞുമിഷനറിമാർക്കായി ദിവ്യബലിയർപ്പിക്കുകയും ദൈവവിളിയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

*നെയ്ക്കുപ്പ* – ഭവന സന്ദർശനം നടത്തി.

*കാട്ടിക്കുളം* – വാർഷികം നടത്തി.

*പുതിയിടം* – മുല്ലപ്പെരിയാർ പ്രശ്നത്തിൽ റാലിയും ജപമാലയും നടത്തി.

*തെനേരി* – മിഷൻ സന്ധ്യ നടത്തി. ഉജ്ജയിൻ ബിഷപ്പിന് സ്വീകരണം നൽകി.

സി.എം.എൽ. അംഗങ്ങളും ഇടവകാ സമൂഹവും ചേർന്ന് സമാഹരിച്ച 20,000 രൂപ നൽകി. അഭിവന്ദ്യ പിതാവ് പ്രേഷിതമരം നട്ടു.

*തവിഞ്ഞാൽ* – വാർഷികം നടത്തി. ദേവാലയവും പരിസരവും വൃത്തിയാക്കി.

*വിളമ്പുകണ്ടം* – പ്രേഷിതവർഷത്തോടനുബന്ധിച്ച് സി.എം.എൽ. അംഗങ്ങൾ 4 ഗ്രൂപ്പുകളായി അര മണിക്കൂർ നീണ്ടുനിൽക്കുന്ന Audio Visual Programme നടത്തി.

*ചുള്ളിയാന* – ബൈബിൾ വാക്യപഠന മത്സരത്തിൽ പങ്കെടുത്തു. ആരാധന നടത്തി.

*പന്തിപ്പൊയിൽ* – ഗ്രൂപ്പ് അടിസ്ഥാനത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി.

*ആടിക്കൊല്ലി* – മിഷൻ പ്രദേശത്ത് സേവനം ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന റവ.ഫാ. ഷൈജു മുതിരക്കാലായിൽ, റവ.ഫാ. തോമസ് കക്കുഴി, റവ.ഫാ. അനീഷ് പീടിയേക്കലുമായി അഭിമുഖം നടത്തി. ജാഗരണ പ്രാർത്ഥന നടത്തി.

*ഇരുളം* – വാർഷികം നടത്തി. ഗ്രൂപ്പടിസ്ഥാനത്തിൽ ബൈബിൾ ദൃശ്യാവതരണ മത്സരം നടത്തി.

*കേളകം* – ക്രിസ്തുമസ് ട്രീയിലൂടെ പിരിഞ്ഞ് കിട്ടിയ 2200 രൂപ കൊണ്ട് രണ്ട് കുട്ടികളെ സഹായിച്ചു.

*കോട്ടത്തറ* – ഭവനനിർമ്മാണത്തിന് 1000 രൂപ നൽകി. ഗുജറാത്തിൽ മിഷൻ ശുശ്രൂഷ ചെയ്യുന്ന സി. ലില്ലിയെ സി.എം.എൽ. അംഗങ്ങളും, മതാദ്ധ്യാപകരും, വികാരിയച്ചനും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.

*വാകേരി* – അമ്പലവയലിൽ പോയി ജെയിംസ് കുന്നുംപുറം സാറിനെ കണ്ട് 500 രൂപ രോഗീസഹായമായി നൽകി.

*കൽപ്ര* – ഒറീസാ ജനങ്ങൾക്ക് വസ്ത്രം നൽകുന്നതിനായി വസ്ത്രശേഖരണം നടത്തി.

*ചെറുകാട്ടൂർ* – ഉജ്ജെയിൻ പിതാവിന് സ്വീകരണം നൽകി. മിഷൻസന്ധ്യ നടത്തി.

*ചാരിറ്റി* – ആരാധന നടത്തി, ഹൃദയരാഗം ശാഖയിൽ വളരെ നല്ലരീതിയിൽ ഇറക്കി.

*വൈത്തിരി* – കൽപ്പറ്റ ഗവ.ഹോസ്പിറ്റലിൽ ഉച്ചഭക്ഷണം ഉണ്ടാക്കി നൽകി. പള്ളിയിൽ വരാൻ സാധിക്കാത്ത വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ച് പുതുവത്സരത്തിന്റെ കേക്ക് നൽകി. ആശംസയർപ്പിച്ചു.

*മംഗലശ്ശേരി* – രൂപതാ വാർഷികത്തിൽ പങ്കെടുത്തു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹിന്ദി കവിതാരചനയിൽ വിജയിച്ച മരിയ മൈലംമേലിനെ ആദരിച്ചു.

*ഏലപ്പീടിക* – വാർഷികം നടത്തി. കുട്ടികൾക്കായി ആരാധന നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

*ജൂഡ്സ് മൗണ്ട്* – വാർഷികം ആഘോഷിച്ചു. സ്റ്റാൾ നിർമ്മിച്ചു.

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

മാർച്ച് മാസം പരീക്ഷകളുടെ കാലം... ഒരു വർഷം മുഴുവൻ പഠിച്ചതിന്റെ വിളവെടുപ്പ് കാലം എന്ന് പറയാം. ഒരു നിമിഷം പോലും പാഴാക്കാതെ മുഴുവൻ സമയവും പഠനത്തിന് പ്രാധാന്യം കൊടുക്കുന്ന സമയം. മുഴുവൻ കെ.സി.വൈ.എം. അംഗങ്ങൾക്കും അനുഗ്രഹീതമായ ഒരു പരീക്ഷാക്കാലം ആശംസിക്കുന്നു. ഒരിക്കൽ ഒരു യുവാവ് വയസ്സായ ഒരു സ്ത്രീയോട് ചോദിച്ചു നിങ്ങൾ എന്തിനാണ് എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്നത്? മറ്റൊരിടത്തും നടക്കാത്ത എന്തെങ്കിലും കാര്യം അവിടെ നടക്കുന്നുണ്ടോ? അതുപോലെ എല്ലാ ഞായറാഴ്ചയും അവിടെ സംഭവിക്കുന്നുണ്ടോ? സ്ത്രീ മറുപടി പറഞ്ഞു. എല്ലാ ഞായറാഴ്ചയും ഞാൻ ക്രിസ്തുവിലൂടെ മനസ്സിലാക്കിയ ദൈവത്തെ കാണാനാണ് പോകുന്നത്. പക്ഷേ എനിക്കതിന് സാധിക്കുന്നില്ല എന്നത് വാസ്തവമാണ്. പക്ഷെ ഒരിക്കൽ ഞാൻ ദൈവത്തെ കണ്ടുമുട്ടും എന്നുള്ളതിൽ സംശയമില്ല. അപ്പോൾ യുവാവ് ചോദിച്ചു എങ്കിൽപ്പിന്നെ എന്തിനാണ് എല്ലാ ഞായറാഴ്ചയും പോകുന്നത്? അപ്പോൾ ആ സ്ത്രീ പറഞ്ഞു 'അത് ഏത് ഞായറാഴ്ചയാണ് സംഭവിക്കുക എന്നറിഞ്ഞുകൂടാ. അതുകൊണ്ട് ഞാൻ മുടങ്ങാതെ പള്ളിയിൽ പോകുന്നു' അതെ സുഹൃത്തുക്കളെ ദൈവത്തെ കണ്ടുമുട്ടണമെന്ന അടങ്ങാത്ത ആഗ്രഹമാണ് ഓരോ ക്രിസ്ത്യാനിയേയും ഭരിക്കേണ്ടത്. അപ്പോൾ നമ്മുടെ പ്രവൃത്തികളെല്ലാം നന്മ നിറഞ്ഞതാകും. ഈ നോമ്പുകാലം നമ്മെ സംബന്ധിച്ച് ദൈവാന്വേഷണത്തിന്റേതാകട്ടെ. ദൈവത്തെ കണ്ടുമുട്ടുവാൻ നമ്മെ സഹായിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ച് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

സ്നേഹപൂർവ്വം

**ടോമിയച്ചൻ**

പച്ചിരുമ്പാണികളാൽ പച്ചമരക്കുരിശിൽ തറയ്ക്കപ്പെട്ട ക്രിസ്തു തന്റെ പച്ചമാംസവും ചുടുരക്തവും മാനവകുലത്തിനായി പകുത്ത് നൽകിയ വിശുദ്ധ ദിനങ്ങളുടെ ഓർമ്മയ്ക്കായി ക്രൈസ്തവ സമൂഹം ഒരുങ്ങുകയാണ് പീഢനങ്ങളേറ്റു വാങ്ങിയവൻ പീഢിപ്പിക്കപ്പെടുന്നവരുടെ ആലംബമായി മാറുന്നു. പഴയനിയമത്തിലെ പെസഹാ പുതിയ പെസഹാക്കുഞ്ഞാടിന്റെ ആത്മബലിക്കായി ബലിക്കല്ലൊരുക്കിയപ്പോൾ കാലചക്രം രണ്ടായി പകുത്തു. ആ വലിയ സ്നേഹത്തിന്റെ വിപ്ലവകാരിയുടെ പെസഹാ ബലിക്കും ഉയിർപ്പ് തിരുന്നാളിനുമായി ഒരുങ്ങുന്ന യുവപ്രേഷിതർക്ക് വലിയ നോമ്പിന്റെ മംഗളങ്ങൾ.... അനുഗ്രഹദായകമാകട്ടെ ഈ ദിനങ്ങൾ എന്ന പ്രാർത്ഥന.....

സ്നേഹത്തിന്റെ വിപ്ലവം ജയിച്ചവൻ കാലഹരണപ്പെട്ട രക്ത വിപ്ലവ ചവറ്റുകൂനയിലെ വിപ്ലവകാരികൾക്കൊപ്പം എണ്ണപ്പെടുകയും അവന്റെ തിരുമുഖം രാഷ്ട്രീയ കോമരങ്ങളുടെ കപടമുഖങ്ങളിലേയ്ക്ക് മോർഫ് ചെയ്യപ്പെടുകയും ചെയ്യുമ്പോൾ നമുക്കുണർന്നിരിക്കാം. നൂതന മതമർദ്ദനങ്ങളുടെ കേളീശൈലികൾ അവതരിപ്പിക്കുന്ന കപട മനുഷ്യസ്നേഹികൾ വിശുദ്ധരുടെ രക്തസാക്ഷിത്വത്തിനും 'ചുവപ്പ്' പരിവേഷം നൽകുന്നു. സർവ്വ സൈന്യാധിപന്റെ ഉടവാൾ തന്ന് സത്യവിശ്വാസത്തിന്റെ വചന വാൾ വെടിയാൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ ഡയോക്ലീഷ്യസിന്റെ ഗദയ്ക്ക് മുന്നിൽ തലകുനിച്ച വിശുദ്ധനെപ്പോലെ നമുക്കും ഏറ്റുപറയാം നമ്മുടെ ഏകദൈവത്തെ.... വിമോചനത്തിന്റെ നിത്യമായ അത്താഴത്തെ....

**യുവജ്യോതി - 2012**

"അഴിമതിരഹിത ഭാരതം വികസിതവയനാട്" എന്ന മുദ്രാവാക്യവുമായി ജനുവരി 26 ന് കാക്കവയൽ ജവാൻ സ്മൃതിയിലേക്ക് യുവജ്യോതി പദയാത്ര നടത്തി. ഭാരതത്തിന്റെ 63-ാം റിപ്പബ്ലിക് ദിനത്തിൽ മീനങ്ങാടി അസ്സീസ്സി ദേവാലയ പരിസരത്ത് നിന്നാരംഭിച്ച പദയാത്രയിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 100-ൽ പരം യുവജനങ്ങൾ പങ്കെടുത്തു. ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കെ. ഇ. വിനയൻ, കെ.സി.വൈ.എം. രൂപതാ വൈസ് പ്രസിഡന്റ് കുമാരി ഫ്രൻസി മണ്ണിശ്ശേരിക്ക് പതാക കൈമാറിക്കൊണ്ട് പദയാത്ര ഉദ്ഘാടനം ചെയ്തു. കാക്കവയൽ ജവാൻ സ്മൃതിയിൽ മുൻ എം.എൽ.എ. ശ്രീ. എൻ.ഡി. അപ്പച്ചൻ പുഷ്പാർച്ചന നടത്തുകയും സമാപന സന്ദേശം നൽകുകയും ചെയ്തു. തെനേരി യൂണിറ്റ് ഡയറക്ടർ റവ. ഫാ. സജി കോട്ടായിൽ രാഷ്ട്രപുനരർപ്പണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം

നടത്തിയ സമാപന സമ്മേളനത്തിന് കെ.സി.വൈ.എം. രൂപതാ ജന റൽ സെക്രട്ടറി അനീഷ് ഓമക്കര സ്വാഗതവും ട്രഷറർ ബിബിൻ ചമ്പക്കര നന്ദിയും പറഞ്ഞു. മീനങ്ങാടി അസ്സീസി സെമിനാരി ഡയറ ക്ടർ റവ.ഫാ. ഷൈജു പള്ളിച്ചാംകുടി, രൂപതാ സെക്രട്ടറി ശ്രുതി നെടു ങ്ങോട്ടുകുടിയിൽ, കോർഡിനേറ്റർ എബിൻ മുട്ടപ്പള്ളി, മേഖലാ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. യുവജ്യോതി പദയാത്ര യിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും ആവശ്യമായ ഒരുക്കങ്ങൾ നടത്തിയ തെനേരി, മീനങ്ങാടി യൂണിറ്റു കൾക്കും മേഖലാ, യൂണിറ്റ് ഭാരവാഹികൾ, ആനിമേറ്റർമാർ, ഡയറക്ടേ ഴ്സ് ഏവർക്കും രൂപതാ സമിതിയുടെ നന്ദി.

**കൊയ്നോണിയ-2012**

പിന്നിട്ട വർഷങ്ങളിൽ ഒരു വികാരമായി കെ.സി.വൈ.എം. നെ കാണുകയും സ്നേഹിക്കുകയും പ്രസ്ഥാനത്തെ വളർത്തുകയും ചെയ്ത മുൻ നേതാക്കളുടെ കുടുംബസംഗമം 'കൊയ്നോണിയ-2012' ജനുവരി 28 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ധാർമ്മിക പടയോട്ടത്തിന്റെ ഇടനാഴികളിൽ പ്രസ്ഥാനത്തെ നയിച്ച് ഇന്നും ആ ആവേശം മനസ്സിൽ സൂക്ഷിച്ച് യുവതലമുറയെ വഴിനടത്താൻ വന്നെ ത്തിയ ഞങ്ങളുടെ ജ്യേഷ്ഠ സഹോദരങ്ങൾക്ക് രൂപതാസമിതിയുടെ നന്ദി. 28-ന് രാവിലെ 10.30 ന് ആരംഭിച്ച 'കൊയ്നോണിയ'ക്ക് രൂപതാ പ്രസിഡന്റ് ബിനോയി പാനികുളം അദ്ധ്യക്ഷത വഹിച്ചു. രൂപതാഡയ റക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം നടത്തി. ക്രിസ്ത്യൻ സിവിക് സൊസൈറ്റി സെക്രട്ടറി ഫാ. ബാബു മാപ്ലശേരി കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. മുൻ നേതാക്കളുടെ പ്രതിനിധി കളായി ശ്രീ. ബിജു മാത്യു അരിക്കാട്ട്, ഷാജു പി. ജെയിംസ്, ശ്രീമതി ഷീന മാർഗരറ്റ്, സണ്ണി ചാലിൽ, സി. ആൻസി പോൾ എസ്.എച്ച്., ഷംജിത്ത് ചേലയ്ക്കൽ, റോഷൻ ഇഞ്ചപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. റവ.ഫാ. ജോർജ്ജ് തേരകം വചനവ്യാഖ്യാനത്തിനും ചിന്തകൾക്കും നേതൃത്വം നൽകി. ജനറൽ സെക്രട്ടറി അനീഷ് ഓമക്കര സ്വാഗതവും ട്രഷറർ ബിബിൻ ചമ്പക്കര നന്ദിയും പറഞ്ഞ 'കൊയ്നോണിയ' 'അഗാപ്പെ' യോടെ സമാപിച്ചു. സെക്രട്ടറിമാരായ ജസ്റ്റിൻ ചെഞ്ചട്ടേൽ, ശ്രുതി നെടുങ്ങോട്ടുകുടി, വൈസ് പ്രസിഡന്റ് ഫ്രൻസി മണ്ണിശ്ശേരി, കോർഡിനേറ്റർ എബിൻ മുട്ടപ്പള്ളി, ആനിമേറ്റർ സി. വിൻസി എഫ്. സി.സി. എന്നിവർ നേതൃത്വം നൽകി.

**അന്ത്യത്താഴ ചിത്രത്തെ അവഹേളിച്ചതിൽ പ്രതിഷേധം**

ഏതൊരു ക്രിസ്ത്യാനിയുടെയും മനസിൽ ഉണങ്ങാത്ത മുറി

വുകൾ തീർത്ത് 'അന്ത്യത്താഴ ചിത്രത്തെ' വികലമാക്കി ചിത്രീകരിച്ച രാഷ്ട്രീയ നടപടികൾക്കെതിരെ പ്രതിഷേധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഫെബ്രുവരി 5-ന് പ്രതിഷേധ മാർച്ച് നടത്തി. ക്രിസ്തു വിശ്വാസത്തിന്റെ ആഴവും പരപ്പും വിളിച്ചോതി അഭിമാനപൂർവ്വം ക്രിസ്തുവിന്റെ അന്ത്യത്താഴചിത്രം വഹിച്ച് മാനന്തവാടി ടൗണിൽ നടത്തിയ പ്രതിഷേധ റാലിയിൽ നൂറ് കണക്കിന് യുവജനങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, പ്രസിഡന്റ് ബിനോയി പാനികുളം, അനീഷ് ഓമക്കര, ജസ്റ്റിൻ ചെഞ്ചട്ടേൽ, ബിബിൻ ചമ്പക്കര, റവ. ഫാ. മനോജ് അമ്പലത്തിങ്കൽ, ബിജു പുത്തൻകണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി. ക്രിസ്തുമതത്തെ ചൂഷണം ചെയ്യുന്ന അഭിനവ മതപീഢകർക്കെതിരെ പ്രതിഷേധിക്കുവാനും ക്രിസ്തുവിശ്വാസം പ്രഖ്യാപിക്കുവാനും ധീരതകാട്ടിയ യുവജന സുഹൃത്തുക്കൾക്ക് രൂപത സമിതിയുടെ നന്ദി.

അന്ത്യത്താഴ ചിത്രത്തെ വികലമാക്കി ചിത്രീകരിച്ചതിലും കമ്മ്യൂണിസ്റ്റ് നേതാക്കളെ ക്രിസ്തുവിന് തുല്യനായി പ്രഖ്യാപിച്ചതിലും പ്രതിഷേധിച്ച് ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കൽപ്പറ്റയിൽ വച്ച് നടത്തിയ ഉപവാസധർണ്ണയിൽ കെ.സി.വൈ.എം. നിർണ്ണായക നേതൃത്വം നൽകി. MIJARC സോളിഡാരിറ്റി സമിതി അംഗം ജോസ് പള്ളത്ത് ആമുഖ പ്രഭാഷണം നടത്തിയ ധർണ്ണ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി തോമസ് ഏറണാട്ട് ഉത്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി അനീഷ് ഓമക്കര, സജിൻ ചാലിൽ, ബിബിൻ ചമ്പക്കര, സണ്ണി ചാലിൽ, മുൻരൂപതാ ആനിമേറ്റർ സി. ആൻസി പോൾ എസ്.എച്ച്. തുടങ്ങി ഒട്ടേറെ യുവജന നേതാക്കളും വയനാട്ടിലെ വിവിധ ക്രൈസ്തവ സഭകളുടേയും സംഘടനകളുടേയും നേതാക്കളും ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഉപവാസ ധർണ്ണയ്ക്ക് ഐക്യധാർഢ്യം പ്രഖ്യാപിച്ചും ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും അവഹേളിച്ചവർക്കെതിരെ നടപടി ആവശ്യപ്പെട്ടും കെ. സി.വൈ.എം. കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ കൽപ്പറ്റ ടൗണിൽ പ്രകടനം നടത്തി. വിവിധ യൂണിറ്റ്, മേഖല, രൂപതാ നേതാക്കൾ പ്രകടനത്തിലും ധർണ്ണയിലും പങ്കെടുത്തു. ഏവർക്കും രൂപതാ സമിതിയുടെ നന്ദി.

**ത്രിവേണി 2012 – മേഖലാ നേതൃസംഗമങ്ങൾ**

ഇനി ഏത് വഴിയിലൂടെ എന്ന് ശങ്കിച്ച് നിൽക്കുന്ന യുവത്വത്തെ ആരാലും മോഷ്ടിക്കപ്പെടാതെ സേവനത്തിന്റെയും പ്രവർത്തനങ്ങളുടെയും മണ്ഡലങ്ങളിൽ ഒന്നിച്ച് നിർത്തുവാൻ യൂണിറ്റ്, മേഖല, രൂപതാ

നേതാക്കളുടെ സംഗമവേദിയായ 'ത്രിവേണി–2012' മേഖലാനേതൃ സംഗമങ്ങൾ വിവിധ മേഖലകളിൽ നടന്നുവരുന്നു.

**നിലമ്പൂർ മേഖല – ജനുവരി 28**

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ചർച്ചിൽ നടന്ന നേതൃസംഗമം ഫൊറോന വികാരി റവ.ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് സുനിൽ മുക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, മേഖല ഡയറക്ടർ റവ.ഫാ. ബിജു ഉറുമ്പിൽ, ആനിമേറ്റർ സി. അന്നമ്മ എസ്.ജെ.ഐ. എന്നിവർ പ്രസംഗിച്ചു. രൂപതാ ജനറൽ സെക്രട്ടറി അനീഷ് ഓമക്കര ക്ലാസ് നയിച്ചു. 80 യുവജനങ്ങൾ പങ്കെടുത്തു.

**കല്ലോടി മേഖല – ഫെബ്രുവരി 5**

ദ്വാരക യു.പി. സ്കൂളിൽ വച്ച് ചേർന്ന കല്ലോടി മേഖല ത്രിവേണി –2012 ന് മേഖല പ്രസിഡന്റ് ജസ്റ്റിൻ ചെഞ്ചട്ടേൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, പ്രസിഡന്റ് ബിനോയി പാനികുളം, മേഖല ഡയറക്ടർ റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞിനാൽ, അനീഷ് ഓമക്കര എന്നിവർ നേതൃത്വം നൽകി.

**ബത്തേരി മേഖല – ഫെബ്രുവരി 20**

അമ്പലവയൽ സെന്റ് മാർട്ടിൻ പള്ളിയിൽ വച്ചു നടത്തിയ നേതൃസംഗമം രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് അജു വാഴപ്പള്ളിത്തട്ടിൽ അധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ റവ.ഫാ. ബെന്നി വെളിയത്ത് ആമുഖ പ്രഭാഷണം നടത്തി. ശ്രുതി നെടുങ്ങോട്ടുകുടിയിൽ, ബിബിൻ ചമ്പക്കര എന്നിവർ ആശംസകൾ അർപ്പിച്ചു. ഈ വർഷത്തെ പ്രവർത്തന വിഷയങ്ങളെക്കുറിച്ച് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ക്ലാസ് നയിച്ചു.

**കൽപ്പറ്റ മേഖല – ഫെബ്രുവരി 19**

'ത്രിവേണി – 2012' കൽപ്പറ്റ മേഖലാ നേതൃസംഗമം കൽപ്പറ്റ അസി.വികാരി റവ.ഫാ. ജോർജ്ജ് മേക്കുളത്തിൽ എസ്.ജെ. ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് അനീഷ് മാന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. മേഖലാ ആനിമേറ്റർ സി. മേഴ്സി എസ്.എ.ബി.എസ്., ഡിന്റോ മുണ്ടുപാലയ്ക്കൽ, അനീഷ മങ്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു. രൂപതാ ജനറൽ സെക്രട്ടറി അനീഷ് ഓമക്കര ക്ലാസ് നയിച്ചു.

**അഭിനന്ദനങ്ങൾ**

പ്രേഷിതവർഷം സെന്ററൽ കമ്മിറ്റി നേതൃത്വം കൊടുത്ത പ്രേഷിതവർഷ സെമിനാറിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത പ്രേഷിത വർഷാചരണ കമ്മിറ്റി കൺവീനർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കലും മിഷൻലീഗ് ഡയറക്ടർ ഫാ. സോണി വടയാപ റമ്പിലും പങ്കെടുത്തു. ഛാന്ദാ രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്ത് രൂപതയുടെ യശസ്സുയർത്തിയ വൈദീകർക്ക് രൂപത യുവജനസഭയുടെ അഭിനന്ദനങ്ങൾ.

**അനുശോചനങ്ങൾ**

മുൻരൂപത കോർഡിനേറ്റർ സിനോ പാറക്കാലായുടെ മാതാവിന്റെ ആകസ്മികമായ ദേഹവിയോഗത്തിലും മുൻ രൂപതാ ആനിമേറ്റർ സി. ക്രിസ്റ്റീന എസ്.സി.വി.യുടെ പിതാവിന്റെ നിര്യാണത്തിലും കെ.സി.വൈ. എം. രൂപതാ സമിതി അനുശോചനം അറിയിക്കുന്നു. ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു.

**മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം**

മരണത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ അവളുടെ കണ്ണുകൾ ദയ നീയമായി യാചിച്ചിട്ടുണ്ടാവണം. അവളുടെ ഒടുവിലത്തെ നിലവിളി പല രുടെയും കാതുകളിൽ തറഞ്ഞതായിരുന്നു. പ്രാണന്റെ പ്രാർത്ഥനക്കായി ആ കരച്ചിൽ ഇന്നും ഇവിടെയുണ്ട്. ഇനി നമുക്കുറങ്ങാനാവില്ല. ചൂഷക വിമുക്തവും വികസിതവുമായ ഒരു നല്ല നാളെയെ പടുത്തുയർത്താൻ – സ്ത്രീത്വത്തിന് കാവലാകാൻ നമുക്കുണരാം. മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തിൽ കൽപ്പറ്റ, മാനന്തവാടി, ബത്തേരി, ടൗണുകളിൽ പ്രവാ ചക ധീരതയോടെ നാം കൈകോർക്കുന്നു. വനിതാദിന സന്ദേശവുമായി... ഏവരെയും ക്ഷണിക്കുന്നു രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ കൽപ്പറ്റ, ബത്തേരി, മാനന്തവാടി ടൗണുകളിൽ.

**നിറവ് – 2012 സിന്റിക്കേറ്റ് ധ്യാനം മാർച്ച് 9–11**

നവസുവിശേഷ വത്ക്കരണത്തിനായി ആഗോളസഭ ഒരുങ്ങു മ്പോൾ വചനത്തിൽ നിറഞ്ഞ് വചനമാകാനും വചനമേകാനും യുവ നേതാക്കൾക്ക് അവസരമൊരുങ്ങുന്നു. 2012 മാർച്ച് 9 മുതൽ 11 വരെ മേഖലാ ഭാരവാഹികൾ, സിന്റിക്കേറ്റ് സെക്രട്ടറിയേറ്റംഗങ്ങൾ എന്നിവർ ആത്മനിറവിനായി ഒത്ത് ചേരുന്നു. ഈ ധ്യാനാവസരത്തിൽ എല്ലാ യുവ ജനനേതാക്കളും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

## മേഖലാ വാർത്തകൾ - നിലമ്പൂർ മേഖല

### പ്രവർത്തനവർഷ ഉദ്ഘാടനം

കെ.സി.വൈ.എം. നിലമ്പൂർ മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം നിലമ്പൂർ ലിറ്റിൽഫ്ളവർ ഫൊറോന പള്ളിയിൽ വച്ച് ജനുവരി 26-ന് നടത്തി. രക്ഷാധികാരി റവ.ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. സുനിൽ മുക്കാട്ട് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. ബിജു ഉറുമ്പിൽ ആമുഖ പ്രഭാഷണം നടത്തി. മേഖലാ സെക്രട്ടറി സിബോൾ പൊട്ടയ്ക്കൽ സ്വാഗതവും, ജോ.സെക്രട്ടറി റിയ തൈച്ചേരിൽ നന്ദിയും പറഞ്ഞു. രൂപതാ ആനിമേറ്റർ സി. അന്നമ്മ വി.ഇ. ആശംസ അർപ്പിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ നിലമ്പൂർ മേഖലയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. രൂപതാ ജന. സെക്രട്ടറി ശ്രീ. അനീഷ് ഓമക്കര ക്ലാസ് നയിച്ചു.

### ആനിമേറ്റേഴ്സ് സംഗമം

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളിയിൽവച്ച് ഫെബ്രുവരി 5-ന് കെ.സി.വൈ.എം. നിലമ്പൂർ മേഖലയിലെ ആനിമേറ്റർമാരുടെ സംഗമം നടത്തി. മേഖല പ്രസിഡന്റ് സുനിൽ മുക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. നിലമ്പൂർ അസി.വികാരി റവ.ഫാ. സിബി തകിടിയിൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ.ഫാ. ബിജു ഉറുമ്പിൽ ആമുഖ പ്രഭാഷണം നടത്തി. അസി.വികാരി റവ.ഫാ. പ്രദീഷ് കിഴക്കൻപുതുപ്പള്ളി, മേഖല ആനിമേറ്റർ സി. അന്നമ്മ വി.ഇ. തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മേഖല കോഡിനേറ്റർ ജാൽ വെമ്പേനിക്കൽ നന്ദി പറഞ്ഞു. തുടർന്ന് ഗ്രൂപ്പ് ഡിസ്കഷനും ക്ലാസ്സും നടന്നു. സി. റോജി എസ്.ഡി., സി. അന്നമ്മ എസ്.ജെ.റ്റി., സി. ഹെലൻ എസ്.കെ.ഡി., സി. വൽസ എസ്.ആർ.എ., സി. കൃപ എഫ്.സി.സി., സി. ആഷ ആർ.എ, സി. ഡോണ സി.എം.സി., സി. ലിൻസി എസ്.എ.ബി.എസ്., സി. മേഴ്സി എഫ്.സി.സി. തുടങ്ങിയവർ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

### യൂണിറ്റ് സന്ദർശനം

നിലമ്പൂർ മേഖലയിലെ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി മേഖല ഡയറക്ടർ റവ.ഫാ. ബിജു ഉറുമ്പിൽ, ആനിമേറ്റർ സി. അന്നമ്മ വി.ഇ. എന്നിവരുടെ നേതൃത്വത്തിൽ മേഖല ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും യൂണിറ്റുകളിലെ ഡോക്കുമെന്റ്സ് ശേഖരിക്കുകയും, മെമ്പർഷിപ്പ് എടുക്കുകയും ചെയ്തു.

## യൂണിറ്റ് വാർത്തകൾ - പുതിയിടംയൂണിറ്റ്

പുതുവർഷാരംഭത്തിൽ യൂണിറ്റ് കൗൺസിൽ ചേരുകയും ഇടവക തിരുനാളിനോടനുബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തിരുനാൾ ദിനങ്ങൾ മനോഹരമാക്കുവാൻ ദീപക്കാഴ്ചകൾ, അലങ്കാരം, പബ്ലിസിറ്റി എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. കലാസന്ധ്യയിൽ രൂപതയിൽ ഒന്നാംസ്ഥാനം നേടിയ ലളിതഗാനവും സംഘഗാനവും അവതരിപ്പിച്ചു. 21-ാം തീയതി യൂണിറ്റ് സിൻഡിക്കേറ്റ് കൂടുകയും റിപ്പബ്ലിക് ദിനം യുവജനദിനമായി ആഘോഷിക്കുന്നതിനെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. അതിനെ തുടർന്ന് 26 -ാം തീയതി വി.ബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുകയും പതാക ഉയർത്തുകയും ചെയ്തു. പുതിയിടംകുന്നിലേയ്ക്ക് പുതിയതായി ആരംഭിച്ച ബസ് സർവ്വീസിന് ജനുവരി 24 ന് സ്വീകരണം നൽകി.

## പ്രശാന്തഗിരി യൂണിറ്റ്

ഇടവകതിരുനാളിനോടനുബന്ധിച്ച് അലങ്കാരം, നേർച്ചഭക്ഷണം, പ്രദക്ഷിണം തുടങ്ങിയ കാര്യങ്ങളിലെല്ലാം കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു. യൂണിറ്റ് അംഗങ്ങൾ സ്നേഹാലയം സന്ദർശിക്കുകയും അവരോടൊപ്പം സൗഹൃദം പങ്കിടുകയും അവർക്കായ് ഭക്ഷണം പാകം ചെയ്തു നൽകുകയും അതോടൊപ്പം പരിസരങ്ങൾ വൃത്തിയാക്കുകയും ചെയ്തു. മാനസിക ഉല്ലാസത്തിനായിട്ട് അതിഥിയായി എത്തിയ വിദേശ സുഹൃത്ത് മി. അൽഫോൻസുമായി യുവജനങ്ങൾ റോസ് പാർക്കിൽ ഫ്ളവർഷോ കാണാൻ പോയി.

## കമ്മന യൂണിറ്റ്

യുവഹൃദയങ്ങളിൽ വിശ്വാസത്തിന്റെ വിത്ത് പാകേണ്ടവരും അഴിമതിയുടെയും അരാജകത്വത്തിന്റെയും വേര് പിഴുതെറിയേണ്ടവരും ആണ് യുവജനങ്ങൾ എന്ന ബോധ്യത്തിലുറച്ചുനിന്നുകൊണ്ട് ഒരു നവലോകസൃഷ്ടിക്കായി മൂർച്ചയുള്ള ആയുധങ്ങളാകുവാൻ കമ്മന യൂണിറ്റിൽ ഒരുക്കിയ യുവജനക്യാമ്പിന് രൂപതാ ടീം നേതൃത്വം നൽകി. യേശുക്രിസ്തുവിന്റെ ചിത്രം ദുരുപയോഗം ചെയ്ത സി.പി.എം. ന്റെ നടപടിയിൽ പ്രതിഷേധിച്ച് പത്രത്തിൽ വാർത്ത നൽകി. ആധുനിക വാർത്താമാധ്യമങ്ങളുടെ അതിപ്രസരം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം മാധ്യമങ്ങളുടെ നല്ല വശം പ്രയോജനപ്പെടുത്തി പ്രേഷിത പ്രവർത്തനത്തിന് മുന്നിട്ടിറങ്ങണം എന്ന ലക്ഷ്യം മുൻനിർത്തി കെ. സി.വൈ.എം. കമ്മന യൂണിറ്റ് സ്വന്തമായി ഒരു Idea sim എടുത്തു. ഈ വർഷത്തെ പള്ളിപ്പെരുന്നാളിന് പ്രദക്ഷിണത്തിന് സംഘടനയുടെ നേതൃത്വത്തിൽ രഥം അലങ്കരിക്കുകയും പ്രദക്ഷിണത്തിന് നേതൃത്വം നൽകു

കയും ചെയ്തു. ഇടവക തിരുനാളിന് സംഘടനയുടെ ആവശ്യകത എന്ന വിഷയത്തെപ്പറ്റി കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് സജേഷ്, കിഷോർ എന്നിവർ ഇടവക സമൂഹത്തിന് സന്ദേശം നൽകി.

**അമ്പലവയൽ യൂണിറ്റ്**

അമ്പലവയൽ ഇടവക ജനങ്ങൾക്കും ക്രൈസ്തവ വിശ്വാസികൾക്കും വേണ്ടി കെ.സി.വൈ.എന്റെ നേതൃത്വത്തിൽ തിരുസ്വരൂപങ്ങളുടെയും, ചർച്ച് ആർട്ടിക്കിൾസിന്റെയും സ്റ്റാൾ നടത്തി. വിശ്വാസത്തിനും ക്രൈസ്തവ മൂല്യങ്ങൾക്കുമെതിരെ കമ്മ്യൂണിസത്തിന്റെ കടന്നുകയറ്റത്തെ ചോദ്യം ചെയ്യാൻവേണ്ടി കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ അമ്പലവയൽ ടൗണിൽ പന്തംകൊളുത്തി പ്രകടനം നടത്തി. കാലത്തിന്റെ കെടുതികളിൽ ക്രൈസ്തവ വിശ്വാസവും യുവജന ശക്തിയും ഒരിക്കലും അവസാനിക്കുകയില്ല എന്നതിന്റെ തെളിവായിരുന്നു ഈ പ്രകടനം.

20-2-12 ന് കെ.സി.വൈ.എം. അമ്പലവയൽ യൂണിറ്റംഗങ്ങൾ പ്രാർത്ഥനാദിനമായി ആചരിച്ച് നോമ്പിന് തുടക്കംകുറിച്ചു. വൈകുന്നേരം 4.30 മുതൽ കെ.സി.വൈ.എം. അംഗങ്ങളുടെ നിറസാന്നിദ്ധ്യത്തിൽ ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തി. 6.30 വരെ നീണ്ടുനിന്ന പരിപാടിയിൽ എല്ലാ കെ.സി.വൈ.എം. അംഗങ്ങളും പങ്കെടുത്തു.

നിറഞ്ഞ സ്നേഹത്തോടെ,

**അനീഷ് ഓമക്കര**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഫെബ്രുവരി 05 മുതൽ 08 വരെ നടന്നകോഴ്സിൽ 94 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മാർച്ച് 16–19 | – | പാസ്റ്ററൽ സെന്റർ മണിമൂളി |
| മാർച്ച് 30– ഏപ്രിൽ 02 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 12–15 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 16 തുടങ്ങി 19 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെവിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 16–19 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

## വിവാഹത്തിനൊരുക്കമായ കോഴ്സ് അനുവദിക്കുന്ന സ്ഥലങ്ങൾ

കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് വെളിയിലും വിവാഹത്തിനൊരുക്കമായ കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സീറോമലബാർ സഭയുടെ പ്രവാസി കമ്മീഷൻ അംഗീകരിച്ച സെന്ററുകളിൽ കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. താഴെ പറയുന്ന സെന്ററുകളിൽ സംബന്ധിച്ചവരുടെ കോഴ്സ് സർട്ടിഫിക്കറ്റുകൾക്ക് മാത്രമേ അംഗീകാരമുള്ളുവെന്ന കാര്യം ഒരിക്കൽ കൂടി ബഹു. അച്ചൻമാർ ഇടവകയിൽ അറിയിക്കുമല്ലോ.

# Approved Centers of Marriage Preparation Course

**Outside India**

(01). **Austria**
Rev.Dr.Thomas Thandappilly CST
Pfarre Maria Lourdes,A-1120
Vienna,Tivoligasse 20
Tel.8174206 (0699 1 1966771)
E-mail;thandappilly @aon.at

(02). **United Kingdom**
Rev.Fr.Thomas Parayadiyil MSF
Co- ordinator
Our Lady of Lourdes
373 Bowes Road
London Nll IAA.U.K
Fr.Coordinator @syromalabarchurchuk.org

(03) **Saudi-Arabia**
1.Dammam,Kobar,Jubail
Fr.Sony Thekkumuriyil
2.Riyad,Jeddah
Fr.Jose Oliakatt

**Within India**

(04). **Ahmedabad**
Rev.Fr.Kuriachan Paul
Episcopal Vicar for the Syro Malaber
Catholics,Diocese of Ahmedabad
Bishop's House, Mirzapur Ahmedabad
380001, Cell:09327004196

(05). **New Delhi**
Rev.Fr.Jose Edassery
Co-Ordinator DSMM
533Double Storey,New
Rajinder Nagar,New Delhi-110060
Tel;011-28745050
Tele-Fax..011-28744092
E-Mail;Smmdethi@.Smmdethi Com
Website;WWW.Smmdethi.Com

(06). **Chennai**
Rev.Dr.Jose Palatty
St.Thomas Pastoral Centre
16,Ayanavaram Road,
Chennai-600023
Tel;044-26443803
E-Mail;Stpcchennai @ yahoo.com

(07). **Bangalore**
Fr.Mathew Koikara CMI
Vicar,St.Thomas Forane Church
Dharmaram College P.O
Bangalore-560029
Tel No.080-41116390
E.mail;fatherkoikara@yahoo.com

## കത്തോലിക്ക മാതൃസംഘടന

അടുത്ത രൂപതാ എക്സിക്യൂട്ടീവ് മാർച്ച് 13 ന് 10 മണിക്ക്.

### ആറാട്ടുതറ യൂണിറ്റ്

ബഹു. ചാക്കോച്ചൻ വാഴക്കാലാ അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. ശ്രീമതി ഗ്രേസി സ്വാഗതം പറഞ്ഞു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തെ ആസ്പദമാക്കിയാണ് അച്ചൻ സംസാരിച്ചത്. എല്ലാ മാസാദ്യവെള്ളിയാഴ്ചയും അമ്മമാർ ദേവാലയത്തിൽ ഒരുമിച്ചു

കൂടി ദേവാലയനിർമ്മാണത്തിനായി നിയോഗം വെച്ച് പ്രാർത്ഥിക്കുന്നു. ഇടവകാസമൂഹത്തിൽ രോഗികളായി കഴിയുന്നവരെ സന്ദർശിക്കുന്നു. മേഖലയിൽ വെച്ചുനടന്ന കരോൾ ഗാനമത്സരത്തിൽ സമ്മാനാർഹരായ അമ്മമാർക്ക് സമ്മാനം കൊടുക്കുകയും അനുമോദിക്കുകയും ചെയ്തു. ശ്രീമതി മേരി ഇളപ്പുപാറ യോഗത്തിന് നന്ദി പറഞ്ഞു.

**നെടുമ്പാല യൂണിറ്റ്**

ജനുവരി 28 ന് ആനിമേറ്ററിന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. ഇടവകയിലെ ഒരു സഹോദരന്റെ മരണത്തിൽ ദു:ഖിതയായ ഭാര്യയെ ആശ്വസിപ്പിക്കാൻ ഏതാനും അമ്മമാർ ആ വീട്ടിൽ പോവുകയും മൃതസംസ്ക്കാര ചടങ്ങുകളിൽ സംബന്ധിക്കുകയും ചെയ്തു. പള്ളി യടിക്കാൻ അമ്മമാർ സഹകരിക്കുന്നു.

**ചൂരൽമല യൂണിറ്റ്**

ആനിമേറ്ററിന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. ജനുവരി 06-ന് പുത്തൂർവയലിൽ വെച്ചുനടന്ന ജാഗരണപ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. അസൗകര്യങ്ങൾ ഉള്ളതിനാൽ സമയം പോലെ ശനി യാഴ്ചകളിൽ മാസമീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു.

**ഇടിവണ്ണ യൂണിറ്റ്**

ജനുവരി 19 ന് ബഹു. ജിൽസൻ കോക്കണ്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. ദേവാലയവും പരിസരവും വൃത്തി യാക്കുകയും പ്രദക്ഷിണത്തിനാവശ്യമായ ദീപകാഴ്ചകൾ ഉണ്ടാക്കു കയും ചെയ്തു. ഭക്തസംഘടനകളുടെ വാർഷികത്തിൽ അവരുടെതായ ഭാഗഭാഹിത്വം വഹിച്ചു.

**പോരൂർ യൂണിറ്റ്**

ജനുവരി 13 ന് ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ അദ്ധ്യ ക്ഷതയിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുകൂടി കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ജനുവരി 17-ന് 20 വാർഡുകളിലെയും പ്രതിനിധികളും എക്സി ക്യൂട്ടീവ് അംഗങ്ങളും ബഹു. തോമസച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടി ഇടവകതിരുന്നാളിൽ അമ്മമാർക്ക് എന്തെല്ലാം ചെയ്യുവാൻ സാധിക്കും എന്നതിനെകുറിച്ച് ചിന്തിച്ചു. പള്ളിയും, പരിസരവും വൃത്തി യാക്കി. തിരുന്നാളിനാവശ്യമായ തോരണം അമ്മമാരുടെ നേതൃത്വത്തിൽ ഉണ്ടാക്കി. പ്രദക്ഷിണത്തിൽ 140 അമ്മമാർ പങ്കെടുത്തു.

വാർഷികാഘോഷം ബഹു.തോമസച്ചന്റെ നേതൃത്വത്തിൽ ജനുവരി 26 ന് നടത്തി. സെക്രട്ടറി ലില്ലി എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. തോമസച്ചൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വിവിധ ഇനം മത്സരങ്ങൾ നടത്തി. എല്ലാവരെയും അച്ചൻ അഭിനന്ദിച്ചു.

**ആറാട്ടുതറ യൂണിറ്റ്**

ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ യോഗം ചേർന്നു. ശ്രീ. ഷാലു യോഗത്തിന് സ്വാഗതം പറഞ്ഞു. വി. മത്തായിയുടെ സുവിശേഷത്തിലെ(23:37/39) ഈ ഭാഗത്തെപ്പറ്റിയാണ് അച്ചൻ അമ്മമാരോട് സംസാരിച്ചത്. തുടർന്ന് പുതിയ തീരുമാനങ്ങൾ എടുത്തു. രോഗികളായവരെയും പ്രായമായവരെയും സന്ദർശിക്കുക, മാനന്തവാടി ടൗണിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ജയിൽ സന്ദർശിച്ച് പ്രാർത്ഥിക്കുക, ഏതെങ്കിലും ഒരാതുരാലയം സന്ദർശിച്ച് പ്രാർത്ഥിക്കുക. ശ്രീമതി മാർഗ്ഗരറ്റ് തോമസ് യോഗത്തിനു നന്ദി പറഞ്ഞു.

**ദ്വാരക യൂണിറ്റ്**

ഫെബ്രുവരി 02 ന് ഇടവകയിലെ അമ്മമാർക്കായി ബോധവൽക്കരണ സെമിനാർ നടന്നു. 104 പേർ പങ്കെടുത്തു. ദിവ്യബലിക്ക് ശേഷം ബഹു.ജോയി തുരുത്തേൽ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. സീയോൻ പ്രോ-ലൈഫ് മൂവ്മെന്റിലെ പ്രവർത്തകരായ അഡ്വക്കേറ്റ് ജോസും, ശ്രീ. സാലുവും ചേർന്ന് 'ജീവന്റെ സംരക്ഷണം, ജീവന്റെ നേരെയുള്ള വെല്ലുവിളി; എന്നീ വിഷയങ്ങളക്കുറിച്ച് വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ ക്ലാസ്സുകൾ എടുത്തു. ക്ലാസ്സുകൾ വളരെ സജീവമായിരുന്നു. അതിനുശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. ജോയിയച്ചനും, ആനിമേറ്റർ കുസ്മവും, മറ്റുകോൺഗ്രിഗേഷൻ സിസ്റ്റേഴ്സും, കൈക്കാരന്മാരും, മാതൃസംഘം ഭാരവാഹികളുടെയും സഹകരണം സെമിനാറിനെ കൂടുതൽ സജീവമാക്കി.

**മരിയൻ സിംഗിൾസ്**

24 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 14 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

2012 ഫെബ്രുവരി 3 ആദ്യവെള്ളി സോണൽ മീറ്റിംഗ് ദിനം 65 ശുശ്രൂഷകർ സംബന്ധിച്ചു. 10 മണിക്ക് കുരിശിന്റെ വഴി ശ്രീ. ജോർജ്ജ് അരഞ്ഞാണിയും സ്തുതി, ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ ശ്രീ. ജോസ് തേനംമാക്കലും നയിച്ചു. 11.30–12 വരെ അഡ്വ. ജോസ് കുറുമ്പാലക്കാട്ട് പ്രോലൈഫിനെപ്പറ്റി ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വി. കുർബാനയ്ക്ക് ശേഷം വിവാഹ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിയോൻ ശുശ്രൂഷക ശ്രീമതി റോസമ്മ ഇല്ലിക്കലിനും ജീവിത പങ്കാളി ശ്രീ. കുര്യനും പൂവ് നൽകികൊണ്ട് ബഹു. താന്നിയിൽ അച്ചൻ മംഗളം ആശംസിച്ചു. അവരെ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. തുടർന്ന് ടീം മീറ്റിംഗ് നടത്തി. 2 രാജ 18:5–7 വചനം വ്യാഖ്യാനിച്ചുകൊണ്ട് ദൈവത്തിൽ വിശ്വസിച്ച്, അവിടുത്തെ കല്പന കൾ അനുസരിച്ച് അവിടുത്തോട് ഒട്ടിനിന്ന ഹെസക്കിയ രാജാവിനെയും അദ്ദേഹത്തിന് ദൈവം നൽകിയ കൃപകളെയും വിശദീകരിച്ചു. പുതിയ നിയമത്തിൽ യോഹ. 15:7 മുന്തിരിയോട് ഒട്ടിനിൽക്കുന്ന ശാഖകൾ ഫലം പുറപ്പെടുവിക്കുന്നതുപോലെ യേശുവിൽ വിശ്വസിച്ച്, കൽപ്പനകൾ പാലിച്ച്, അവിടുത്തോട് ഒട്ടിനിൽക്കേണ്ടതിന്റെ ആവശ്യ കതയും വ്യക്തമാക്കി. ശുശ്രൂഷകരെന്ന നിലയിൽ അനുവർത്തി ക്കേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചു. അതിനുശേഷം അറിയിപ്പുകൾ നൽകി. ആദ്യ ശനി സൗഖ്യദിനമായി ആചരിക്കുന്നു. അഭിഷേക പ്രാർത്ഥനയിലും തുടർന്നുള്ള ആരാധനയിലും മുഴുവൻ ശുശ്രൂഷ കരും സംബന്ധിക്കണം. മാർച്ച് ആദ്യശനി കുടുംബദിനമായി ആച രിക്കുന്നു. മെയ് ആദ്യശനി കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് സിയോനിൽ വന്ന് വചന പ്രഘോഷണം നടത്തും. സിയോൻ ടീം നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് പിന്നീട് നടത്തുന്നതായിരിക്കും.

**ജാഗരണ പ്രാർത്ഥന**

6.30 pm ജപമാല 7.00 pm ബഹു. മനോജ് കറുത്തേടത്ത് അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി തുടർന്ന് എല്ലാവരും അത്താഴം കഴിച്ചു. അതിനുശേഷം കുരിശിന്റെ വഴി നടത്തി. തുടർന്ന് ആരാധനയ്ക്കായി ദിവ്യകാരുണ്യ നാഥനെ അൾത്താരയിൽ പ്രതി ഷ്ഠിച്ചു. 12 മണി വരെയുള്ള പ്രാർത്ഥന ബഹു. വൈദികരും സിയോൻ ടീമും, മ്യൂസിക് ടീമും ചേർന്ന് നയിച്ചു. അത്ഭുതങ്ങളുടെ ഈ രാത്രി യിൽ ജാഗരിച്ച് പ്രാർത്ഥിച്ച മക്കളെ തമ്പുരാൻ കനിഞ്ഞനുഗ്രഹിച്ചു. 12– ന് ആരാധന അവസാനിപ്പിച്ച് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി: ഏകദിന കൺവെൻഷൻ 4–2–12**

6.00 am ന് സിയോൻ ശുശ്രൂഷകർ സിയോന്റെ അമ്മയുടെ സന്നി ധിയിൽ എത്തി. ബഹു. താന്നിയിൽ അച്ചൻ പ്രഭാതത്തിൽ പ്രാർത്ഥ നയ്ക്ക് തുടക്കം കുറിച്ചു. പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ചു കൊണ്ട് സിയോനു ചുറ്റും നടന്ന് ജപമാല രഹസ്യങ്ങൾ ധ്യാനാത്മക മായി ഓരോരുത്തർ മാറി മാറി ചൊല്ലിക്കൊണ്ട് പ്രാർത്ഥിച്ചു. ശുശ്രൂഷ കർക്കായി വചന സന്ദേശം നൽകി, വി. ജലം തളിച്ച് പ്രാർത്ഥിച്ച് ശുശ്രൂ ഷകരെ ശക്തരാക്കി. സിയോനും പരിസരവും വെഞ്ചരിച്ചു. തുടർന്ന് ഒരുക്ക ശുശ്രൂഷകളും പ്രഭാതഭക്ഷണവും കഴിഞ്ഞ് 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി, ആരാധന ഈ പതിവ് ശുശ്രൂഷകൾക്കുശേഷം 11 മണിയ്ക്ക് കമില്ലസ് ആശ്രമത്തിലെ ബഹു. സന്തോഷ് അച്ചൻ വചന പ്രഘോഷണം നടത്തി. 12 മണിക്ക് സിയോന്റെ ആദ്യത്തെ ഡയറക്ടർ ബഹു. ജെയിംസ് കുറ്റിമാക്കൽ അച്ചൻ മറ്റ് നാല് വൈദികരോട് ചേർന്ന് സമൂഹബലി അർപ്പിച്ച് വചന സന്ദേശം നൽകി. ലോകസൗഖ്യദിനത്തോടനുബന്ധിച്ച് ഇന്നത്തെ എല്ലാ ശുശ്രൂഷകളും പ്രാർത്ഥനകളും സൗഖ്യത്തിനുവേണ്ടിയായിരുന്നു. വലിയ ആത്മാഭിഷേകവും സൗഖ്യവും ദിവ്യകാരുണ്യ ആരാധനയിലും, ദിവ്യകാരുണ്യ പ്രദക്ഷിണ മധ്യേയും വി. ബലിയിലും സംഭവിച്ചു. ധാരാളം വൈദികരുടെ സാന്നിധ്യവും പ്രാർത്ഥനയും അനുഗ്രഹദായക മായിരുന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ 11–2–12 – കൗൺസിലിംഗ് ദിനം**

പ്രാർത്ഥിച്ചൊരുങ്ങിയ കൗൺസിലേഴ്സ് അഭിഷേകത്തോടെ ശുശ്രൂഷക്കായി കടന്നുവന്നു. രാവിലെ 9.30 ന് ആരംഭിച്ച കൗൺസി ലിംഗ് ശുശ്രൂഷ 4 pm ന് അവസാനിച്ചു. 55 പേർ വന്ന് കൗൺസിലിംഗ് നടത്തി ശാരീരിക, മാനസിക, ആത്മീയതലങ്ങളിൽ അനുഗ്രഹം പ്രാപിച്ച് തിരിച്ചുപോയി.

**ദമ്പതി കൂട്ടായ്മ**

ഇന്നത്തെ കൂട്ടായ്മയിൽ 64 പേർ പങ്കെടുത്തു. 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. സ്തുതിപ്പ് നടത്തി. 11 മണിക്ക് സിയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ദൈവപരിപാലയെപ്പറ്റി ക്ലാസ്സെടുത്തു. 12.15 ന് ബഹു. അഗസ്റ്റിൻ അച്ചൻ വി. ബലി അർപ്പിച്ചു. 2011 വർഷത്തെ റിപ്പോർട്ട് സെക്രട്ടറി ശ്രീ. സണ്ണി പേര്യക്കോട്ടിൽ അവതരിപ്പിച്ചു. തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. കോ-ഓർഡിനേറ്റർ ശ്രീ. സണ്ണി-മേരി പേര്യക്കോട്ടിൽ, അസി. കോർഡിനേറ്റർ ശ്രീ. ബെന്നി - ആൻസി അറയ്ക്കക്കുന്നേൽ, സെക്രട്ടറി ശ്രീ. പോൾസൺ - ഗ്രേസി വലിയമറ്റം, മദ്ധ്യസ്ഥ പ്രാർത്ഥനാ ലീഡർ ശ്രീ. ജോയി-ബിന്ദു കൈപ്പകശ്ശേരി എന്നീ ദമ്പതികളെ തെരഞ്ഞെടുത്തു. 10-3-2012 ന് പുതിയ ഭാരവാഹികൾ ചാർജ്ജെടുക്കാൻ തീരുമാനിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ആരാധന നടത്തി. ഗാന ശുശ്രൂഷയ്ക്ക് സി. ലിന്റ FCC നേതൃത്വം നൽകി. വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ശ്രീ. ചെറിയാൻ-കത്രീന മണ്ണൂർ ദമ്പതികളെ ബഹു. ഡയറക്ടർ അച്ചൻ ഉപഹാരം നൽകി ആദരിച്ചു. 4 മണിക്ക് സമാപന ആശീർവാദത്തോടെ കൂട്ടായ്മ അവസാനിച്ചു.


**മൂന്നാംവെള്ളി സൗഖ്യദിനം 17-2-2012**

10 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ആരംഭിച്ചു. യേശു നൽകുന്ന സൗഖ്യം വി. ഗ്രന്ഥത്തിലെ തിരുവചനങ്ങൾ ഏറ്റു പറഞ്ഞ് സ്തുച്ച് ആരാധിച്ചു. 11.30 ന് ബഹു. താന്നിയിൽ അച്ചൻ സൗഖ്യ പ്രാർത്ഥന നടത്തി. വി.ബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

**സിയോൻ 2012 മാർച്ച് മാസത്തിൽ**

| | | |
|---|---|---|
| 2 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 3 ആദ്യശനി | - | ഏകദിന കൺവെൻഷൻ, |
| | - | ക്രിസ്റ്റീൻ പ്രോഗ്രാം, കൗൺസിലിംഗ് |
| 10 രണ്ടാം ശനി | - | ദമ്പതീ കൂട്ടായ്മ |
| | - | യുവജന കൂട്ടായ്മ, കൗൺസിലിംഗ് |
| | - | SSLC, Plus 2 വിദ്യാർത്ഥികൾക്ക് പരീക്ഷ ഒരുക്ക ഏകദിന ധ്യാനം |
| 16 മൂന്നാം വെള്ളി | - | സൗഖ്യദിനം |
| | - | ജാഗരണ പ്രാർത്ഥന |
| 30 അവസാന വെള്ളി | - | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. 3-2-2012 വെള്ളിയാഴ്ച സിദ്ധാപുരം സെന്റ് മേരീസ് പള്ളി (ബെൽത്തങ്ങാടി രൂപത) യിൽ വെച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾക്കായി ഏകദിന ധ്യാനം നടത്തി. റവ. ഫാ. മനോജ് കാക്കോനാൽ, ശ്രീ. ബൈജു ജോസ് കൊച്ചുകുടിയിൽ എന്നിവർ ക്ലാസുകൾ നയിച്ചു.
2. 4-2-2012 ആദ്യശനിയാഴ്ച ദ്വാരക സിയോൻ ചാപ്പലിൽ വെച്ച് കുട്ടികൾക്കായി ഏകദിന ക്രിസ്റ്റീൻ ധ്യാനം നടത്തി. 70 ഓളം കുട്ടികൾ പങ്കെടുത്തു. റവ. ഫാ. മനോജ് കറുത്തേടത്ത് പരിപാടിക്ക് നേതൃത്വം നൽകി.
3. 9-02-2012 വ്യാഴാഴ്ച കണിയാരം ഫാ. ജി.കെ.എം. ഹൈസ്കൂളിൽ വെച്ച് അക്രൈസ്തവ വിദ്യാർത്ഥികൾക്കായി ഏകദിന പരിപാടി നടത്തി. ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടിയിൽ സ്കൂളിലെ 600 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. റവ. ഫാ. മനോജ് കാക്കോനാൽ, റവ. ഫാ. ജെയിംസ് പൂതക്കുഴി എന്നിവർ ക്ലാസുകൾ നയിച്ചു.
4. 10-2-2012 വെള്ളിയാഴ്ച ദ്വാരക സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥനയ്ക്കായി ജീസസ് യൂത്ത് ടീം അംഗങ്ങൾ ഒരുമിച്ച് കൂടി.
5. 11-02-2012 രണ്ടാം ശനിയാഴ്ച ദ്വാരക സിയോൻ ചാപ്പലിൽ യുവജനങ്ങൾ ഒരുമിച്ച് കൂടി. രാവിലെ 10 മണിക്ക് ജപമാലയോടുകൂടി പ്രാർത്ഥനാ ശുശ്രൂഷകൾ ആരംഭിച്ചു. ഗാന ശുശ്രൂഷകൾ, ദിവ്യബലി, ദിവ്യകാരുണ്യ ആരാധന തുടങ്ങിയവയ്ക്ക് ശേഷം ഉച്ചകഴിഞ്ഞ് 2.45 ന് ലഘുഭക്ഷണത്തോടെ യുവജനങ്ങൾ പിരിഞ്ഞു. ബഹു. മനോജ് കാക്കോനാൽ അച്ചനോടൊപ്പം ജീസസ് യൂത്ത് ടീം അംഗങ്ങൾ പരിപാടിക്ക് നേതൃത്വം നൽകി.

**ഫാ. മനോജ് കാക്കോനാൽ**
ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേ,

ക്രിസ്തീയ ജീവിതത്തിലെ അതി പ്രധാനമായ നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നോമ്പുകാലത്ത് പ്രഥമവും പ്രധാനവുമായി നാം ലക്ഷ്യമിടേണ്ടത് നമ്മുടെ തന്നെ മാനസാന്തരവും വിശുദ്ധീകരണവുമാണ്. ഈ നോമ്പുകാലത്ത് ഉള്ളത് ഇല്ലാത്തവനുമായി പങ്കുവയ്ക്കുവാൻ വിൻസെൻഷ്യൻ പ്രവർത്തകരായ നാം പ്രത്യേകം ശ്രദ്ധ വയ്ക്കണം. നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയിട്ട് പങ്കുവയ്ക്കുവാൻ ഒരിക്കലും സാധിക്കുകയില്ല. നമ്മുടെ സമ്പത്തിന്റെയും സമയത്തിന്റെയും ഒരോഹരി പാവപ്പെട്ടവർക്കുവേണ്ടി മാറ്റിവയ്ക്കുവാൻ നമുക്ക് കഴിയണം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ഉത്ഥാനത്തിന്റെ മഹത്വം നേടുവാൻ നമുക്ക് പരിശ്രമിക്കാം. എല്ലാവർക്കും ഒരു നല്ല നോമ്പുകാലവും ഈസ്റ്ററും ആശംസിക്കട്ടെ.

**സി സി വാർത്തകൾ**

3-2-2012 ന് ചേർന്ന സിസി യോഗത്തിൽ വച്ച് സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം, സ്ഥാനം ഒഴിയുന്ന വിൻസെൻഷ്യൻ വനിതാ പ്രതിനിധി സി. റോസമ്മ കുപ്പത്താനത്തിന് ഉചിതമായ യാത്രയയപ്പു നൽകി.

ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമന ഉപഹാരം നൽകി അവർക്ക് ആശംസകളർപ്പിച്ചു. സി. സി. പ്രസിഡന്റ്, സി. സി. വൈസ് പ്രസിഡന്റ് ജോണി പാറ്റാനി, എ, സി, പ്രസിഡന്റുമാരുടെ പ്രതിനിധിയായി ബ്ര. തോമസ് തൈരംചേരി എന്നിവർ സംസാരിച്ചു.

മാർച്ച് 10 ന് കോഴിക്കോട് വച്ച് നടക്കുന്ന വനിത പ്രതിനിധികളുടെയും, യൂത്ത് പ്രതിനിധികളുടെയും യോഗത്തിൽ ഒരു എ. സി. യിൽ നിന്ന് ഒരു പ്രതിനിധിയെ വീതം പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

## സി. സി. വാർഷികം

2012 മെയ് 12, 13 തീയതികളിലായി സി. സി. വാർഷികം നടത്തുവാൻ തീരുമാനമായി. മെയ് 12 ന് വൈകുന്നേരം 5 മണിയോടെ ആരംഭിക്കുന്ന വാർഷികാഘോഷം മെയ് 13 ന് 2.00 PM ന് അവസാനിക്കും. 12–ന് കോൺഫ്രൻസ് പ്രസിഡന്റുമാർ, സി.സി. ഭാരവാഹികൾ, ബോർഡ് മെമ്പർമാർ എന്നിവരുടെ പ്രതിനിധി സമ്മേളനം. തുടർന്ന് 13 ന് മുഴുവൻ വിൻസെൻഷ്യൻ അംഗങ്ങളുടെ യോഗം എന്ന രീതിയിലായിരിക്കും വാർഷികാഘോഷം.

## അറിയിപ്പുകൾ

1. റിന്യൂവൽ സ്കോളർഷിപ്പ് നടത്തിയതിന്റെ കംപ്ലീഷൻ റിപ്പോർട്ട് തരാത്തവർ ഉടൻ സി. സി. ഓഫീസിൽ എത്തിക്കുക.
2. മാർച്ച് 31 ന് തന്നെ വാർഷിക റിപ്പോർട്ട് സി സി എത്തിക്കുവാൻ വേണ്ട ക്രമീകരണം നടത്തുക.
3. മാർച്ച് 10 ന് കോഴിക്കോട് വച്ച് നടക്കുന്ന യൂത്ത്, വനിത സംഗമത്തിൽ ഒരു എ സി യിൽ നിന്ന് ഒരു പ്രതിനിധിയെ വീതം പങ്കെടുപ്പിക്കുക.
4. രൂപതാ ബുള്ളറ്റിൻ ലഭിക്കുവാനുള്ള അഡ്രസ്സ് എ. സി. തലത്തിൽ ക്രോഡീകരിച്ച് സി.സി. യിൽ എത്തിക്കുക.

## ഓസ്സാനാംഭവൻ സന്ദർശനം

| | | |
|---|---|---|
| 18–3–2012 | – | സെന്റ് മേരീസ് കേണിച്ചിറ |
| 20–3–2012 | – | സെന്റ് സെബാസ്റ്റ്യൻ കേണിച്ചിറ |
| 22–3–2012 | – | ഇൻഫന്റ് ജീസസ് നടവയൽ |
| 24–3–2012 | – | സെന്റ് മേരീസ് നടവയൽ |
| 26–3–2012 | – | സെന്റ് അൽഫോൻസ നെയ്ക്കുപ്പ |
| 28–3–2012 | – | സെന്റ് ജോസഫ്സ് നെയ്ക്കുപ്പ |
| 31–3–2012 | – | സെന്റ് മേരീസ് വാളവയൽ |
| 2–4–2012 | – | സെന്റ് ജോസഫ് & സെന്റ് മേരീസ് കല്ലുവയൽ |
| 4–4–2012 | – | സെന്റ് ആഗ്നസ് മുള്ളൻകൊല്ലി |
| 7–4–2012 | – | മേരി മാതാ കോൺഫ്രൻസ് കബനിഗിരി |
| 9–4–2012 | – | ഇൻഫന്റ് ജീസസ് കബനിഗിരി |
| 11–4–2012 | – | സാന്തോം കോൺഫ്രൻസ് മരകാവ് |
| 13–4–2012 | – | സെന്റ് അൽഫോൻസ ഇരുളം |
| 15–4–2012 | – | സെന്റ് സെബാസ്റ്റ്യൻ ഇരുളം |
| 17–4–2012 | – | സെന്റ് സെബാസ്റ്റ്യൻ ആടിക്കൊല്ലി |

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
(സി.സി. പ്രസിഡന്റ്)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം കോഴിക്കോട് സെന്റ് ജോസഫ്സ് ദേവാലയാങ്കണത്തിൽ (മാർ വള്ളോപ്പിള്ളി നഗർ) വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. താമരശ്ശേരി, തലശ്ശേരി, കോഴിക്കോട് രൂപതകളുടെ നേതൃത്വത്തിൽ ഛായാചിത്ര, പതാക, മദ്യവിരുദ്ധജ്വാല പ്രയാണങ്ങൾ സെന്റ് ജോസഫ് ദേവാലയങ്കണത്തിൽ സംഗമിച്ചതോടെ സമ്മേളന പരിപാടികൾ ആരംഭിച്ചു. കോഴിക്കോട് രൂപതാ അഡ്മിനിസ്ട്രേറ്റർ മോൺ. വിൻസെന്റ് അറക്കൽ പതാക ഉയർത്തി. തുടർന്ന് മദ്യവിമുക്തരുടെ കൂട്ടായ്മ നടന്നു. മുൻ സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ നേതൃത്വം നൽകി. മാനന്തവാടി രൂപതയിൽ നിന്ന് എട്ട് മദ്യവിമുക്തർ പങ്കെടുത്തു. താമരശ്ശേരി ബിഷപ്പ് മാർ റെമജിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 27-ാം തീയതി പ്രതിനിധി സമ്മേളനം കോഴിക്കോട് രൂപതാ അഡ്മിനിസ്ട്രേറ്റർ മോൺ. വിൻസെന്റ് അറക്കൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി, അതിരൂപതാ ഡയറക്ടർ റവ. ഫാ. തോമസ് തൈത്തോട്ടം വിഷയാവതരണം നടത്തി. അഡ്വ. ചാർളി പോൾ കർമ്മരേഖ അവതരിപ്പിച്ചു. തുടർന്ന് പൊതു ചർച്ച നടത്തി. പ്രതിനിധി സമ്മേളനത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് 25 പേർ പങ്കെടുത്തു.

**സംസ്ഥാന മദ്യവിരുദ്ധ റാലിയും പൊതുസമ്മേളനവും**

ജനുവരി 27 ന് സംസ്ഥാന സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ച് മദ്യവിരുദ്ധ റാലി നടത്തി. മദ്യവിരുദ്ധ മുദ്രാവാക്യങ്ങളോടെ ആയിരങ്ങൾ റാലിയിൽ അണിചേർന്നു. മാനന്തവാടി രൂപതയിൽ നിന്ന് ഇരുന്നൂറോളം പേർ റാലിയിൽ അണിനിരന്നു. പൊതുസമ്മേളനം സംസ്ഥാന കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ

തെക്കെതെച്ചേരിൽ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ സാമൂഹിക-സാംസ്കാരിക സാമുദായിക നേതാക്കൾ പ്രസംഗിച്ചു.

**ചുങ്കക്കുന്ന് ഫൊറോനയ്ക്കും ഇടവകയ്ക്കും അഭിനന്ദനങ്ങൾ**

സംസ്ഥാന റാലിയിൽ ചുങ്കക്കുന്ന് ഫൊറോനയിൽ നിന്ന് പ്രത്യേക ബസ്സിൽ ആളുകളെ പങ്കെടുപ്പിച്ചു. നേതൃത്വം നൽകിയത് ചുങ്കക്കുന്ന് ഇടവക സമിതിയായിരുന്നു. അമ്പായത്തോട് ഇടവക വികാരി റവ. ഫാ. ജോസ് കുളിരാനിയുടെ നേതൃത്വത്തിൽ അറുപതോളം പേർ റാലിയിൽ അണിചേർന്നു.

ചേരിയംകൊല്ലി, മരക്കടവ്, കുറുമണി, ഒണ്ടയങ്ങാടി, നടവയൽ, വിളമ്പുകണ്ടം തുടങ്ങിയ ഇടവകകളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ബഹു. വികാരിയച്ചന്മാർക്കും നേതാക്കൾക്കും സിസ്റ്റേഴ്സിനും പ്രത്യേക അഭിനന്ദനങ്ങൾ.

**'ലഹരി നുരയുന്ന കൗമാരം' എല്ലാ കുടുംബങ്ങളിലും**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും പഴൂർ സെന്റ് ആന്റണീസ് യു.പി. സ്കൂളും ചേർന്ന് തയ്യാറാക്കിയ ലഹരി നുരയുന്ന കൗമാരം എന്ന പുസ്തകം എല്ലാ ഭവനങ്ങളിലും എത്തിക്കാനുള്ള കർമ്മപരിപാടി തയ്യാറാക്കുന്നു. ബഹു. വികാരിയച്ചന്മാരും ഹെഡ്മാസ്റ്റർമാരും സന്യസ്തരും ആ സംരംഭത്തിൽ പ്രത്യേകം താത്പര്യം കാണിക്കുമല്ലോ.

**ചുങ്കക്കുന്നിൽ ലഹരി വിരുദ്ധ എക്സിബിഷൻ**

ചുങ്കക്കുന്ന് ഇടവക തിരുന്നാളിനോടനുബന്ധിച്ച് ഫെബ്രുവരി 17, 18, 19 തീയതികളിൽ പാൻമസാല, പുകവലി, മദ്യപാനം എന്നിവയുടെ ദോഷങ്ങൾ ചിത്രീകരിക്കുന്ന എക്സിബിഷനും 'ലഹരി വിരുദ്ധ കൗമാരം' എന്ന പുസ്തകത്തിന്റെ വിതരണവും നടന്നു. ബഹു. തോമസ് ചേറ്റാനിയച്ചനും സമിതി ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**കേരള അക്കാഡമിയിൽ മോചന**

കേരള അക്കാദമി ഓഫ് എഞ്ചിനീയറിംഗ് കൽപ്പറ്റ കോളേജിൽ വെച്ച് മോചന സംഘടിപ്പിച്ചു. മുന്നൂറോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പരിപാടിയിൽ പങ്കെടുത്തു. അക്കാദമി ഡയറക്ടർ ശ്രീ. ജേക്കബ് സാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ശ്രീമതി ഗ്രേസി ജേക്കബ് സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ മോചനയ്ക്ക് നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## ആക്ഷൻ റിസർച്ച്

ജനുവരി 8 മുതൽ 10 വരെ ചെന്നൈ ഡി.എം.ഐ. സെന്ററിൽ നടന്ന ദേശീയ അവലോകന യോഗത്തിൽ ആക്ഷൻ റിസർച്ച് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഒ.പി. അബ്രാഹം, റിസർച്ച് കൺസൾട്ടന്റ് ടി.എ. വർഗ്ഗീസ് എന്നിവർ പങ്കെടുത്തു. യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തു. 2012 മാർച്ച് മാസത്തിൽ ആക്ഷൻ റിസർച്ചിന്റെ സിനോപ്സിസ്, എക്സിക്യൂട്ടീവ് സമ്മറി എന്നിവ തയ്യാറാക്കി ബാംഗ്ലൂരിൽ വെച്ചു നടത്തുന്ന ദേശീയ അവലോകന യോഗത്തിൽ അവതരിപ്പിക്കുവാൻ ധാരണയായി. നെടുംകുന്ന്, പരിയാരം എന്നീ ട്രൈബൽ കോളനികളിൽ രൂപീകരിച്ച ലേബർ മിഷന്റെ പ്രവർത്തനങ്ങളിൽ അംഗങ്ങൾ സംതൃപ്തി രേഖപ്പെടുത്തി.

ജനുവരി 12, 13 തീയതികളിൽ റായ്പൂർ പാസ്റ്ററൽ സെന്ററിൽ കാരിത്താസ് ഇന്ത്യ സംഘടിപ്പിച്ച ആദിവാസി ഭൂമി-പ്രശ്നങ്ങളും സാധ്യതകളും എന്ന ദേശീയ ശില്പശാലയിൽ പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം പങ്കെടുത്തു. ആദിവാസികളുടെ ഭൂമി അധീനപ്പെട്ടുപോകുന്നതിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ദേശീയ തലത്തിൽ ശ്രദ്ധയാകർഷിച്ച ശില്പശാല വമ്പിച്ച ജനപിന്തുണ നേടുകയുണ്ടായി.

## നബാർഡ് നീർത്തട വികസന പദ്ധതി

നബാർഡുമായി സഹകരിച്ച് വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ പുരോഗമിക്കുന്നു. അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി നീർത്തട വികസന പരിപാടികളുടെ പൂർണ്ണനിർവ്വഹണ ഘട്ടം 60% ത്തോളം പൂർത്തീകരിച്ചു. മൺകയ്യാലകളുടെ നിർമ്മാണം, കല്ലുകയ്യാലകളുടെ നിർമ്മാണം, നീർക്കുഴി

കളുടെ നിർമ്മാണം, തൈകളുടെ വിതരണം എന്നിവ ഭൂരിഭാഗവും പൂർത്തീകരിച്ചു. ഇനി ഉപജീവനമാർഗ്ഗങ്ങളിൽ ഉൾപ്പെടുത്തി പശു, ആട്, കോഴി എന്നിവയുടെ വിതരണവും, ജൈവപച്ചക്കറി കൃഷി, മത്സ്യം വളർത്തൽ തുടങ്ങിയവയുമാണ് നടപ്പിലാക്കുവാനുള്ളത്.

നബാർഡ് ബത്തേരി, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടത്തിയ അവലോകന യോഗങ്ങളിൽ WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജനറൽ കോ-ഓഡിനേറ്റർ ജോസ്. പി. എം. എന്നിവർ പങ്കെടുത്തു.

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 200 കുടുംബങ്ങളിൽ നടന്നുവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നു. ഈ മാസം ഒരു മെഡിക്കൽ ക്യാമ്പ്, ഒരു സുരക്ഷ സാക്ഷരത ക്ലാസ്സ്, ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ കഴിഞ്ഞ വർഷം നട്ട 20,000 കാപ്പി തൈകൾക്കും തണൽ നൽകി. കൂടാതെ കോളനികളിൽ കൃഷി ചെയ്തിരുന്ന കിഴങ്ങുവർഗ്ഗങ്ങളുടെ വിളവെടുപ്പ് നടത്തി. 13 സ്ഥലങ്ങളിൽ കൃഷി ചെയ്തിരുന്ന ചേന, ചേമ്പ്, കപ്പ, കാച്ചിൽ എന്നിവയാണ് വിളവെടുത്തത്.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

---

# കേരള ലേബർ മൂവ്മെന്റ്

അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന കേരളാ ലേബർമൂവ്മെന്റിന്റെ മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുന്നു.

**KLM ഡയറക്ടേഴ്സ് മീറ്റിംഗ്**

2012 ഫെബ്രുവരി 8, 9 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ വെച്ച് മാർ ജോസ് പൊരുന്നേടം (ചെയർമാൻ KCBC ലേബർ കമ്മീഷൻ) പിതാവിന്റെ അദ്ധ്യക്ഷതയിൽ വച്ച് നടത്തപ്പെട്ട KLM ഡയറക്ടേഴ്സ് മീറ്റിംഗിൽ രൂപതാ KLM ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ പങ്കെടുക്കുകയും, വരും വർഷത്തേയ്ക്കുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും, രൂപതയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഇടവക സന്ദർശനം**

തൊഴിലാളികളുടെ ക്ഷേമത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് അറിയിക്കുവാനും, കേന്ദ്ര ഗവൺമെന്റിന്റെ സ്വാലംബൻ (സുരക്ഷ) പദ്ധതി വിശദീകരണവുമായുള്ള ഇടവക സന്ദർശനങ്ങൾ കാര്യക്ഷമമായി നടക്കുന്നു.

**സുരക്ഷ പദ്ധതി**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ സ്കീം ആയ സ്വാലംബൻ (സുരക്ഷ) പെൻഷൻ പദ്ധതി ഇടവകകൾ തോറും പുരോഗമിക്കുന്നു. സുരക്ഷാ പദ്ധതി ഇടവകകളിൽ നടപ്പിലാക്കിയ ബഹുമാനപ്പെട്ട വൈദികരേയും, സന്യസ്തരെയും നന്ദിയോടെ സ്മരിക്കുന്നു. സാധാരണ ജനങ്ങളുടെ സാമ്പത്തിക സുസ്ഥിതി ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന സുരക്ഷ പദ്ധതി വിജയകരമായി പൂർത്തിയാക്കുവാൻ എല്ലാ ബഹുമാനപ്പെട്ട വൈദികരും, സന്യസ്തരും ആത്മാർത്ഥമായി ശ്രദ്ധിക്കുമല്ലോ.

**അറിയിപ്പ്**

സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് നൽകുന്ന കേന്ദ്ര ഗവൺമെന്റ് വിഹിതമായ 1000/- രൂപ ലഭ്യമാകുവാൻ സഭാ ജീവനക്കാരെ എത്രയും പെട്ടെന്ന് സുരക്ഷ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**സേവ് എ ഫാമിലി പ്ലാൻ**

2012 ജനുവരി മാസം കല്പറ്റ, മാനന്തവാടി, പുൽപ്പള്ളി ദേലായങ്ങളിലെ ആനിമേറ്റേഴ്സ് ഭവന സന്ദർശനം നടത്തുകയും 2012-13 വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുകയും ഗുണഭോക്താക്കളുടെ കൈപുസ്തകം പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വിവധ സെന്ററുകളിലായി Health Waste Management എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകുകയും അതത് ഇടവക വികാരിയുടെ നേതൃത്വത്തിൽ FAT മീറ്റിംഗുകൾ നടത്തുകയും ചെയ്തു.

ഓരോ കുടുംബങ്ങളുടെയും പുരോഗതി വിലയിരുത്തുകയും, ചെയ്തുവരുന്ന വരുമാനവർദ്ധന പദ്ധതികൾ വിപുലീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.

2012-2013 വർഷത്തെ SAFP കുടുംബാംഗങ്ങളുടെ വാർഷിക സംഗമം 2012 ഫെബ്രുവരി 21 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10.30 ന് നടത്തുവാൻ തീരുമാനിച്ചു.

**FVTRS പദ്ധതി**

FVTRS പദ്ധതിയുടെ ഭാഗമായി നടത്തിവന്ന Textile Printing

and Fabric Painting പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് 27-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**WSSS NABARD UP NRM പദ്ധതി ഉദ്ഘാടനം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന UP NRM പ്രൊജക്ട് സംസ്ഥാന കൃഷി മന്ത്രി കെ.പി. മോഹനൻ ഉദ്ഘാടനം ചെയ്തു. 10,000 കർഷകരിലേക്ക് ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതി വ്യാപിപ്പിക്കുക, ജൈവ ഉല്പന്നങ്ങളുടെ സംസ്കരണത്തിനായി പ്രോസസിംഗ് സെന്റർ സ്ഥാപിക്കുക, ജൈവ ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ്, വിപണനം എന്നിവ കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് UP NRM പ്രൊജക്ട് നടപ്പിലാക്കുന്നത്.

നബാർഡ് ചീഫ് ജനറൽ മാനേജർ അദ്ധ്യക്ഷത വഹിച്ചു. WSSS ന്റെ ജൈവകൃഷി പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാതൃക കർഷകരെ സംസ്ഥാന പട്ടികവർഗ്ഗയുവജന ക്ഷേമവകുപ്പ് മന്ത്രി പി.കെ ജയലക്ഷ്മി ആദരിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. കേരള സോഷ്യൽ ഫോറം എക്സി. ഡയറക്ടർ റവ. ഫാ. റൊമാൻസ് ആന്റണി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അബ്ദുൾ അഷറഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഗ്ലാഡീസ് ചെറിയാൻ, വയനാട് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഉഷാ വിജയൻ, കേരള കാർഷിക സർവ്വകലാശാല അസോസിയേറ്റ് പ്രഫസർ ഡോ. ദേവദാസ്, റീജിണൽ അഗ്രികൾച്ചർ റിസേർച്ച് സ്റ്റേഷൻ ഡയറക്ടർ ഡോ. നാരായണൻകുട്ടി, ശ്രേയസ് എക്സി. ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സണ്ണി ചാലിൽ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ത്രേസ്യ കൊടിയംകുന്നേൽ, ജേക്കബ് സെബാസ്റ്റ്യൻ, നബാർഡ് DDM എൻ. എസ്. സജികുമാർ, റേഡിയോ മാറ്റൊലി ഡയറക്ടർ അഡ്വ. തോമസ് ജോസഫ് തേരകം, WSSS മുൻ ഡയറക്ടർ റവ. ഫാ. ജോർജ്ജ് മൈലാടൂർ, മാർട്ടിൻ ഡി പോറസ് ചർച്ച് വികാരി റവ. ഫാ. തോമസ് ചേലക്കാപ്പള്ളി, മാതൃകാ കർഷകൻ എൽദോ ബേബി, WSSS ഡയറക്ടർ അഡ്വ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ എന്നിവർ സംസാരിച്ചു. ഉദ്ഘാടന പരിപാടിയിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 600 കർഷകർ പങ്കെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
KLM ഡയറക്ടർ

## Mary Matha arts & science college

**Tidings of February, 2012:**

- The *Kala Jadha* of the Kannur University Students' Union was given a warm reception by the College Community. The Student Artists from across the Colleges affiliated to the University enlightened the College Community on the eroding values in contemporary society.
- Ms Sruthimol T.S. NSS Volunteer returned home from the prestigious *Republic Day Parade* in Delhi.
- The College Council met and formed a Cell to prepare Project for the Additional and final Assistance offered by the UGC during the XI Plan.
- Sri Savio James's Article, *Second Language Development:* Study on the Bi-lingual Perspective came published in the Oct-2012 issue of ELT- Voices, Inter National Journal for Teachers of English.
- Sri Krishnakumar from the *Jet King Finishing School* led the Final Year Students on an exposure on the latest *Career Trends, Resume Writing & Interview Skills.*
- The II & IV Semester Results of University Exams held in April-May 2011 are already delivered to the Students. Parents may contact the respective departments in case of clarificatons.
- Two of the Research Scholars in Maths: Sri Remesan Thirumangalath, Associate Professor of S.N. College, Kannur and Ms Beena Koshi, Asst Prof. of Catholicate College, Pathanamthitta have had the Open Defence on their Ph D theses submitted to Kannur University, on 4th and 13th February respectively.
- Gokul MA (III Yr Maths) and Usha George (I Yr Eng) came

third in the Sate Level *Power Quiz* held at Thalasserry.

- Shibin Sebastian of III Yr Commerce represented the Kannur University in the South Zone and All India Chess Championships at VIT Velloor. He had earlier attended the Asian Open Karate Championship in early January.
- Dr Rajeev assisted the neigbouring St Patrick's School in the Conduct of Practical Exams in Chemistry.
- Dr Sudha presented the report of the activities held by the *Bhoomitra Sena* Club in the College, at the State Level Evaluation held at Thiruvananthapuram recently.
- Dr Shaju PP and Dr Prasadan PK, returned home after on Deputation as Course Directors of the Kannur University Depts of Journalism and Zoology respectively.
- 80 of our student-artists will be participating in the Kannur Univeristy Arts Festival scheduled for 22-26 February.

**Dr. Raju George**
Principal

# റേഡിയോ മാറ്റൊലി 90.4 mhz

**കാലാവസ്ഥ വ്യതിയാന സെമിനാർ**

വയനാട്ടിലെ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് Indian Network on Ethics & Climate Change (INECC) കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയും സംയുക്തമായി എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിൽ വെച്ച് ഒരു ഏകദിന സെമിനാർ ജനുവരി 28-ാം തീയതി സംഘടിപ്പിച്ചു. 30 ഓളം അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**റേഡിയോ പ്രോഗ്രാം നിർമ്മാണ പരിശീലനം**

എറണാകുളത്ത് പ്രവർത്തിക്കുന്ന ANMPU മീഡിയ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ത്രിദിന റേഡിയോ പ്രോഗ്രാം നിർമ്മാണ പരിശീലന പരിപാടി ഫെബ്രുവരി 10, 11, 12 തീയതികളിൽ നടത്തി. ANMPU മീഡിയ ട്രസ്റ്റ് ഡയറക്ടർ ശ്രീ. പി. ബാലൻ നേതൃത്വം നൽകി.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

---



# അറിയിപ്പുകൾ

## 1) ജീസസ് മിഷൻ ധ്യാനം

വിൻസെൻഷ്യൻ ദൈവശാസ്ത്ര വിദ്യാർത്ഥികൾ കുട്ടികൾക്കു വേണ്ടി നയിക്കുന്ന 'ജീസസ് മിഷൻ' ധ്യാനം മുൻ വർഷങ്ങളിലെന്ന പോലെ ഈ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെടുന്നതാണ്. ധ്യാനപ്രസംഗങ്ങളോടൊപ്പം ദിവ്യബലി, ആരാധന, ഗാനശുശ്രൂഷ, കൗൺസിലിംഗ്, Role Play, Action songs, Bible Ralley, Video Visual Programme, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളും ധ്യാന

ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇടവകയിലെ കുട്ടികൾക്കായി മൂന്ന് ദിവസത്തെ 'ജീസസ് മിഷൻ' ധ്യാനം നടത്തുവാൻ താൽപര്യം ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

**ജീസസ് മിഷൻ ഡയറക്ടർ**

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ഉടൻ ബന്ധപ്പെടുക:

Director
Jesus Mission, Vincentian Vidyabhavan,
UC College P.O., Alwaye, pin 683102, Ph: 0484 - 2604404

• • • •

## 2. CERTIFICATION COURSE ON COMMUNICATIONS

The CBCI Commission for social Communications in association with 'Nobi Communications' (Nobertine Fathers) is glad to announce one-week course for Priests and religious on **Communications for Pastoral Leadership**. The course will be a blend of theory and practice. Participants are expected to bring laptops.

**Course Outline**

- Spirituality of Social Communications
- Media education
- Basic video production and editing
- Basic animation with power Point
- Effective speaking
- Church and Media: theoretical perspectives
- Audio-visual language
- Media languages: journalism, film and internet
- Image editing in photoshop

Date: 13-19 May 2012, Place: Bangalore, Fee: Rs. 4000/-
Seats Available: 20

**For detailes, please contact:**

Dr. Jose Murickan O.Praem
National coordinator for Formation in Communications
St. Augustine Study House, Kasavanahally, Carmelaram P.O
Bangalore - 560 035, Tel: 080-25920481, (o) 9986724381
E-mail: jmurickan@gmail.com




# Programme

## Pastoral Centre, Dwaraka

**March 2012**

| | |
|---|---|
| 02F | Zion CRC: Night Vigil |
| 03S | Zion CRC: Prayer Day, Christeen Prayer Day; KCYM |
| 04S-07S | Marriage Preparation Course |
| 09F | Jesus Youth: Vigil |
| 10S | Jesus Youth Prayer Day; KCYM |
| 10S-11S | Catechism: HCC Paper Valuation |
| 13T | CMA Executive |
| 14W | Marian Singles |
| 15T-17S | Zion |
| 17S | Cat: HDC |
| 22T | CML: Executive |
| 24S | Cat: HDC |
| 30F-April 2M | Marriage Preparation Course |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *March 2012*

| | | |
|---|---|---|
| *01 Thu* | ............. | *Out of Station* |
| *02 Fri* | ............. | *Out of Station* |
| *03 Sat* | ............. | *Dwaraka : Meeting of Large Families organized by Pro-life Movement* |
| *05 Mon* | ............. | *Visitors' Day* |
| *06 Tue* | .............. | *Engaged* |
| *07 Wed* | ............. | *Vadapuram* |
| *08 Thu 10 Sat* | ... | *Kakkanad, Mount St. Thomas* |
| *11 Sun* | .............. | *Irinjalakuda* |
| *13 Tue* | .............. | *Engaged* |
| *14 Wed* | .............. | *Manimooly : Joint Curia Meeting* |
| *16 Fri* | .............. | *Out of Station* |
| *18 Sun* | .............. | *Pastoral Visit : Amarakuni* |
| *19 Mon* | .............. | *Visitors' Day* |
| *21 Wed* | ............. | *Visitors' Day* |
| *23 Fri* | ............. | *Out of Station* |
| *24 Sat* | ............. | *Thamarassery : Inauguration of the Mission Seminar at Sanathana Major Seminary* |
| *25 Sun* | ............. | *Pastoral Visit : Moolepadam* |
| *27 Tue* | ............. | *Engaged* |

| | | |
|---|---|---|
| *28 Wed* | *............* | *Visitors' Day* |
| *29 Thu* | *............* | *Madampam : Bible Convention* |
| *30 Fri* | *............* | *Out of Station* |
| *31 Sat* | *............* | *Bathery : Anniversary at Nirmal Jyothi* |

## April 2012

| | | |
|---|---|---|
| *01 Sun* | *............* | *Cathedral : Palm Sunday* |
| *02 Mon* | *............* | *Minor Seminary : Minor Orders* |
| *03 Tue* | *............* | *Cathedral : Death Anniversary of Bishop Emmanuel Pothanamuzhy* |
| *04 Wed* | *...........* | *Engaged* |
| *05 Thu* | *...........* | *Cathedral : Maundy Thursday* |
| *06 Fri* | *...........* | *Cathedral : Good Friday* |
| *08 Sun* | *...........* | *Cathedral : Easter* |
| *09 Mon 11 Wed.* | | *Ernakulam* |
| *12 Thu* | *...........* | *Dwaraka : Blessing of the Minor Seminary of Norbertine Fathers* |
| *13 Fri* | *...........* | *Out of Station* |
| *14 Sat* | *...........* | *Dwaraka : Vestition of SABS Novices* |
| *15 Sun* | *...........* | *Manjoora : First Communion and Confirmation* |
| *16 Mon 19 Thu..* | | *Major Seminarians' Gathering* |
| *21 Sat* | *............* | *Deepthi Bhavan : Jubilee of Sisters* |
| *22 Sun* | *............* | *Burliar : Blessing of the Church* |
| *24 Tue* | *............* | *Martin Nagar : Blessing of the Church* |
| *25 Wed* | *............* | *Thonichal : Synaxis at SKD Generalate* |
| *26 Thu* | *............* | *Velloony : Ordination of Deacon Denny Cholapallil* |
| *27 Fri* | *............* | *Out of Station* |
| *28 Sat* | *............* | *Dwaraka : Vestition of SH Novices* |
| *29 Sun* | *............* | *Bathery : Bible Convention* |
| *30 Mon* | *............* | *Engaged* |